# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.
Printed on 29th of every month.

**വാല്യം 04** **മേയ്-2012** **ലക്കം 5**

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


മേയ്ദിന സന്ദേശം .................................................. 03
MAY DAY MESSAGE – 2012 .............................. 14
ബൈബിൾ ഞായർ .................................................. 19
അത്മായ പ്രേഷിതത്വം .............................................. 26
പച്ചയായ പുൽതകിടിയിലേയ്ക്ക് .................................. 29
രൂപതാകച്ചേരി വാർത്തകൾ ........................................ 33
പ്രേഷിതവർഷം .......................................................... 38
മേജർ സെമിനാരിക്കാരുടെ വർക്ക് ക്യാമ്പ് ............... 40
മതബോധനരംഗം ...................................................... 42
ബൈബിൾ അപ്പോസ്റ്റലേറ്റ് ........................................ 63
ചെറുപുഷ്പമിഷൻലീഗ് .............................................. 67
കെ. സി. വൈ. എം. ................................................. 72
കുടുംബപ്രേഷിതത്വം ................................................ 76
സിയോൻ വാർത്തകൾ .............................................. 80
& ...................................... 81
ജയിൽ മിനിസ്ട്രി ...................................................... 82
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................ 83
കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ......................... 85
സാമൂഹ്യ സേവനരംഗം (WSSS)................................ 87
അറിയിപ്പുകൾ .......................................................... 91
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ................................ 99
ബിഷപ്സ് പ്രോഗ്രാം ................................................ 100



## കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്ന

# മേയ്ദിന സന്ദേശം - 2012

കർത്താവിനാൽ സ്നേഹിക്കപ്പെട്ട സഹോദരീ സഹോദരന്മാരേ,

1. അന്തർദേശീയ തൊഴിലാളി ദിനത്തിന്റെ എല്ലാവിധ മംഗളാശംസകളും നമ്മുടെ നാഥനും രക്ഷകനുമായ യേശുക്രിസ്തുവിന്റെ നാമത്തിൽ നേരുന്നു. ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ പങ്കുചേർന്നുകൊണ്ടിരിക്കുന്ന എല്ലാ തൊഴിലാളികൾക്കും തൊഴിലാളി മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥ്യം വഴി ധാരാളം അനുഗ്രഹങ്ങൾ ലഭിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

2. 2012 ഒക്ടോബർ മാസത്തിൽ റോമിൽ നടക്കുന്ന മെത്രാൻ സിനഡിന്റെ മുന്നോടിയായി ആഗോളസഭ നവസുവിശേഷവല്കരണത്തെക്കുറിച്ച് ഗൗരവത്തിൽ ചർച്ചകൾ നടത്തുന്ന അവസരമാണിത്. സിനഡിന്റെ പഠന വിഷയത്തെ സംബന്ധിച്ച് ഒരു മാർഗരേഖ വത്തിക്കാൻ കാര്യാലയം പ്രസിദ്ധീകരിച്ചിട്ടുണ്ട്. “ഇന്നു സുവിശേഷം പ്രഘോഷിക്കുകയും അതനുസരിച്ച് ജീവിക്കുകയും ചെയ്യുന്നതിന് സഭയ്ക്കുള്ള വിളിയിൽ, മാറിവരുന്ന സാഹചര്യങ്ങളോടും അവസ്ഥകളോടും പ്രത്യുത്തരിക്കാൻ പുതിയ വഴികൾ വെട്ടിത്തുറക്കാനുള്ള ധീരതയായിട്ടാണ് നവസുവിശേഷവല്കരണത്തെ” അതിൽ വിവരിക്കുന്നത് (മാർഗരേഖ 5). നവസുവിശേഷവല്കരണത്തെ സംബന്ധിച്ച് കുറച്ചുകൂടി വിശദീകരണം അടുത്ത ഖണ്ഡികയിൽ നൽകുന്നുണ്ട്. “നവസുവിശേഷവല്കരണം ഒരു മാനസിക ഘടനയാണ്. മനുഷ്യചരിത്രത്തിലെ പുതിയ സാഹചര്യങ്ങളെ എങ്ങനെ വായിച്ചറിയുകയും വ്യാഖ്യാനിക്കുകയും ചെയ്യണമെന്ന് അറിയുന്നതിനുള്ള ക്രിസ്തുമതത്തിന്റെ കഴിവാണത്'' (മാർഗരേഖ 6). ഈ ഖണ്ഡികയിൽ തന്നെ നവസുവിശേഷവൽക്കരണം നടത്തേണ്ട പ്രധാനപ്പെട്ട മേഖലകളെ കുറിച്ചു വിവരിക്കുന്നുണ്ട്. ഭൗതീകതയിൽ മുങ്ങിത്താഴുന്ന സംസ്കാരം, ദരിദ്രരെ

പരിഗണിക്കാത്ത മാധ്യമങ്ങൾ, സമ്പത്തിന്റെ കേന്ദ്രീകരണം, തുടങ്ങിയ ചില പ്രശ്നങ്ങൾ മാർഗരേഖ ചൂണ്ടിക്കാണിക്കുന്നുണ്ട്. നവസുവിശേഷവൽക്കരണ പ്രവർത്തനങ്ങൾ നടത്തേണ്ട വളരെ പ്രധാനപ്പെട്ട മേഖലയാണ് തൊഴിൽ രംഗം.

3. നമ്മുടെ രാജ്യത്തെ തൊഴിൽ മണ്ഡലത്തിൽ നവസുവിശേഷ വൽകരണത്തിന്റെ മൂല്യങ്ങൾ ഉൾച്ചേർക്കേണ്ടത് അടിയന്തിരമായ കാര്യമാകുന്നു. നാം എല്ലാവിധ തൊഴിലിന്റെയും അന്തസ്സുയർത്തിപിടിക്കണം. ഉല്പാദനപരമായ ജോലിയും അന്തസ്സുള്ള തൊഴിലും മെച്ചപ്പെട്ട ആഗോളീകരണത്തിന് അനിവാര്യമായ ഘടകങ്ങളാണെന്നാണ് അന്തർദ്ദേശീയ തൊഴിൽ സംഘടന വിശദീകരിക്കുന്നത്. അന്തസ്സുള്ള തൊഴിലിനുവേണ്ട നാല് ഘടകങ്ങളെക്കുറിച്ചും ഐ.എൽ.ഒ. വിവരിക്കുന്നുണ്ട്. കൂടുതൽ തൊഴിലുണ്ടാകൽ, എല്ലാ മേഖലയിലും തൊഴിലവകാശങ്ങൾ സാധിച്ചുകിട്ടൽ, എല്ലാ തൊഴിലാളികൾക്കും സാമൂഹിക സുരക്ഷാപദ്ധതികൾ ലഭ്യമാക്കൽ, തൊഴിലാളികളെ പൊതു സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കൽ എന്നിവയാണവ. ഇക്കാര്യങ്ങൾ നമ്മുടെ രാജ്യത്തെ തൊഴിൽ മണ്ഡലത്തിൽ പ്രാവർത്തികമാക്കാനുള്ള ശ്രമങ്ങളെ നവസുവിശേഷവല്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി കാണേണ്ടിയിരിക്കുന്നു.

4. 2011-12 സാമ്പത്തിക വർഷത്തിലെ ഇന്ത്യയുടെ വളർച്ചാനിരക്ക് 6.9 ശതമാനമായിട്ടാണ് കണക്കാക്കിയിരിക്കുന്നത്. 9 ശതമാനം വളർച്ചാ നിരക്കാണ് പ്രതീക്ഷിച്ചിരുന്നതെങ്കിലും വളരെ താഴെപോയിരിക്കുകയാണ്. പതിവുപോലെ സാമ്പത്തിക മുരടിപ്പിന്റെ പ്രത്യാഘാതം താങ്ങേണ്ടിവന്നിരിക്കുന്നത് നമ്മുടെ രാജ്യത്തെ അസംഘടിത തൊഴിലാളികൾക്കാണ്. നിയമപരിരക്ഷ, തൊഴിൽ സുരക്ഷ, സാമൂഹിക സുരക്ഷ എന്നീ സംരക്ഷണങ്ങൾ ഇല്ലാത്ത തൊഴിലാളികളെയാണ് അസംഘടിത തൊഴിലാളികൾ എന്നു വിളിക്കുന്നത്. അഞ്ചേക്കർ കൃഷിഭൂമി വരെയുള്ള കർഷകരെ അസംഘടിത തൊഴിലാളി വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇന്ത്യയിൽ 46.9 കോടി തൊഴിലാളികൾ ഉണ്ടെന്നാണ് 66-ാമത് ദേശീയ സാമ്പിൾ സർവ്വെ കണക്കുകൾ സൂചിപ്പിക്കുന്നത്. ഇവരിൽ 94 ശതമാനം പേരും; അതായത് 44 കോടി പേരും; അസംഘടിത തൊഴിലാളികളാണ്. കാർഷികവിളകളുടെ വിലക്കുറവ്, കൂലികുറവ്, തൊഴിലില്ലായ്മ, നിത്യോപയോഗ വസ്തുക്കളുടെ വിലക്കയറ്റം എന്നിവമൂലം അനേകംപേർ കടുത്ത ദാരിദ്ര്യത്തിലേക്ക് പതിക്കുകയാണ്. ഈയിടെ കേന്ദ്രസർക്കാർ പുറത്തിറക്കിയ ശിശുക്കളെ സംബന്ധിച്ച റിപ്പോർട്ട് ഗ്രാമങ്ങളെ ബാധിച്ചിട്ടുള്ള ദാരിദ്ര്യത്തി

ന്റെയും പട്ടിണിയുടെയും ഉത്തമ ഉദാഹരണമാണ്. നമ്മുടെ രാജ്യത്തിലെ 44 ശതമാനം കുട്ടികളും പോഷകാഹാര കുറവുമൂലം ആവശ്യത്തിന് തൂക്കമില്ലാത്തവരാണെന്നാണ് ഈ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ളത്. ഇത്തരം പാർശ്വവല്കരണം കഠിനമാകുന്നതോടൊപ്പം മറുവശത്ത് സമ്പത്തിന്റെ കേന്ദ്രീകരണവും ശക്തമാകുന്നുവെന്നാണ് സ്ഥിതി വിവരക്കണക്കുകൾ വെളിവാക്കുന്നത്. രാജ്യത്തുണ്ടാകുന്ന വളർച്ചയും വികസനവും എല്ലാവർക്കുമായി വിതരണം ചെയ്യപ്പെടുന്നില്ല.

5. അസംഘടിത തൊഴിലാളികളുടെ വളർച്ചയ്ക്കും വികസനത്തിനും സാമൂഹിക സുരക്ഷയ്ക്കുംവേണ്ടി ഫലപ്രദമായ പദ്ധതികൾ സർക്കാരുകൾ ആവിഷ്കരിക്കുന്നില്ലായെന്ന ആക്ഷേപം വ്യാപകമായിട്ടുണ്ട്. 2008-ലെ അസംഘടിത തൊഴിലാളി സാമൂഹിക സുരക്ഷാ നിയമം കാര്യക്ഷമമായി ആർജ്ജവത്തോടെ നടപ്പിലാക്കാനുള്ള കർമ്മ പദ്ധതി ഇനിയും തയ്യാറായിട്ടില്ല. ഇതിനായി വേണ്ടത്ര വകയിരുത്തലുകൾ ബജറ്റുകളിൽ കണ്ടുവരുന്നില്ല. മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, രാഷ്ട്രീയ സ്വാസ്ഥ്യാ ബീമായോജനയെന്ന വൈദ്യ സഹായ പദ്ധതി, സ്വാവലംബൻ എന്ന പെൻഷൻ പദ്ധതി എന്നീ നാമമാത്ര സാമൂഹികക്ഷേമ സുരക്ഷാ പദ്ധതികൾ സർക്കാർ രൂപീകരിച്ചിട്ടുണ്ടെങ്കിലും വേണ്ടത്ര ഫണ്ടിന്റെ അപര്യാപ്തത, നടത്തിപ്പിലെ കെടുകാര്യസ്ഥത, കാര്യക്ഷമതാകുറവ് എന്നിവമൂലം ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാനാകുന്നില്ല.

6. നടപ്പു സാമ്പത്തിക വർഷത്തിൽ 9 ശതമാനം വളർച്ചാനിരക്കു കൈവരിക്കാൻ കേരളത്തിനായിട്ടുണ്ടെന്നത് അഭിനന്ദനാർഹമാണ്. സേവന മേഖലയിൽ നിന്നാണ് സംസ്ഥാന ആഭ്യന്തരോല്പാദനത്തിന്റെ 69 ശതമാനവും ലഭിക്കുന്നതെന്നാണ് ഈ വർഷത്തെ സാമ്പത്തിക റിപ്പോർട്ടിൽ കാണാൻ കഴിയുന്നത്. കൃഷി, മത്സ്യബന്ധനമുൾപ്പെടെയുള്ള പ്രാഥമിക മേഖലയുടേത് 11 ശതമാനമായി കുറഞ്ഞിരിക്കുന്നു. വ്യവസായമേഖലയുടെ വിഹിതം 20 ശതമാനമാണ്. മനുഷ്യ വികസന സൂചികയിൽ കേരളം ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ ഒന്നാം സ്ഥാനത്ത് തന്നെയാണ് നിലനിൽക്കുന്നത്.

7. കേരളത്തിന്റെ തൊഴിൽ രംഗത്ത് പ്രത്യേകിച്ച് അസംഘടിത തൊഴിലാളി സമൂഹത്തിൽ അശാന്തിയുടെ കാർമേഘങ്ങൾ ശക്തമായി വ്യാപിക്കുകയാണ്. കേരളത്തിലെ തൊഴിലാളി സമൂഹത്തിലെ 30 ശതമാനത്തോളം പേർ കാർഷിക-മത്സ്യബന്ധന മേഖലകളിലാണ് നിത്യവൃത്തി തേടുന്നത്. വരുമാനത്തിന്റെ വലിയ തോതിലുള്ള കുറവ്, ഉല്പന്നങ്ങളുടെ വിലത്തകർച്ച, കടക്കെണി എന്നിവയിൽപെട്ട് പ്രാഥമിക

മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾ വലിയ പ്രതിസന്ധിയിലാണ്. പ്രാഥമിക മേഖലയിലെ ഏറ്റവും കൂടുതൽ ബുദ്ധിമുട്ട് അനുഭവിക്കുന്നവരിൽ മുൻപന്തിയിലാണ് മത്സ്യത്തൊഴിലാളികൾ. ഈയിടെ വിദേശകപ്പലിൽ നിന്നുണ്ടായ വെടിവയ്പ്, കപ്പലിടിച്ചുണ്ടായ അപകടം എന്നിവ മൂലം ഇവർക്കു ആത്മവിശ്വാസത്തോടെ തൊഴിൽ ചെയ്യാൻ പോലും പറ്റാത്ത സാഹചര്യമാണു നിലവിലുള്ളത്.

8. അഭൂതപൂർവ്വമായ വേഗതയിലാണ് കേരളത്തിലെ സേവന മേഖല വളർന്നുകൊണ്ടിരിക്കുന്നത്. സംസ്ഥാനത്തിന്റെ ആഭ്യന്തരോല്പാദനത്തിൽ 1960-ൽ സേവനമേഖലയുടെ വിഹിതം 29 ശതമാനമായിരുന്നത് അര നൂറ്റാണ്ടുകൊണ്ട് 69 ശതമാനമായിട്ടാണ് വർദ്ധിച്ചിരിക്കുന്നത്. സേവനമേഖലയിൽ ധാരാളം തൊഴിലവസരങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ അതുപോലെതന്നെ ഈ മേഖലയിലെ തൊഴിലാളി ചൂഷണവും വർദ്ധിച്ചിരിക്കുന്നു. ഈ മേഖലയിലെ അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനായി ദേശീയ ട്രേഡ് യൂണിയനുകൾ നാളിതുവരെ വലിയ താത്പര്യമെടുത്തിട്ടുള്ളതായി കാണുന്നില്ല. ഈ മേഖലയിൽ വളരെ പരിമിതമായി മാത്രം നിലവിലുള്ള തൊഴിൽ നിയമങ്ങൾ, സാമൂഹിക സുരക്ഷാ സംവിധാനങ്ങൾ എന്നിവ പോലും കാര്യക്ഷമമായി നടപ്പിലാക്കപ്പെടുന്നില്ലായെന്നതാണ് വസ്തുത. പീടികത്തൊഴിലാളികൾ, സെയിൽസ് ഗേൾസ്, സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർ ഉൾപ്പെടെയുള്ള ജീവനക്കാർ, അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർ, പത്രമാദ്ധ്യമങ്ങളിലെ പ്രാദേശിക ലേഖകന്മാർ, സെക്യൂരിറ്റി ജീവനക്കാർ, ഗാർഹികത്തൊഴിലാളികൾ, തുടങ്ങിയ സേവനമേഖലയിലെ നിരവധി വിഭാഗം തൊഴിലാളികൾ നീതി നിഷേധത്തിന് പാത്രീഭൂതരാകുന്നുണ്ട്. ഇവരിൽത്തന്നെ സ്ത്രീത്തൊഴിലാളികളാണ് കൂടുതൽ വിവേചനത്തിന് വിധേയരാകുന്നത്. വളരെ കുറഞ്ഞ കൂലി, കൂടുതൽ ജോലി സമയം, വിശ്രമമില്ലാത്ത ജോലി, കടുത്ത മാനസിക സമ്മർദ്ദം, രോഗാവസ്ഥയിൽപോലും അവധി ലഭിക്കാതിരിക്കൽ, നിസ്സാരമായ കാര്യങ്ങളിൽ പിരിച്ചുവിടൽ ഉൾപ്പെടെയുള്ള ശിക്ഷണനടപടികൾ തുടങ്ങിയവയെല്ലാം ഈ രംഗത്തെ തൊഴിലാളികൾ അനുഭവിക്കുന്ന പ്രശ്നങ്ങളാണ്. സ്വകാര്യ ആശുപത്രികൾ, അൺ എയ്ഡഡ് സ്കൂളുകൾ എന്നിവ പോലെയുള്ള ചില മേഖലകളിൽ മിനിമം കൂലി, എട്ടു മണിക്കൂർ ജോലി, ഇ.എസ്.ഐ, പ്രോവിഡന്റ് ഫണ്ട് തുടങ്ങിയ നിയമാനുസൃതമായ തൊഴിലവകാശങ്ങൾപോലും നിഷേധിക്കപ്പെടുന്നത് വർദ്ധിച്ചുവരുന്നു. ചില സ്ഥലങ്ങളിൽ അടിമ ജോലിക്കു തുല്യമായ ബോണ്ടുകളുടെ കെണിയിലും നഴ്സുമാർ കുടുങ്ങാറുണ്ട്.

ഏതായാലും കേരളത്തിലെ നഴ്സിംങ് രംഗത്തു ഈയിടെ ഉണ്ടായിട്ടുള്ള സമരപരിപാടികൾ ഈ രംഗത്ത് വരാൻപോകുന്ന മാറ്റത്തിന്റെ നാന്ദിയാണ്. ഒത്തൊരുമയുടെ ഫലമായി തങ്ങൾ അനുഭവിക്കുന്ന നീതി നിഷേധവും വിവേചനവും പൊതുസമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാനും കുറച്ചെങ്കിലും പരിഹാരം ഉണ്ടാക്കാനും നേഴ്സുമാർക്ക് സാധിക്കുന്നുണ്ട്. ഈ അനുഭവം ദേശീയ ട്രേഡ് യൂണിയനുകൾക്ക് വലിയ വെല്ലുവിളിയാണ് ഉയർത്തിയിരിക്കുന്നത്. ട്രേഡ് യൂണിയനുകളും സാമൂഹിക സന്നദ്ധ സംഘടനകളും ഈ മേഖലയിൽ ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നു.

9. കേരളത്തിലെ ആതുരസേവനരംഗത്ത് സമഗ്രമായ ഒരു മാറ്റത്തിനുള്ള സമയം അതിക്രമിച്ചിരിക്കുന്നു എന്നത് തർക്കമറ്റ സംഗതിയാണ്. ഇതിനായി സർക്കാരിന്റെ ഭാഗത്തുനിന്നും ഫലപ്രദവും കാര്യക്ഷമവുമായ നീക്കങ്ങൾ അടിയന്തിരമായി ഉണ്ടാകണം. സർക്കാർമേഖലയിലെ സ്ഥാപനങ്ങളേക്കാളും വളരെയേറെപ്പേരെ ചികിത്സിയ്ക്കുന്ന സ്വകാര്യസ്ഥാപനങ്ങളുടെ ശരിയായ നടത്തിപ്പിനും അവിടെ ജോലി ചെയ്യുന്നവർക്ക് ന്യായമായ വേതനം ലഭിക്കുന്നതിനും വേണ്ടിയുള്ള നീക്കങ്ങളാണ് നടത്തേണ്ടത്. സമരംചെയ്യുമ്പോൾമാത്രം ഇടപെടുകയും പ്രായോഗികതയെപ്പറ്റി യാതൊരു ധാരണയോ ബന്ധപ്പെട്ടവരുടെ എല്ലാവരുടേയും സഹകരണമോ ഇല്ലാതെയും നിയമങ്ങൾ നിർമ്മിക്കുകയും ചെയ്യുന്ന സർക്കാർശൈലിയാണ് ഈ രംഗത്തെ ഏറെ വഷളാക്കുന്നത് എന്ന് പറയാതെ നിവൃത്തിയില്ല. അതിനാൽ അവ പരാജയപ്പെടാനാണ് ഏറെ സാദ്ധ്യത. സ്ഥാപനങ്ങൾ നടത്തുന്നവരുടേയും അവിടെ ജോലിചെയ്യുന്നവരുടേയും സർക്കാരിന്റേയും പ്രതിനിധികൾ ഉൾക്കൊള്ളുന്ന ഒരു സ്ഥിരം സംവിധാനം എത്രയുംവേഗം ഉണ്ടാക്കുകയും ആതുരശുശ്രൂഷാമേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുകയും വേണം. ഈ നാട്ടിലെ ജനങ്ങളുടെ ജീവനെ ബാധിക്കുന്ന ഈ പ്രശ്നത്തിലുണ്ടാകുന്ന ഏതൊരു അനാസ്ഥയും അതീവ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും. ഇൻഷൂറൻസ്, ടെലികോം മേഖലകൾക്ക് ഉള്ളതുപോലെ ഒരു ഹോസ്പിറ്റൽ റെഗുലേറ്ററി അഥോറിറ്റി രൂപീകരിച്ച് ഈ മേഖലയെ ക്രമീകരിക്കാവുന്നതേയുള്ളൂ. അതിനുള്ള നിയമനിർമ്മാണവും ഉടനെ ഉണ്ടാകണം.

10. സ്വകാര്യ ആതുരശുശ്രൂഷാലയങ്ങൾ ചെയ്യുന്ന സേവനത്തെ ഇല്ലാതാക്കാനോ മറികടക്കാനോ ഉടനെയെങ്ങും സർക്കാരിന് കഴിയുമെന്നു തോന്നുന്നില്ല. അത് യാഥാർത്ഥ്യബോധത്തിന് നിരക്കുന്നതും ആയിരിക്കുകയില്ല. കാരണം എണ്ണത്തിലും ഗുണമേന്മയിലും

സർക്കാർ സ്ഥാപനങ്ങളേക്കാൾ വളരെ നല്ല നിലയിലാണ് സ്വകാര്യ മേഖലയിലെ പലസ്ഥാപനങ്ങളും. എന്നാൽ അതിന് ആനുപാതിക മായി സർക്കാരിന്റെ ഭാഗത്തുനിന്നും അവർക്ക് ശ്രദ്ധകിട്ടുന്നില്ല എന്നതും വസ്തുതയാണ്. പലപ്പോഴും അവർ സർക്കാർ ഉദ്യോഗസ്ഥ രുടെ അഴിമതിക്ക് ഇരകളാകുന്നുണ്ട്. സ്വകാര്യവ്യക്തികൾ പണംമു ടക്കി ആശുപത്രികൾ നടത്തുന്നതും അവിടെ ഡോക്ടർമാർ അടക്കമു ള്ളവർ ജോലിചെയ്യുന്നതും അവർക്ക് ജീവിക്കാൻവേണ്ടിയുള്ള പണം സമ്പാദിക്കാനാണ് എന്ന വസ്തുത മറച്ചുവച്ചിട്ട് കാര്യമില്ല. ഒരുപക്ഷേ സന്നദ്ധസംഘടനകൾ നടത്തുന്ന ആശുപത്രികൾ അപവാദമായിരി ക്കാം. ആശുപത്രികളെ ഷോപ്പ്സ് ആൻഡ് എസ്റ്റാബ്ലിഷ്മെന്റ് ആക്ടിൽ പെടുത്തിയിട്ടുള്ളത് തന്നെ അവയ്ക്ക് ലാഭമുണ്ടാക്കാൻ അവകാശമുണ്ട് എന്നതിന്റെ സൂചനയാണല്ലോ. മാത്രമല്ല എല്ലാചെലവുകളും കഴിഞ്ഞ് ന്യായമായ ഒരു തുക മിച്ചം വന്നെങ്കിലേ സ്ഥാപനത്തിന്റെ വികസനം സാദ്ധ്യമാകുകയുള്ളു.

11. സ്ഥാപനങ്ങൾ പരാധീനതകൾ അനുഭവിക്കുമ്പോഴും അവിടെ ജോലിചെയ്യുന്നവരോട് ചെയ്യുന്ന അനീതികൾ യാതൊരു കാരണവശാലും ന്യായീകരിക്കാൻ സാദ്ധ്യമല്ല. കത്തോലിക്കാസ്ഥാ പനങ്ങളിൽ ഇത് ഏറെ പ്രസക്തമാണ്. കാരണം അവ പ്രവർത്തിക്കേ ണ്ടത് കത്തോലിക്കാ പ്രബോധനമനുസരിച്ചാണ്. ജോലിക്കാർക്ക് ന്യായമായ വേതനം കൊടുക്കണമെന്നും എന്താണ് ന്യായമായ വേതനം എന്നും വളരെ വ്യക്തമായി സഭയുടെ പ്രബോധനങ്ങളിലു ണ്ട്. ലക്ഷ്യം മാത്രമല്ല മാർഗ്ഗവും നല്ലതാകണമല്ലോ.

12. ആതുരശുശ്രൂഷാസ്ഥാപനങ്ങളിൽ ഏറ്റവും അധികം പരാ ധീനതകൾ അനുഭവിക്കുന്ന ഒരു വിഭാഗമാണ് നേഴ്സുമാർ. അതിന്റെ പ്രതിധ്വനികളാണ് അടുത്ത ഏതാനും മാസങ്ങളായി കേരളത്തിൽ അല യടിച്ചുകൊണ്ടിരിക്കുന്നത്. മനുഷ്യജീവനെ സംരക്ഷിക്കുക എന്ന പ്രക്രി യയിൽ ഏർപ്പെട്ടിരിക്കുന്ന നേഴ്സുമാരുടെ ജീവിതവും സംരക്ഷിക്ക പ്പെടണമല്ലോ. കേരളത്തിലെ സ്വകാര്യആശുപത്രികളിൽ ജോലിചെ യ്യുന്ന നേഴ്സുമാരുടേയും ഡോക്ടർമാരുടേയും ശമ്പളത്തിൽ വലിയ അന്തരമുണ്ടെന്നത് പലർക്കും അജ്ഞാതമാണ്. ഡോക്ടർമാർക്ക് വലിയ ശമ്പളം കൊടുക്കാൻവേണ്ടി നേഴ്സുമാരുടേത് കുറയ്ക്കുക യാണ് ചെയ്യുന്നത്. കാരണം വളരെ ലളിതമാണ്. പഠിച്ചിറങ്ങുന്ന നേഴ്സുമാരുടെ എണ്ണം ഇവിടെ ആവശ്യമുള്ളതിലും വളരെയേറെയാ ണ്. എന്നാൽ ഡോക്ടർമാരുടേത് കുറവും. ആവശ്യം വർദ്ധിക്കുമ്പോൾ വിലകൂടും എന്ന ലളിതതത്വമാണ് ഇവിടെ പ്രവർത്തിക്കുന്നത്.

പഠിക്കാൻവേണ്ടി ചെലവാകുന്ന തുകയ്ക്ക് ആനുപാതികമായ ശമ്പളംപോലും നേഴ്സുമാർക്ക് കിട്ടുന്നില്ല. എന്നാൽ ഡോക്ടർമാർക്കാകട്ടെ നേരെ മറിച്ചുമാണ്. സ്വകാര്യസ്ഥാപനങ്ങളിലെ ഡോക്ടർമാർ എന്തുകൊണ്ട് ഇങ്ങനെ ഉയർന്ന ശമ്പളം ആവശ്യപ്പെടുന്നു? അവർ തങ്ങളെ താരതമ്യം ചെയ്യുന്നത് സർക്കാർസ്ഥാപനങ്ങളിലെ ഡോക്ടർമാരുമായിട്ടാണ്. സർക്കാർ ഡോക്ടർമാർ സ്വകാര്യപ്രാക്റ്റീസ് നടത്തി ധാരാളം പണം സമ്പാദിക്കുന്നു. ഇത് സ്വകാര്യആശുപത്രികൾ സമ്മതിക്കാറില്ല. അപ്പോൾ അവിടെയുള്ള ഡോക്ടർമാർ കൂടുതൽ ശമ്പളം ആവശ്യപ്പെടും. എങ്ങിനെയും സ്ഥാപനം നിലനിർത്താൻ തത്രപ്പെടുന്ന സ്ഥാപനഉടമകൾ ഡോക്ടർമാർ ചോദിക്കുന്ന ശമ്പളം കൊടുക്കാൻ നിർബന്ധിതരാകുന്നു. മറ്റ് സ്ഥാപനങ്ങൾ കൂടുതൽ വാഗ്ദാനംചെയ്ത് അവരെ ആകർഷിക്കുമ്പോൾ വീണ്ടും കൂടുതൽകൊടുത്ത് അവരെ നിലനിർത്തേണ്ടിയും വരുന്നു. ഗ്രാമങ്ങളിൽ ഈ പ്രവണത വളരെ കൂടുതലാണ്. കാരണം അവിടെ ജോലി ചെയ്യാൻ പലരും വിമുഖരാണ്.

13. തങ്ങൾക്ക് കിട്ടുന്ന ശമ്പളം മുഴുവൻ കണക്കിൽപെടുത്താൻ സമ്മതിക്കാത്ത ഡോക്ടർമാരും ഉണ്ട്. കാരണം അവർ ആദായനികുതി കൊടുക്കേണ്ടിവരും. അതുകൊണ്ട് അവരുടെ സേവനം അത്യാവശ്യമായിട്ടുള്ള സ്ഥാപനങ്ങൾ അവർക്ക് കൊടുക്കുന്ന പണം മുഴുവൻ കണക്കിൽകാണിക്കാതിരിക്കാനും നിർബന്ധിക്കപ്പെടുന്നു. അപ്പോൾ അവർക്ക് കൊടുക്കാൻ വേണ്ടി കണക്കിൽപെടാതെയുള്ള പണം ഉണ്ടായേ മതിയാകൂ. അതായത് സ്ഥാപനങ്ങൾ കള്ളപ്പണം ഉണ്ടാക്കാനും നിർബന്ധിതരാകുന്നു. അന്യസംസ്ഥാനങ്ങളിൽനിന്ന് പഠിച്ചിറങ്ങുന്ന നേഴ്സുമാരെ സംബന്ധിച്ച് അവർക്ക് അവരുടെ ജോലിയിൽ പ്രാവീണ്യമില്ല എന്ന പരാതി നിലനിൽക്കുന്നുണ്ട്. അതിൽകുറെയെല്ലാം സത്യവുമാണ്. ഈ രംഗത്ത് അന്യസംസ്ഥാനങ്ങളിൽ നിലനിൽക്കുന്ന അഴിമതി മനസ്സിലാക്കിയാൽ ഇക്കാര്യം വ്യക്തമാകുന്നതാണ്. അങ്ങനെയുള്ള നേഴ്സുമാരെ നിയമിക്കാൻ പലരും വിമുഖത കാണിക്കുകയും നിയമിച്ചാൽ തന്നെ പരീക്ഷണസമയത്തിന് ശേഷം മാത്രം സ്ഥിരപ്പെടുത്തുകയും ചെയ്യുക എന്ന രീതിയും അത്യാവശ്യമാണെന്ന് അവർ പറയുന്നു. കാരണം രോഗികൾക്ക് അപകടം സംഭവിച്ചാൽ ഉത്തരവാദിത്വം സ്ഥാപനത്തിനാണല്ലോ. കൂടെക്കൂടെ മെച്ചപ്പെട്ട സ്ഥാപനങ്ങൾ തേടിപ്പോകുന്ന പ്രവണതയും ഈ മേഖലയിൽ ഉണ്ടെന്നും അങ്ങനെയുള്ള മാറ്റങ്ങൾ സ്ഥാപനത്തിന്റെ നിലനിൽപ്പിനെ തന്നെ ബാധിക്കുന്നു എന്നും പറയപ്പെടുന്നു. സർക്കാർ ഇങ്ങനെയുള്ള ദുഷ്പ്രവണതകൾക്ക് തടയിടാൻ പര്യാപ്തമായ രീതിയിൽ സംവിധാ

നങ്ങൾ ഒരുക്കിയെങ്കിൽമാത്രമേ ഇന്ന് കേരളത്തിൽ സംജാതമായിരിക്കുന്ന സംഘർഷങ്ങൾ ഇല്ലാതാക്കാനും ഇവിടുത്തെ സ്വകാര്യആതുരശുശ്രൂഷാരംഗത്തെ നല്ലനിലയിൽ കൊണ്ടുവരാനും കഴിയുകയുള്ളൂ.

14. സഭയുടെ പ്രഥമ സാമൂഹിക പ്രബോധനമായ റേരും നൊവാരും 1891 ലായിരുന്നു ലിയോ പതിമൂന്നാമൻ മാർപാപ്പ പുറത്തിറക്കിയത്. തൊഴിലാളികളുടെ ജീവിതാവസ്ഥകളുമായി ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് തൊഴിലാളികളുടെ സമഗ്ര വളർച്ചയ്ക്കായുള്ള വഴിത്താര വെട്ടിത്തെളിക്കുകയായിരുന്നു 'റേരും നൊവാരു'മിലൂടെ പാപ്പ ചെയ്തത്. ഇപ്പോഴത്തെ മാർപാപ്പ ബെനഡിക്ട് പതിനാറാമൻ പ്രസിദ്ധീകരിച്ച 'സത്യത്തിൽ സ്നേഹം' എന്ന സാമൂഹിക ചാക്രീക ലേഖനമുൾപ്പെടെയുള്ള എല്ലാ സാമൂഹിക പ്രബോധനങ്ങളിലൂടെയും തിരുസ്സഭ തൊഴിലാളികൾക്കൊപ്പം പക്ഷം ചേരുന്നുണ്ട്. ദൈവത്തിന്റെ മക്കളെന്ന നിലയിൽ അന്തസ്സോടെ തൊഴിലാളികൾക്കും ജീവിക്കാനുതകുന്ന സാമൂഹിക സാഹചര്യങ്ങൾ രൂപപ്പെടുത്താനുള്ള ആഹ്വാനങ്ങളാണ് തിരുസഭ നിരന്തരം നടത്തിപ്പോരുന്നത്.

15. തൊഴിലാളികൾക്ക് നൽകേണ്ട നീതിനിഷ്ഠമായ കൂലിയെ സംബന്ധിച്ച് വിശുദ്ധ ഗ്രന്ഥം മുതൽ (നിയമ 24, 14,15; മത്താ 20,1,16) സഭയുടെ എല്ലാ സാമൂഹിക പ്രബോധനങ്ങളിലും ഉദ്ബോധനങ്ങളുണ്ട്. "ജോലിയുടെ വേതനം തീരുമാനിക്കാനുള്ള ചുമതല കമ്പോളങ്ങൾക്കോ കൂടുതൽ ശക്തൻമാരായ ഉടമകൾക്കോ വിട്ടുകൊടുക്കാൻ പാടില്ലായെന്ന് ഉറപ്പിച്ചു പറയുന്നു. വേതനം നിശ്ചയിക്കേണ്ടത് നീതിയും തുല്യതയും പരിഗണിച്ചാണ്. അതായത് ഒരു തൊഴിലാളിക്ക് യഥാർത്ഥ മാനുഷിക ജീവിതം നയിക്കാനും കുടുംബത്തോടുള്ള തന്റെ കടപ്പാടുകൾ നിർവഹിക്കാനും ഉതകുന്ന വിധത്തിലുള്ള വേതനം നൽകണം". (മാതാവും ഗുരുനാഥയും 71, ജോൺ 23-ാമൻ പാപ്പ). "തൊഴിലാളികളുടെ കുടുംബത്തിന്റെ ആവശ്യങ്ങൾകൂടി കണക്കിലെടുത്തുകൊണ്ടുള്ള നീതിനിഷ്ഠമായ കൂലിക്ക് വേണ്ടിയാണ് സഭ നിർബന്ധം പിടിക്കുന്നത്. കുടുംബത്തെ നയിക്കേണ്ട പ്രായപൂർത്തിയായ ഒരു വ്യക്തിക്ക് ലഭിക്കേണ്ട നീതിവേതനം എന്നാൽ കുടുംബത്തിന്റെ വേണ്ടവിധത്തിലുള്ള പരിരക്ഷയ്ക്കും ഭാവിസുരക്ഷക്കും കൂടി ഉതകുന്നതായിരിക്കണം". (ഇന്ത്യയിലെ തൊഴിലാളികൾക്കുള്ള സന്ദേശം, ജോൺ പോൾ രണ്ടാമൻ മാർപാപ്പാ, റാഞ്ചി).

16. തൊഴിലാളി യൂണിയനുകളെ സംബന്ധിച്ചും തനിമയാർന്ന കാഴ്ചപാടുകൾ തിരുസഭയ്ക്കുണ്ട്. മെച്ചപ്പെട്ട വേതനത്തിനും

മികച്ചതൊഴിൽ സാഹചര്യങ്ങൾക്കും വേണ്ടി യൂണിയനുകൾ രൂപീകരിക്കാനുള്ള തൊഴിലാളികളുടെ അവകാശത്തെ സഭ പൂർണ്ണമായും പിൻതുണയ്ക്കുന്നുണ്ട്. ഇക്കാര്യം സഭയുടെ സാമൂഹിക പ്രബോധനങ്ങളിൽ ആവർത്തിച്ചു ഉറപ്പിച്ചിട്ടുണ്ട്. എന്നാൽ ഇതോടൊപ്പം യൂണിയനുകളുടെ കടമകളെ സംബന്ധിച്ചും ചില കാര്യങ്ങൾ കൂടി സഭ പഠിപ്പിക്കുന്നുണ്ട്. ''യൂണിയനുകളെ സംരക്ഷിക്കുകയും ന്യായീകരിക്കുകയും ചെയ്യുകയെന്ന ധർമ്മത്തിനപ്പുറം ചില കടമകൾ കൂടിയുണ്ട്. സാമ്പത്തികജീവിതം ശരിയായി ക്രമവത്ക്കരിക്കാൻ അദ്ധ്വാനിക്കുന്നവരുടെ പ്രതിനിധികളായി പ്രവർത്തിക്കുകയെന്നതും തൊഴിലാളികളുടെ സാമൂഹികമന:സാക്ഷിയെ രൂപപ്പെടുത്തുക എന്നതുമാണ് ആ കടമകൾ.'' (സഭയുടെ സാമൂഹിക പ്രബോധനം 307 )

17. സമരം ചെയ്യാനുള്ള അവകാശത്തെയും തിരുസഭയുടെ സാമൂഹിക പ്രബോധനം അംഗീകരിക്കുന്നുണ്ട്. "സമരം ചെയ്യുന്നതിന്റെ നൈയാമികത സഭയുടെ സാമൂഹിക സിദ്ധാന്തം അംഗീകരിക്കുന്നുണ്ട്. സമരം ഒഴിവാക്കാനാകാത്തപ്പോഴും അല്ലെങ്കിൽ ആനുപാതികമായ ഗുണം ലഭിക്കാൻ അതു അത്യാവശ്യമായിരിക്കുമ്പോഴും തർക്കപരിഹാരത്തിനുള്ള മറ്റെല്ലാ മാർഗ്ഗങ്ങളും ഫലപ്രദമല്ലാതിരിക്കുമ്പോഴും സമരം ചെയ്യാം." (സഭയുടെ സാമൂഹിക പ്രബോധനം 304). എന്നാൽ കേരളത്തിലെ സമരങ്ങൾ പലപ്പോഴും ഇങ്ങനെയുള്ള മാനദണ്ഡങ്ങളൊന്നും പാലിച്ചല്ല നടത്തുന്നത് എന്നത് ദുഃഖസത്യമാണ്. ഏത് കാരണത്താലായാലും അക്രമസമരങ്ങളെ സഭ അംഗീകരിക്കുന്നില്ല.

18. നീതി നിഷേധത്തിനെതിരെ തൊഴിലാളികൾ സംഘടിതരായി മുന്നേറണമെന്നാണ് സഭയുടെ സാമൂഹിക പ്രബോധനം ഉദ്ബോധിപ്പിക്കുന്നത്. സർക്കാരിനും ഇക്കാര്യത്തിൽ വലിയ പങ്കു വഹിക്കാനുണ്ട്. അന്യസംസ്ഥാനങ്ങളിൽനിന്നുള്ള തൊഴിലാളികൾ ഉൾപ്പെടെ ഉള്ള എല്ലാ തൊഴിലാളികളുടെയും ക്ഷേമത്തിനും ശക്തീകരണത്തിനും വേണ്ടികൂടുതൽ നിയമങ്ങൾ രൂപീകരിക്കുന്നതോടൊപ്പം തൊഴിലാളികൾക്കായി രൂപപ്പെടുത്തപ്പെട്ടിട്ടുള്ള നിയമങ്ങൾ കർശനമായി പാലിക്കപ്പെടുന്നുണ്ടെന്ന കാര്യം ഉറപ്പുവരുത്തേണ്ടതും സർക്കാരിന്റെ ഉത്തരവാദിത്വമാണ്. നിയമങ്ങൾ നടപ്പിലാക്കാൻ ആവശ്യമായ സർക്കാർ ജീവനക്കാരില്ലായെന്ന ആക്ഷേപവും പരിഹരിക്കപ്പെടണം.

19. കേരള കത്തോലിക്ക മെത്രാൻ സമിതിയുടെ നേതൃത്വത്തിൽ

പ്രവർത്തിക്കുന്ന സാമൂഹിക സന്നദ്ധ സംഘടനയാണ് കേരള ലേബർ മൂവ്മെന്റ്. ജാതിമതലിംഗവ്യത്യാസമില്ലാതെ എല്ലാ വിഭാഗം ജനങ്ങൾക്കും വേണ്ടിയാണ് കെ. എൽ. എം. പ്രവർത്തിക്കുന്നത്. ഇന്നുള്ള രീതിയിലേക്ക് കെ. എൽ. എം. പുന:സംഘടിപ്പിക്കപ്പെട്ടിട്ട് പത്തുവർഷക്കാലമാകുന്നു. ചുരുങ്ങിയ കാലയളവിൽ തന്നെ അസംഘടിത തൊഴിലാളികളുടെ സംഘാടന മണ്ഡലത്തിൽ തനതായ സ്ഥാനം ഉറപ്പിക്കാൻ കെ. എൽ. എം. നായിട്ടുണ്ട്. ദേശീയ ട്രേഡ് യൂണിയനുകൾ അവഗണിച്ചിരുന്ന അസംഘടിത തൊഴിലാളികളുടെ പ്രശ്നങ്ങൾ ദേശീയ ചർച്ചാ വിഷയമാക്കി മാറ്റുന്നതിൽ കെ. എൽ. എം. ന് മുഖ്യ പങ്ക് വഹിക്കാൻ കഴിഞ്ഞു. നിർമ്മാണത്തൊഴിലാളി ഫോറം, ഗാർഹികത്തൊഴിലാളി ഫോറം, തയ്യൽത്തൊഴിലാളി ഫോറം, ചെറുകിടതോട്ടംതൊഴിലാളി ഫോറം തുടങ്ങിയ വിവിധ തൊഴിലാളി ഫോറങ്ങൾ കെ. എൽ. എം. ന്റെ കീഴിൽ പ്രവർത്തിക്കുന്നു. ഈ വർഷം പുതിയ നാല് തൊഴിലാളി ഫോറങ്ങൾ കൂടി സംസ്ഥാന തലത്തിൽ പ്രവർത്തനം തുടങ്ങുന്നതാണ്.

20. വിലക്കയറ്റം തടയാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക, മിനിമം പെൻഷൻ ആയിരം രൂപയാക്കി വർദ്ധിപ്പിക്കുക, സാമൂഹിക സുരക്ഷാ വിഹിതം വർദ്ധിപ്പിക്കുക, തൊഴിലാളി ക്ഷേമനിധികളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക തുടങ്ങിയ പ്രധാന ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കേരളത്തിലെ പതിനാലു ജില്ലകളിലും കെ.എൽ.എം. അസംഘടിത തൊഴിലാളി സമ്മേളനങ്ങൾ നടത്തുകയുണ്ടായി. സഭാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ, അപകട സുരക്ഷ, കുടുംബ സഹായം എന്നിവയ്ക്കായി "സുരക്ഷ" എന്ന പേരിൽ കെ.സി.ബി.സി. യുടെ അംഗീകാരത്തോടെ കെ.എൽ.എം. സാമുഹിക സുരക്ഷാ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. കേന്ദ്രസർക്കാരിന്റെ പെൻഷൻ ഫണ്ട് റെഗുലേറ്ററി അതോറിററി, ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ എന്നിവയോട് ചേർന്നാണ് "സുരക്ഷ" നടപ്പിലാക്കിയിട്ടുള്ളത്. "സുരക്ഷ"യിലെ ബി വിഭാഗം അസംഘടിത തൊഴിലാളികൾക്ക് വേണ്ടിയുള്ളതാണ്. എല്ലാ രൂപതകളുടെയും സഹകരണത്തോടെ സുരക്ഷയുടെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടിയിരിക്കുന്നു. അതിനായി എല്ലാ രൂപതകളിലും സന്യാസസമൂഹങ്ങളിലും കൂട്ടായ ശ്രമം നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

21. നവസുവിശേഷവൽക്കരണവുമായി ബന്ധപ്പെട്ട് എല്ലാ പ്രാദേശീക സഭകളും പ്രത്യേക കർമ്മപദ്ധതികൾ ആവിഷ്ക്കരിച്ച്

നടപ്പിലാക്കണമെന്ന് മാർഗരേഖ ആവശ്യപ്പെടുന്നുണ്ട് (ഖണ്ഡിക7). അന്യസംസ്ഥാനങ്ങളിൽനിന്നുള്ള കുടിയേറ്റതൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ആഹ്വാനമാണ് ഈ വർഷത്തെ മെയ്ദിന സന്ദേശത്തിൽ സി.ബി.സി.ഐ.നൽകിയിട്ടുള്ളത്. ഈ പശ്ചാതലത്തിൽ കെ.എൽ.എം. ന്റെ പ്രവർത്തനങ്ങൾ എല്ലാ ഇടവകകളിലേക്കും വ്യാപിപ്പിക്കേണ്ടിയിരിക്കുന്നു. വിവിധ വിഭാഗം തൊഴിലാളികളെ വ്യത്യസ്ത ഫോറങ്ങളിലൂടെ സംഘടിപ്പിച്ച് അവരുടെ ജീവിത നിലവാരവും ജീവിത ശൈലിയും മെച്ചപ്പെടുത്താൻ കെ.എൽ.എം. ശ്രമിക്കുന്നു. വിവിധ ക്ഷേമനിധികളിലും മെഡിക്ലെയിം ഇൻഷൂറൻസിലും പെൻഷൻ പദ്ധതിയിലും അവരെ അംഗങ്ങളാക്കി സാമൂഹിക സുരക്ഷ ഉറപ്പാക്കണം. തൊഴിലാളികളുടെ കുടുംബ ബജററ് തയ്യറാക്കൽ, സാമ്പത്തിക അച്ചടക്കം, സമ്പാദ്യശീലം എന്നിവ യ്ക്കായി പ്രത്യേക പരിശീലനം കെ.എൽ.എം. നൽകിവരുന്നുണ്ട്. അവ യെല്ലാം വിജയിക്കണമെങ്കിൽ എല്ലാവരുടേയും ആത്മാർത്ഥമായ സഹ കരണം അത്യന്താപേക്ഷിതമാണ്.

22. മേയ്ദിനത്തോടനുബന്ധിച്ച് എല്ലാ ഇടവകകളിലും തൊഴിലാളികൾക്ക് വേണ്ടി പ്രത്യേക ദിവ്യബലി, സെമിനാറുകൾ തുടങ്ങിയവ സംഘടിപ്പിക്കുന്നത് ഉചിതമാണ്. മേയ്ദിനത്തിന്റെ ആശംസകളും അനുഗ്രഹങ്ങളും ഒരിക്കൽ കൂടി എല്ലാവർക്കും നേരുന്നു.

**ബിഷപ് മാർ ജോസ് പൊരുന്നേടം**

ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ

**ബിഷപ്പ് ഡോ. ജോസഫ് കാരിക്കശ്ശേരി**

വൈസ് ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ

**ബിഷപ്പ് ഡോ. യൂഹാന്നോൻ മാർ ക്രിസോസ്റ്റം**

വൈസ് ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ

---

**NB:- ഈ സർക്കുലർ 2012 മേയ് മാസം 6–ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കുകയോ ഇതിലേ ആശയങ്ങൾ ജനങ്ങൾക്ക് വിശദീ കരിച്ച് കൊടുക്കുകയോ ചെയ്യേണ്ടതാണ്.**

## MAY DAY MESSAGE – 2012

Pastoral Care of the Migrants in India

### Introduction

The History of the universe is a story of migration. From the time of creation all types of living beings, birds, animals and sea creatures, have been migrating from one place to another for various reasons, such as in search of food, in search of habitation and in search of better weather conditions. The migration of human beings is also as old as the creation itself. Open the book Genesis, you will find "And Cain went out from the presence of the Lord and dwelt in the land of Nod, to the east of Eden" (Gen 4: 16). Then we have the Patriarch Abraham moving from place to place. "The Lord said to Abram, "Leave your country, your kinsfolk and your father's house for the land which I will show you" (Gen 12:1). Abram went away as the Lord had commanded him, and Lot went with him (Gen 12:4). Now there was a famine in the land and Abram went down to Egypt where he lived as a stranger" (Gen 12:10) "Abram went up from Egypt to the Negeb, he and his wife and all that belonged to him and Lot with him (Gen 13:1). "Abram moved his tent and came to dwell by the terebinths of Mamre which are at Hebron" (Gen 13:18). Migration continues through Isaac, Jacob and Joseph and his brothers. The Book of Exodus narrates the migration story of Moses and Israelites from Egypt through wilderness to Mount Sinai and to the Promised Land.

The New Testament contains numerous references to traveling and journeys, such as those carried out by Mary and Joseph before the birth of Jesus, their flight to Egypt, return to Nazareth, journey to the Temple of Jerusalem; and the continuous traveling of Christ during his public life and the journeys of the Apostles. The evangelists present the life of Christ a continuous journey. He went through towns and villages proclaiming the Gospel and healing "every disease and sickness" (Mt 9:35).

### Migration:

Human Migration is one of the most indispensable social phenomena. Moving from place to place is characterized human behaviour since the beginning of history. Mobility and wandering are therefore expressions of human nature and of its cultural development. Therefore migration can be described as "people on the move." Migration gives meanings of relocation, immigration, passage, exodus, movement, journey, voyage, trek and resettlement. In short it means movement of people from one place to another to lead a better life. Normally migration takes place through the movement of people from rural or least developed areas to the urban centers or relatively more developed areas, based on the criteria, such as nature,

distance, time, age, sex, ethnicity, etc. Migration has been classified as national, international, rural-urban, short-distance, long-distance, seasonal and permanent.

**Reasons for Migration in India:**

Migration of human beings could be voluntary, for personal reasons or involuntary, being forced due to certain external factors. Migration in India is largely on account of unemployment. People, young and old, move from villages to cities, from smaller town to bigger cities, and even from cities to cities, in search of jobs, shelter, better living conditions, for improved health facilities and for better education and job opportunities. Migration becomes compulsion for survival for those affected by civil war, political and communal conflicts; for victims of natural calamities such as floods, famine, earthquake; for those forcefully evacuated on account of developmental projects of the Governments. The number of displaced persons (IDP) was estimated to be 500,000 in 2009, according to World Bank Report published in 2010. Sometimes one is compelled to migrate in order to safeguard his/her human dignity and human rights. People of under developed areas, hills and mountains, faced with demographic pressure, leave their villages and settle down in advanced regions of the country. As the population increases there is a natural decrease in availability of food and space. So people are compelled to move out. Uneven distribution of resources as well as socio-economic situation of different States of India results in wide spread intra-State and inter-State migration.

In India, as per the census 2001, there were 314.54 million migrants within the country. In some regions of India, three out of four were migrants. (Migration Report 2009). Migrants are not required to register themselves in India either at the place of origin or at the place of destination. As there is no registration of migrants in India, Census and National Sample Survey (NSS) are the two main sources of migration data in India. Census provides data on migrants based on place of birth (POB) and place of last residence (POLR). If the place of birth or place of last residence is different from the place of enumeration, a person is defined as a migrant. On the other hand, if the place of birth and place enumeration is the same, the person is a non-migrant. Migrants defined on the basis of POB or POLR are called the lifetime migrants because the time of their move is not known.

**Positive aspects of Migration:-**

The driving forces for human mobility are unavoidably marked by basic human behaviour and instincts including, the search to protect one's life and lives of loved ones, the desire for a better future for oneself and the endeavor to improve prospects for future generations and for the community one belongs to. It contributes a great deal to the growth of economy of the country of origin as well as the country of destination and to the development of both countries. Moving away from home has allowed millions to get good education, find steady employment, support their families and enjoy greater economic opportunities than might have been available at

home. For many millions of migrants, the migration process has given new life and greater success.

**Challenges faced by the Migrants:-**

The migrants in India face enormous challenges when they land up in an unknown city or town. As they do not find any shelter, they live under the open sky, in the open fields or near the railway tracks. Here they meet with hostility of the neighbors. They find it difficult to communicate as they do not know the language of the place. They find it hard to get a job and even daily wages. Seeing their helplessness, the contractors, employers, take advantage of the situation. Helpless migrants, especially young girls, are bought and sold by the locals, ill treated and abused. As the migrants do not have any identity in their own country, they are denied ration card, voter's card, driving licenses, electricity, phone connections etc. The migrants in India are scattered and unorganized which means they do not have any permanent job, no bargaining power, no fixed salary, no future security, no medical benefits, no fixed working hours, no vacation, no weekly holiday. These people on the move easily become victims of human trafficking, sexual exploitation, get infected with T.B., STD, HIV/AIDS and many other diseases. The human dignity and human rights are denied to them. Hence often they become antisocial, and get involved in criminal actions.

The children of the migrants are the worse sufferers. Often they are separated from the parents. If they are with their parents they meet with hostility wherever they go. They do not get proper education, they remain illiterate, they do not get health facilities, and they are mal nourished and live in squalor.

The massive migration causes over population in Indian cities resulting in numerous social, economic problems, administrative difficulties, shortage of food and health facilities, traffic congestion and many other related issues.

**Legal Protection**

In order to protect the rights and safeguard the interests of migrant workers, the inter state Migrant Workmen Act 1979 was enacted. The Act is intended to regulate the employment of inter-state migrant workmen and to provide their conditions of service. It applies to every establishments and the contractor, who employ five or more inter-state migrant workers. The Act has provision for issue of Pass –Book to every inter-state migrant worker with full details, payment of displacement allowance equivalent to 50% of monthly wage or Rs.75 whichever is higher, payment of journey allowance including payment of wage during the period of journey, suitable residential accommodation, medical facilities and protective clothing, payment of wages, equal pay for equal work irrespective of sex etc. The main responsibility for enforcement of the provision of the Act lies with the Central and State Government/Union Territories in the establishment falling in the Central and State Sphere respectively. But, the worrying factor is about its implementation?

Unfortunately the genuine concern for the problems of workers on the part of government officials who are entrusted with the responsibility of safeguarding the rights of workers especially migrant workers is lacking. The disadvantage of this Act is that, it only deals with migrant workers not concerned about their family as such.

**Suggestions**

Our concerns for migrant workers are to make provision for the rights of workers in the work place which includes improvement in wage, decent working conditions, ensure the social security and welfare measures in respective of worker's family also. It is important to adopt the way of improvement in collective strength and collective bargaining power including the organizational skills, make secure permanency of decent job and income the methods to check out of the exploitation and harassment etc.

The problem of migration ought to be checked through a multi dimensional course of action through rural development, provision of improved infrastructure facilities, equitable dispersal of resources to remove regional disparities, employment generation, land reforms, increased literacy, financial assistance, social security schemes, effective law enforcement and proper documentation of citizens , e.g. 'Aadhar' card.

**Initiatives of Catholic Bishops' Conference of India (CBCI)**

In order to strengthen the involvement and activities of the Church in the Labour Movements and Labour Welfare activities a federation is established under the aegis of CBCI Labour Commission. Workers India Federation, (WIF) after due deliberation, has visualized a major initiative for the welfare of unorganized migrant workers in the urban and semi urban areas. We have been actively involved in assisting unorganized migrants through different programs organized for them at different levels such as,

- Mapping and keeping touch with unorganized migrant workers by forming SHGs, Unions and Forums of workers.
- Facilitating workers social security by registering them into social security schemes named 'MSY' for pension(Swavalamban) , medical (Rashtriya Swasthya Bima Yojna )and education scholarship for their children .
- Providing facilities for registration of migrants through parishes and church institution networks, one can also register by logging intowww.cbcilabour.info.
- Legal assistance at the time of crisis and facilitate the returnees to sustain their life with proper reintegration into society.

While we endeavor to curb unhealthy migration by providing awareness about the local employment opportunities to the rural poor (eg. through National Rural Employment Guarantee Act - NREGA programme), there is a need to continue to cater to the needs of the vulnerable sections of the migrant groups in the cities, work sites and slums. This prompted us to start Workers' Facilitation Centers (WFC) in these areas in order to help those migrants who require financial, healthcare,

children's education and legal assistance. Of late at the 30th CBCI General body meeting, Bangalore 2012, the Catholic Church in India has recommitted herself to work for the liberation of the weaker sections like tribals, women and dalits, in particular, She wants to reach out more to unorganized groups like fish workers , farmers, migrants, domestic workers, victims of trafficking (Para 8.6)

**Conclusion**

The Church needs to take pastoral care of long distant truck/lorry/ bus/rail drivers. Each year, an increasing number of women and children fall victims to trafficking for the purpose of sexual or other exploitation. The problem of street children is global and is escalating. It is aggravated by many causes such as poverty, family disintegration, abuse, abandonment, neglect and social unrest. Students, who go to developed countries/Indian states to pursue their studies with great enthusiasm, often find themselves in precarious conditions. Away from home, they find it difficult to narrate their hardships to the strangers. In all these circumstances the Church needs to come out with great dedication and commitment to provide pastoral care.

The Holy Father Benedict XVI, in his Message for the World Day of Migrants and Refugees in 2009, wrote that the mission of the Church and of every baptized person today, is to make Jesus known to every person. It is "a mission that, with attentive pastoral solicitude, is also directed to the variegated universe of migrants – students far from home, immigrants, refugees, displaced people, evacuees – including for example, the victims of modern forms of slavery and human trafficking."

The Constitution of Vatican II Church in the Modern World (Gaudium et Spes) says, "There is a growing awareness of the exalted dignity proper to the human person, since he stands above all things, and his rights and duties are universal and inviolable. Therefore, there must be made available to all men everything necessary for leading a life truly human, such as food, clothing and shelter; the right to choose a state of life freely and to found a family, the right to education, to employment, to a good reputation, to respect, to appropriate information, to protection of privacy, and rightful freedom, even in matters of religion" (G.S. 26).

Keeping these exhortations of the Holy Father, Pope Benedict XVI and of the Vatican Council II, we must take note of the presence of Jesus, based on the well known Biblical passage of the two disciples on the Road to Emmaus: "Jesus came up and walked by their side" (Lk 24:15). The pastoral care of the migrants is indeed "a walk together."

S/d
**Most Rev. Oswald Lewis**
Bishop-in-Charge

S/d
**Most Rev. Jose Porunnedom**
**Most Rev.M. Devadas Ambrose**
Members

# 2012 ജൂൺ 3 ബൈബിൾ ഞായർ

## കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

*ഉത്ഥിതൻ തുറക്കേണ്ട മാനസങ്ങൾ*

കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

1. വരുന്ന ഞായറാഴ്ച (ജൂൺ 3) കേരള സഭ ബൈബിൾ ഞായറായി ആഘോഷിക്കുകയാണ്. അതിനുള്ള ഒരുക്കമായി ഇന്ന് നാം ബൈബിൾവാരം ആരംഭിക്കുന്നു. "വിശുദ്ധലിഖിതങ്ങൾ ഗ്രഹിക്കാൻ തക്കവിധം അവരുടെ മനസ്സ് അവൻ തുറന്നു" (ലൂക്കാ 24:45). ഈ വർഷത്തെ ബൈബിൾവാരപ്രമേയമായി കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ തിരഞ്ഞെടുത്തിരിക്കുന്ന വാക്യമാണിത്. ഉത്ഥിതനും ബൈബിളും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ധ്യാനിക്കാൻ ഈ ദിനങ്ങളിൽ നമുക്കാകട്ടെ.

***ഉത്ഥിതന്റെ നിർബന്ധം***

2. ശിഷ്യരുടെ വിശുദ്ധലിഖിതജ്ഞാനത്തിന്റെ അഭാവം ഉത്ഥിതനായ യേശുവിനെ വല്ലാതെ വിഷമിപ്പിക്കുന്നു. വിശുദ്ധലിഖിതങ്ങളിൽ പറഞ്ഞിട്ടുള്ളവ വിശ്വസിക്കാൻ കഴിയാത്ത അവരുടെ ഹൃദയമാന്ദ്യത്തെ ഉത്ഥിതനായ ക്രിസ്തു എത്ര ശക്തിയോടെയാണ് കുറ്റപ്പെടുത്തുന്നത്! "ഭോഷന്മാരേ, പ്രവാചകന്മാർ പറഞ്ഞിട്ടുള്ളതു വിശ്വസിക്കാൻ കഴിയാത്തവിധം ഹൃദയം മന്ദീഭവിച്ചവരേ" എന്നാണ് എമ്മാവൂസിലേക്കു പോയ ശിഷ്യന്മാരെ ഉത്ഥിതൻ വിളിക്കുന്നത് (ലൂക്ക 24:25). നമ്മൾ വിശുദ്ധഗ്രന്ഥം വായിക്കുകയും ധ്യാനിക്കുകയും ഗ്രഹിക്കുകയും വിശ്വസിക്കുകയും ജീവിക്കുകയും ചെയ്യണമെന്നു നിർബന്ധമുള്ളവനാണ് ഉത്ഥിതനായ കർത്താവ്.

***മനസ്സുതുറക്കലും ലിഖിതംതുറക്കലും***

3. ഉത്ഥിതൻ ശിഷ്യരുടെ മനസ്സു 'തുറന്നു' എന്നതിനും എമ്മാവൂസി

ലേക്കു പോയ ശിഷ്യർക്കുവേണ്ടി വിശുദ്ധലിഖിതം 'വിശദീകരിച്ചു' എന്നതിനും ഒരേ ക്രിയാപദം തന്നെയാണ് ഗ്രീക്കിൽ പ്രയോഗിച്ചിരിക്കുന്നത് – 'ദിയനൊയിഗോ'. ഈ പദം അപ്പസ്തോലപ്രവർത്തനം 16:14–ൽ വീണ്ടും പ്രത്യക്ഷപ്പെടുന്നുണ്ട്. പൗലോസിന്റെ വചനങ്ങൾ സ്വീകരിക്കാൻ കർത്താവ് തിയത്തീറാ പട്ടണത്തിൽ നിന്നുള്ള ലീദിയ എന്ന സ്ത്രീയുടെ ഹൃദയം 'തുറന്നു' എന്ന് നാം അവിടെ വായിക്കുന്നു. തിരുവചനങ്ങൾ ഗ്രഹിക്കാനും സ്വീകരിക്കാനും ശിഷ്യരുടെ മനസ്സും ലീദിയയുടെ ഹൃദയവും തുറക്കുന്ന ഉത്ഥിതനായ ക്രിസ്തു ഇന്നും അതു ചെയ്യുന്നുണ്ട്. ഉത്ഥിതസാന്നിധ്യം തിരിച്ചറിഞ്ഞ് വിശ്വാസത്തോടെ ബൈബിളിനെ സമീപിക്കുന്നവരുടെ മനസ്സുകളും വിശുദ്ധലിഖിതവും അവിടന്ന് തുറക്കുന്നു. വിശുദ്ധഗ്രന്ഥം വായിക്കുന്നതിനും ധ്യാനിക്കുന്നതിനും പഠിക്കുന്നതിനും മനസ്സിലാക്കുന്നതിനും അവശ്യം വേണ്ട രണ്ടു തുറവുകളാണിവ:

4. (1) ഒന്ന്, വായിക്കുന്നയാളിന്റെ മനസ്സിന്റെ ഒരുക്കം. ഇത് ഉത്ഥാനപ്രഭ ഒരു വ്യക്തിയിൽ നടത്തുന്ന ഒരുക്കമാണ്. ഉത്ഥിതകൃപ കൂടാതെ വിശുദ്ധഗ്രന്ഥത്തോടു തുറവുള്ള ഒരു മനസ്സ് നമുക്കുണ്ടാവുക അസാധ്യം. കൂരിരുട്ടിൽ ഒന്നും കാണാനാവില്ലല്ലോ. യേശുവിന്റെ പീഡകളും മരണവും ശവസംസ്കാരവും വല്ലാത്ത ഇരുളാണ് പരത്തിയത്. യേശുവിന്റെ മരണനിമിഷത്തിൽ സൂര്യൻ ഇരുണ്ടു; ഭൂമി മുഴുവൻ അന്ധകാരം വ്യാപിച്ചു (ലൂക്ക 23:44–45). ശിഷ്യരുടെ മനസ്സിന്റെ കാര്യം പറയാനുമില്ല. കല്ലറയുടെ കല്ല് അടഞ്ഞതോടെ ശിഷ്യരുടെ മനസ്സിൽ പടർന്ന ഇരുളിന് കാഞ്ഞിരത്തെക്കാൾ കയ്പുണ്ടായിരുന്നു! അടഞ്ഞ മനസ്സുകളിൽ വചനകിരണത്തിനു പ്രവേശനമില്ല. വിശുദ്ധലിഖിതവായനയും ഗ്രഹണവും അസാധ്യമാക്കുന്ന ഒരനുഭവമായിരുന്നു അത്. ഇത്തരം അനുഭവവിവരണത്തിൽ ലൂക്കാസുവിശേഷകനു കൂട്ടായി വിശുദ്ധ യോഹന്നാനുമുണ്ട്. "അതിരാവിലെ ഇരുട്ടായിരിക്കുമ്പോൾത്തന്നെ" ശവകുടീരത്തിന്റെ സമീപത്തേക്കെത്തുന്ന മഗ്ദലനമറിയത്തെക്കുറിച്ചുള്ള യോഹന്നാന്റെ വിവരണവും (യോഹ 20:1) പത്രോസ്, യോഹന്നാൻ എന്നിവരെക്കുറിച്ച്, "അവൻ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേൽക്കേണ്ടിയിരിക്കുന്നുവെന്ന തിരുവെഴുത്ത് അവർ അതുവരെ മനസ്സിലാക്കിയിരുന്നില്ല" എന്ന കുറിപ്പും (യോഹ. 20:9) വിശുദ്ധ ലൂക്കായുടെ വിവരണത്തോടു ചേർത്തുവച്ചു വായിക്കേണ്ടതാണ്. സൂര്യനില്ലാത്തപ്പോഴുള്ള ഇരുളിന്റെ അനുഭവമാണത്. തിരുവെഴുത്തു ഗ്രഹിക്കാൻ

വെളിച്ചം വേണം – ഉത്ഥിതന്റെ വെളിച്ചം! ഉത്ഥാനപ്രഭയിൽ മാത്രമാണ് വിശുദ്ധലിഖിതങ്ങൾ അർത്ഥപൂർണമായി വായിക്കാൻ കഴിയുന്നത്. അതെ, മനസ്സു തുറക്കുന്ന വെളിച്ചം ഉത്ഥിതന്റെ പക്കലുണ്ട്.

5. (2) രണ്ടാമത്തെ ഘടകം, വിശുദ്ധഗ്രന്ഥത്തിന്റെ വ്യാഖ്യാനമാണ്. ലൂക്കാ 24:32–ൽ യേശു വിശുദ്ധലിഖിതം വിശദീകരിച്ചതായി അഥവാ 'തുറന്ന' തായുള്ള പരാമർശം ബൈബിൾ വ്യാഖ്യാനത്തിന്റെ വിവിധ തലങ്ങളെ അനുസ്മരിപ്പിക്കുന്നതാണ്. വ്യാഖ്യാനത്താക്കോൽ ഉത്ഥിതന്റെ പക്കലാണുള്ളത്. അല്ല, ഉത്ഥിതൻ തന്നെയാണ് വ്യാഖ്യാനത്താക്കോൽ! ക്രിസ്തുകേന്ദ്രീകൃതമായാണ് വിശുദ്ധഗ്ര ന്ഥവ്യാഖ്യാനം നടത്തേണ്ടത്. വിശുദ്ധഗ്രന്ഥത്തിന്റെ ആധികാരിക പ്രബോധനം നടത്തുന്ന നിയമജ്ഞർ ജ്ഞാനത്തിന്റെ താക്കോൽ കൈവശം വച്ചിരിക്കുന്നെങ്കിലും വിശുദ്ധഗ്രന്ഥം വിശദമാക്കുകയല്ല, അതു മറച്ചുവയ്ക്കുകയാണെന്നു ലൂക്കാ 11:52–ൽ യേശു കുറ്റപ്പെടു ത്തുന്നത് ശ്രദ്ധിക്കേണ്ടതാണ്. ബൈബിൾ വായിക്കാൻ പരിശീലി ക്കുന്ന കൊച്ചുകുട്ടിക്കു മുതൽ ബൈബിൾ പഠിപ്പിക്കുന്ന പണ്ഡി തനുവരെ ഉത്ഥിതൻ തന്നെയാണ് വിശുദ്ധഗ്രന്ഥജ്ഞാനത്തിന്റെ വാതിൽ തുറന്നുകൊടുക്കുന്നത്.

***ബൈബിൾരചനയും ഉത്ഥാനവും***

6. ഉത്ഥാനത്തിന്റെ വെളിച്ചത്തിലാണ് ക്രിസ്തുശിഷ്യർക്ക് പഴയനിയമ ലിഖിതങ്ങളുടെ പൊരുൾ തിരിച്ചറിയാൻ കഴിഞ്ഞത്. അപ്പസ്തോ ലന്മാർ സുവിശേഷപ്രഘോഷണം നടത്തിയതും സഭയെ പടുത്തു യർത്തിയതും ഉത്ഥിതാനുഭവശക്തിയാലായിരുന്നു. പുതിയനിയമ ഗ്രന്ഥകർത്താക്കൾ രചന നടത്തിയതും അങ്ങനെതന്നെ. യേശു വിന്റെ ജീവിതവും പ്രബോധനങ്ങളും പ്രവൃത്തികളുമെല്ലാം ഉത്ഥാ നത്തിന്റെ ദൃഷ്ടിയിലൂടെയാണ് അവർ നോക്കിക്കണ്ടതും വിവരിച്ച തും. ചുരുക്കിപ്പറഞ്ഞാൽ, വിശുദ്ധഗ്രന്ഥത്തിന്റെ രചന യേശുവിന്റെ ഉത്ഥാനവെളിച്ചത്തിലാണ് നടന്നത്.

***പ്രകാശിപ്പിക്കുന്ന ഉത്ഥിതൻ***

7. "അവൻ വിശുദ്ധലിഖിതം വിശദീകരിച്ചുകൊണ്ട് നമ്മോടു സംസാരി ച്ചപ്പോൾ നമ്മുടെ ഹൃദയം ജ്വലിച്ചിരുന്നില്ലേ?" (ലൂക്കാ 24:32). അത് ഉത്ഥിതപ്രഭ തന്നെയാണ്. ശിഷ്യരെ ഗുരുത്വത്തിൽ വളർത്തുന്ന, സകല ഇരുളും അകറ്റുന്ന ഗുരുപ്രകാശമാണത്. 'പ്രകാശിപ്പിക്കുക', 'ജ്വലിപ്പിക്കുക' എന്നീ അർത്ഥങ്ങളുള്ള ക്രിയാപദമാണ്

('കയീയോ') ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. "ഇരുട്ടിൽ പ്രകാശിക്കുന്ന" (യോഹ. 1:5) ദീപ്തിയാണ് ഉത്ഥിതനായ ക്രിസ്തു – കീഴടക്കാൻ അന്ധകാരത്തിനു കഴിയാത്ത പ്രകാശം (cf. യോഹ. 1:5). "അങ്ങയുടെ വചനം എന്റെ പാദത്തിനു വിളക്കും പാതയിൽ പ്രകാശവുമാണ്" (119:105), "അങ്ങയുടെ പ്രകാശത്തിലാണ് ഞങ്ങളുടെ പ്രകാശം" (36:9) എന്നീ സങ്കീർത്തനവാക്യങ്ങൾ സൂചിപ്പിക്കുന്നത് ഉത്ഥിതനാൽ പ്രകാശിതരാകുന്ന നമ്മെത്തന്നെയല്ലേ? മാമ്മോദീസയെ ആദിമസഭ 'ഫോത്തിസ്മോസ്' (illumination) എന്നു വിളിച്ചതിന്റെ അർത്ഥവും മറ്റൊന്നല്ല. ഉത്ഥിതനാൽ പ്രകാശിതനാണ് ക്രൈസ്തവൻ. പെസഹാത്തിരിയിൽനിന്നു കൊളുത്തുന്ന മാമ്മോദീസാതിരി സൂചിപ്പിക്കുന്ന ആശയവും ഇതുതന്നെ. 'കർത്താവിന്റെ വചനം' എന്ന തന്റെ സിനഡനന്തര അപ്പസ്തോലികപ്രബോധനത്തിൽ പരിശുദ്ധപിതാവ് എഴുതുന്നു: "ഉത്ഥിതനായ വചനം നമ്മുടെ പാതയിലെ ആത്യന്തികപ്രകാശമാണ് . . . മനുഷ്യർക്ക് ആവശ്യമായിരിക്കുന്ന യഥാർത്ഥ വെളിച്ചമാണ് ദൈവവചനം. ഉത്ഥാനത്തിൽ ദൈവപുത്രൻ യഥാർത്ഥത്തിൽ ലോകത്തിന്റെ പ്രകാശമായി ഉദയം ചെയ്തു. ഇപ്പോൾ അവനോടുകൂടെയും അവനിലും ജീവിച്ചുകൊണ്ട് നമുക്ക് പ്രകാശത്തിൽ വസിക്കാനാകുന്നു" (No.12).

### *തിരുവചനത്തിലെ ഉത്ഥിതസാന്നിധ്യം*

8. ഉത്ഥിതൻ വചനം വ്യാഖ്യാനിക്കുന്നുവെന്നു മാത്രമല്ല, വചനത്തിലൂടെ സഭയ്ക്ക് തന്നത്തന്നെ സന്നിഹിതനാക്കുകയും ചെയ്യുന്നു. തിരുവചനത്തിലെ ഉത്ഥിതസാന്നിധ്യം നമ്മുടെ ചിന്തയ്ക്ക് കൂടുതൽ വിഷയീഭവിക്കേണ്ടതാണ്. തിരുവചനപ്രഘോഷണത്തിനു മുമ്പുള്ള ഹല്ലേലൂയ പ്രഭണിതങ്ങൾ തിരുവചനത്തിലൂടെ വിശ്വാസികളെ സമീപിക്കുന്ന ഉത്ഥിതന്റെ സാന്നിധ്യത്തെ പ്രഘോഷിക്കുകയാണു ചെയ്യുന്നത്. ഹല്ലേലൂയ എന്ന സങ്കീർത്തനശകലം ആദിമസഭ ഉപയോഗിച്ചതും ഇന്നത്തെ സഭ ഉപയോഗിക്കുന്നതും യേശുവിന്റെ ഉത്ഥാനത്തെ പ്രഘോഷിക്കാൻ വേണ്ടിയാണ്. "അങ്ങയുടെ വചനങ്ങളുടെ ചുരുളഴിയുമ്പോൾ പ്രകാശം പരക്കുന്നു" (സങ്കീ. 119:130) എന്നു സങ്കീർത്തകൻ പാടിയത് വചനപ്രഘോഷണത്തിലെ ഉത്ഥിതസാന്നിധ്യത്തിലേക്കുള്ള ഒരു സൂചനയായിരിക്കില്ലേ?

### *ഉത്ഥിതൻ തുറക്കുന്ന കേരളമനസ്സ്*

9. വിശുദ്ധഗ്രന്ഥസംബന്ധിയായി കേരളസഭാമക്കളുടെ മനസ്സ് ഉത്ഥിതൻ തുറന്നതിന്റെ പ്രത്യക്ഷലക്ഷണങ്ങൾ ഏറെയുണ്ട്. കെ.സി.

ബി.സി. ബൈബിൾ കമ്മീഷൻ വ്യത്യസ്ത സന്ദർഭങ്ങളിലായി ആഹ്വാനം ചെയ്ത ബൈബിൾ പ്രോഗ്രാമുകൾക്ക് സഭാമക്കളിൽനിന്നു ലഭിക്കുന്ന ആവേശപൂർവകമായ സഹകരണം വ്യക്തമാക്കുന്നത് ഉത്ഥിതൻ നമ്മുടെ മനസ്സുതുറക്കുന്നുവെന്നു തന്നെയല്ലേ. ഇക്കഴിഞ്ഞ ലോഗോസ് ക്വിസിൽ അഞ്ചുലക്ഷത്തിമുപ്പത്തേഴായിരം പേർ രജിസ്റ്റർ ചെയ്തു എന്നത് എത്ര അഭിമാനകരമാണ്! 'നവസുവിശേഷവത്കരണത്തിന്റെ കേരളാമോഡൽ' എന്നാണ് ലോഗോസ്ക്വിസ് ഇന്ന് സഭാവൃത്തങ്ങളിൽ അറിയപ്പെടുന്നത്. ഈ വർഷം ലോഗോസ് ഓൺലൈൻ രജിസ്ട്രേഷൻ നടത്താൻ നമുക്കുകഴിഞ്ഞു. ഇതിനായി കഠിനാധ്വാനം ചെയ്ത ബൈബിൾ അപ്പോസ്തലേറ്റു ഡയറക്ടർമാരെയും ലോഗോസ് ഇൻചാർജുകളെയും ഹൃദയപൂർവം അഭിനന്ദിക്കുന്നു. ലോഗോസിന്റെ ചരിത്രത്തിലാദ്യമായി ഫൈനൽ റൗണ്ട് ഏവർക്കും കാണാവുന്ന തരത്തിൽ ടെലി സംപ്രേഷണം ചെയ്യാനായി എന്നതും അഭിമാനകരം തന്നെ. വരുന്ന വർഷം 65 വയസ്സിനുമുകളിൽ പ്രായമുള്ളവർക്കു മാത്രമായി ഒരു പ്രായവിഭാഗം കൂടി ലോഗോസ് ക്വിസിനായി ഉൾപ്പെടുത്തിയിരിക്കുന്ന വിവരം സസന്തോഷം അറിയിക്കുന്നു. അടുത്ത വർഷം മുതൽ ലോഗോസ് പ്രതിഭയ്ക്ക് നിലവിലുള്ള സമ്മാനങ്ങളോടൊപ്പം വിശുദ്ധനാട്ടിലേക്ക് ഒരു സൗജന്യയാത്രയും കേരള കാത്തലിക് ബൈബിൾ സൊസൈറ്റി സമ്മാനിക്കുന്നതാണ്.

10. കഴിഞ്ഞ ബൈബിൾവാരത്തോടനുബന്ധിച്ച് കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പി.ഒ.സി.യിൽ വച്ചു സംഘടിപ്പിച്ച അഖണ്ഡ ബൈബിൾ പാരായണയജ്ഞത്തിനു ലഭിച്ച വൻജനസമ്മിതി വിശുദ്ധഗ്രന്ഥത്തോടുള്ള മലയാളിയുടെ സ്നേഹത്തിന്റെ അതിസുന്ദര പ്രകാശനമായിരുന്നു. അതെത്തുടർന്ന് പല രൂപതകളിലും ഇടവകകളിലും സ്ഥാപനങ്ങളിലും ഇത്തരം ബൈബിൾപാരായണ പരിപാടികൾ സംഘടിപ്പിക്കപ്പെടുന്നുണ്ടെന്നത് ചാരിതാർത്ഥ്യജനകമാണ്.

11. ഈ വർഷത്തെ ബൈബിൾവാരവും ബൈബിൾഞായറും സമുചിതമായി ആചരിക്കാൻ ഏവരും ശ്രദ്ധിക്കുമല്ലോ. കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ പ്രത്യേക താത്പര്യപ്രകാരം ഈ വർഷം മുതൽ ബൈബിൾ പാരായണമാസാചരണം നടത്താൻ കേരളസഭ തീരുമാനിച്ചിരിക്കുകയാണ്. അതിനാൽ ജൂൺ 1 മുതൽ ജൂൺ 30 വരെ ബൈബിൾ പാരായണമാസമായി ആചരിക്കാൻ ഏവരെയും

ആഹ്വാനം ചെയ്യുന്നു. രൂപതാ–ഇടവക തലങ്ങളിലുള്ള ബൈബിൾ പാരായണസംരംഭങ്ങൾക്കു പുറമേ കുടുംബയൂണിറ്റുകളിലും കുടുംബങ്ങളിലും വ്യക്തിപരമായും ബൈബിൾ സാഘോഷം പാരായണം ചെയ്യുന്നതിനായി ഈ മാസം നാം പ്രത്യേകം മാറ്റിവയ്ക്കുകയാണ്. ഉചിതമായ വിധത്തിൽ അത് ആസൂത്രണം ചെയ്യാനും നടപ്പിലാക്കാനും ഏവരും ശ്രദ്ധിക്കുമല്ലോ. അതിനുള്ള സഹായമെന്ന നിലയിൽ ഒരു വായനാസഹായി തയ്യാറാക്കി രൂപതാ ബൈബിൾ അപ്പോസ്തലേറ്റു ഡയറക്ടർമാർക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

12. മൊബൈൽ ഫോണിൽ പി. ഒ. സി. ബൈബിൾ (www.pocbible.com) സൗജന്യമായി ഡൗൺലോഡു ചെയ്തു സൗകര്യാർത്ഥം വായിക്കാവുന്ന സംവിധാനം ഇതിനകം ഒരുക്കിക്കഴിഞ്ഞുവെന്ന് സസന്തോഷം അറിയിച്ചുകൊള്ളട്ടെ. ആൻഡ്രോയിഡ്, ഐപോഡ്, ബ്ലാക്ക്ബെറി എന്നീ ആപ്ലിക്കേഷനുകൾക്കുള്ള സൗകര്യമാണ് ഇതിനകം തയ്യാറായിട്ടുള്ളത്. കെ. സി.ബി.സി. ബൈബിൾ കമ്മീഷൻ സംഘടിപ്പിച്ചിട്ടുള്ള ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിൽ പതിനായിരത്തോളം പേർ പങ്കെടുക്കുന്നുണ്ടെങ്കിലും വീട്ടിലിരുന്ന് ബൈബിൾ പഠിക്കാൻ അനേകായിരങ്ങൾ ഇനിയും പേരു രജിസ്റ്റർ ചെയ്യേണ്ടിയിരിക്കുന്നു.

13. വിശുദ്ധഗ്രന്ഥത്തിന്റെ ശ്രവ്യഭാഷ്യം തയ്യാറാക്കിക്കൊണ്ടിരിക്കുന്ന കേരള കാത്തലിക് ബൈബിൾ സൊസൈറ്റിക്ക് പ്രത്യേക അഭിനന്ദനങ്ങൾ! പുതിയനിയമം, ജ്ഞാനഗ്രന്ഥങ്ങൾ, പ്രവാചകഗ്രന്ഥങ്ങൾ, സങ്കീർത്തനങ്ങളുടെ ഏതാനും ഭാഗങ്ങൾ എന്നിവ ഇതിനകം ഓഡിയോ ബൈബിളായി ഇറങ്ങിക്കഴിഞ്ഞു. സൊസൈറ്റിയുടെ വെബ്സൈറ്റ് (www.keralabiblesociety.com) ബൈബിൾ പ്രേഷിതത്വത്തിന്റെ ഉത്തമ മാധ്യമമായി പൊതുവെ അംഗീകാരം നേടിയിട്ടുണ്ട്. ദൈവവചനപ്രചാരണരംഗത്തുള്ള കേരള കത്തോലിക്കരുടെ കൂട്ടായ്മയാണ് കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയെന്നറിയാമല്ലോ. ഇതിൽ അംഗങ്ങളാകാൻ നിങ്ങളെ ഓരോരുത്തരെയും സ്നേഹപൂർവം സ്വാഗതം ചെയ്യുന്നു. ജൂൺമാസം കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ അംഗത്വശേഖരണ തീവ്രമാസമായി ആചരിക്കുകയാണ്. കെ.സി. ബി.സി. ബൈബിൾ കമ്മീഷനും രൂപതാ ബൈബിൾ അപ്പോസ്ത

ലേറ്റിനും വേണ്ടി ബൈബിൾ ഞായറാഴ്ച നടത്തുന്ന ദിവ്യബലി മദ്ധ്യേയുള്ള പിരിവ് രൂപതാകേന്ദ്രത്തിൽ എത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

14. നമ്മുടെ മനസ്സു തുറക്കുന്നവനും വിശുദ്ധഗ്രന്ഥത്തിന്റെ അകക്കാമ്പു തുറക്കുന്നവനുമായി എന്നും ഉത്ഥിതനായ യേശു നമ്മോടുകൂടെ യുണ്ടായിരിക്കും. അതിന്റെ സ്ഥായിയായ ഉറപ്പാണ് "യുഗാന്തംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (മത്താ. 28:20) എന്ന അവിടുത്തെ വചനം. കേരളസഭയുടെ ബൈബിൾ പ്രേഷിതത്വത്തെ ഉത്ഥിതനായ കർത്താവ് ഇനിയും ഉജ്ജ്വലിപ്പിക്കട്ടെ!

സ്നേഹത്തോടെ,

**ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിൽ**
ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ
**ആർച്ച് ബിഷപ്പ് മോസ്റ്റ് റവ. ഡോ. സൂസൈപാക്യം**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ
**ബിഷപ്പ് തോമസ് മാർ അന്തോനിയോസ്**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

---

**NB:- ഈ സർക്കുലർ 2012 മെയ് മാസം 27-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# അത്മായ പ്രേഷിതത്വം

മിശിഹായിൽ സ്നേഹം നിറഞ്ഞ സഹോദരങ്ങളേ,

നവസുവിശേഷവത്ക്കരണത്തിനായി പരിശ്രമിക്കുന്ന സഭാമാതാവിനെ സംബന്ധിച്ചിടത്തോളം സങ്കീർണ്ണവും, ലൗകായികത്വവും നിറഞ്ഞ ഭൗതീക മേഖലകളിൽ ദൈവവചന സാക്ഷികളായി, ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമായി മാറാൻ സാധിക്കുന്ന ധാരാളം അത്മായ പ്രേഷിതരെ ആവശ്യമായിരിക്കുന്ന കാലഘട്ടമാണിത്. സമർപ്പിതർക്കോ പുരോഹിതർക്കോ കടന്നുചെന്നു പ്രവർത്തിക്കാൻ പരിമിതിയും പരിധിയുമുള്ള മേഖലകളിൽ സുവിശേഷ ദൗത്യം നിർവ്വഹിക്കാൻ സാധിക്കുന്നത് അത്മായർക്കാണല്ലോ. "ഭൗതീകലോകത്തിൽ വ്യാപരിക്കുമ്പോഴും ദൈവരാജ്യം അന്വേഷിക്കുകയും ദൈവീകപദ്ധതിയനുസരിച്ച് ഭൗതീകകാര്യങ്ങളെ ക്രമീകരിക്കുകയും ചെയ്യാൻ അത്മായർ വിളിക്കപ്പെട്ടിരിക്കുന്നു" (LG. No. 31) "ലോകത്തിൽ ജീവിക്കുകയും എന്നാൽ ലോകത്തിന്റേതാകാതിരിക്കുകയും ചെയ്യുക" (യോഹ. 17, 16) എന്നുള്ളത് അത്മായരെ സംബന്ധിച്ചിടത്തോളം ഏറെ വെല്ലുവിളികൾ നിറഞ്ഞതാണ്.

സഭയുടെ ആരംഭഘട്ടത്തിൽ ഒരേ കൂട്ടായ്മയിൽ നിന്ന് സാക്ഷ്യം നൽകാൻ അത്മായർക്കും പുരോഹിതർക്കും വേർതിരിവുകളില്ലായിരുന്നു. 4-ാം നൂറ്റാണ്ടിനുശേഷം പ്രകടമായിത്തുടങ്ങിയ വേർതിരിവ് മധ്യയുഗത്തിൽ അത്മായ സ്വാധീനത്താൽ വർദ്ധമാനമായി. മെത്രാൻമാരെയും മാർപാപ്പമാരെയും തിരഞ്ഞെടുക്കുന്ന ഉന്നതമായ ഉത്തരവാദിത്വങ്ങൾ വരെ (Lay Investiture) ഈ കാലഘട്ടത്തിൽ അത്മായർ വഹിച്ചിരുന്നു. എന്നാൽ 7-ാം ഗ്രിഗറിയോസ് പാപ്പായുടെ കാലം മുതൽ തുടങ്ങിയ നവീകരണ പ്രക്രിയയിലൂടെയും കാനൻ രൂപീകരണത്തിലൂടെയും, ഭൗതീക, ആദ്ധ്യാത്മിക അധികാര വേർതിരിവ് പ്രത്യക്ഷമായി. 13-ാം നൂറ്റൂണ്ടുമുതൽ ഇരുൾ നിറഞ്ഞ അത്മായ ചരിത്രമാണ് പ്രകടമാവുക. എന്നാൽ 19-ാം നൂറ്റാണ്ടിന്റെ ഉദയത്തോടെ ഫ്രെഡറിക് ഓസാനാമും സഹപ്രവർത്തകരും അത്മായ മുന്നേറ്റത്തിന് നൽകിയ തുടക്കം ഉച്ചസ്ഥായിയിലായത് രണ്ടാം വത്തിക്കാൻ കൗൺസിലോടുകൂടിയാണ്. അത്മായ വിശ്വാസികളെക്കുറിച്ചുള്ള പ്രബോധനങ്ങൾ കൗൺസിലിന്റെ പ്രത്യേകതയാണ്. തിരുസഭയെക്കുറിച്ചുള്ള പ്രമാണരേഖയിൽ ദൈവജനത്തെക്കുറിച്ച് പ്രതിപാദിക്കുന്ന അധ്യായത്തിന് നൽകിയ മുൻഗണന ഏറ്റവും പ്രധാനപ്പെട്ട നവീകരണ സംഭവമായി Pax Romano യുടെ പ്രസിഡന്റ് റോമൻ ലെഗ്രാൻസ് വിലയിരുത്തുന്നു. "ലൗകീക ലോകത്തെ നവീകരിക്കുക എന്നത് അത്മായരുടെ നിയതമായ ദൗത്യമായി ഏറ്റെടുക്കപ്പെടണം. സുവിശേഷവെളിച്ചത്തിൽ സഭയുടെ മനസ്സോടുചേർന്നും, ക്രിസ്തീയ സ്നേഹത്തിൽ പ്രേരിതരായും പ്രത്യക്ഷമായ രീതിയിലും പ്രത്യേകമായ തരത്തിലും പ്രവർത്തിച്ചാകണം നവീകരണം

സാധിതമാക്കേണ്ടത് (AA 7). ഇപ്രകാരം സഭയുടെ മനസ്സറിഞ്ഞ് ലോകത്തെ നവീകരിക്കാനുള്ള ശ്രമങ്ങൾ കേരള സഭയിലും വത്തിക്കാൻ സൂനഹദോസിനു മുമ്പേ ആരംഭിച്ചിരുന്നു. തദ്ദേശ മെത്രാൻമാരുടെ കാലത്താണ് കേരള അത്മായനേതൃത്വം, സഭാപ്രവർത്തനങ്ങളിൽ നിന്നും അകന്നത്. അതുവരെ ലത്തീൻ മേൽക്കോയ്മയിൽ പോലും സമുദായനേതാക്കൾ ശക്തമായി പ്രവർത്തിച്ചിരുന്നുവെന്ന് ചരിത്രം സാക്ഷ്യം വഹിക്കുന്നു.

കേരള കത്തോലിക്കാ സമുദായത്തിൽ നിന്നും ഉയിർക്കൊണ്ട നക്ഷത്രശോഭയുള്ള മഹത്വ്യക്തിത്വങ്ങൾ കേരള രാഷ്ട്രീയ, സാംസ്കാരിക, സാഹിത്യ സദസുകളിൽ വിളങ്ങിയിട്ടുണ്ട്. യുഗപ്രഭാവനായ രാജശ്രീ ഷെവലിയർ തരിയത് കുഞ്ഞിത്തൊമ്മനെപ്പോലെയുള്ളവർ സാരഥ്യം വഹിച്ചിട്ടുള്ള കത്തോലിക്കാ കോൺഗ്രസിലൂടെയാണ്, കേരളസഭയിലെ അത്മായ മുന്നേറ്റം ശക്തിപ്രാപിക്കുന്നത്. സുറിയാനി ക്രിസ്ത്യാനികളുടെ ഐക്യത്തിനു വേണ്ടി 1882 ൽ നിധീരിക്കൽ മാണിക്കത്തനാരുടെ നേതൃത്വത്തിൽ ജാത്യൈക്യ സംഘവും, 1905 ൽ കത്തോലിക്കാ ക്രിസ്തീയ മഹാജനസഭയും, 1918 ൽ മാന്നാനത്തു ചേർന്ന സമ്മേളനത്തിൽ വച്ച് അഖിലകേരള കത്തോലിക്കാ മഹാജനസഭയും രൂപീകരിക്കപ്പെടുകയും, പിന്നീട് 1930 ൽ അഖിലകേരള കത്തോലിക്കാ കോൺഗ്രസ് എന്ന് പേര് സ്വീകരിക്കുകയും ചെയ്തു. നമ്മുടെ സഭയിലെ അത്മായ പ്രമുഖരുടെ പ്രാർത്ഥനയുടെയും കൂടിയാലോചനകളുടെയും പരിശ്രമത്തിന്റെയും ഇച്ഛാശക്തിയുടെയും ഫലമായിട്ടാണ് കത്തോലിക്കാ കോൺഗ്രസ് എന്ന സമുദായ സംഘടന രൂപംകൊണ്ടത്.

തിരുവിതാംകൂർ രാഷ്ട്രീയ ചരിത്രത്തിൽ നിർണ്ണായകമായ പല സമരങ്ങൾക്കും നേതൃത്വം കൊടുത്തത് കത്തോലിക്കാ കോൺഗ്രസ് ആയിരുന്നു. നിധീരിക്കൽ മാണിക്കത്തനാരുടെ നേതൃത്വത്തിൽ രൂപം കൊണ്ട ജാത്യൈക സംഘം സുറിയാനി ക്രിസ്ത്യാനികളുടെ ഐക്യം സാധ്യമാക്കി. ശ്രീ. തരിയതു കുഞ്ഞിത്തൊമ്മന്റെ നേതൃത്വത്തിൽ നടന്ന പൗരസമത്വവാദ സമരവും തുടങ്ങി. നിവർത്തന പ്രക്ഷോഭത്തിൽവരെ നിർണ്ണായക സ്വാധീനം ചെലുത്താൻ സമുദായ നേതൃത്വത്തിന് സാധിച്ചു. "ക്രിസ്ത്യൻ മെമ്മോറിയൽ" സമർപ്പിച്ചതിന്റെ പേരിൽ ദിവാന്റെ അപ്രീതിക്കു പാത്രീഭൂതരായ സമുദായ പ്രതിനിധികളെ, അവരുടെ ധീരതയെ നമുക്ക് മറക്കാനാവുമോ? സർ സി.പി.യുടെ വിദ്യാഭ്യാസ നയത്തിനെതിരെ ശക്തമായ സമരങ്ങൾക്ക് നേതൃത്വം നൽകിയ കത്തോലിക്കാ കോൺഗ്രസിനെ കാലഹരണപ്പെടുത്തിക്കളയാൻ സമുദായ സ്നേഹികൾക്കാവുമോ?

നമ്മുടെ പൂർവ്വികർ അനുഭവിച്ച പ്രതിസന്ധികൾ പുതിയ രൂപത്തിലും, ഭാവത്തിലും ഈ തലമുറയിലും പ്രത്യക്ഷമാകുമ്പോൾ, സമുദായത്തിന്റെ കൂട്ടായ്മയും, ഐക്യവും ഊട്ടിയുറപ്പിക്കുന്ന, സമുദായത്തിന്റെ ശബ്ദമായി നിലകൊള്ളേണ്ട ഒരു പ്രസ്ഥാനം പൂർവ്വികർ

വളർത്തിവലുതാക്കി നൽകിയത് ഇതളുകൾ നശിപ്പിച്ച് മനോഹാരിതയും ഇച്ഛാശക്തിയും നഷ്ടപ്പെടുത്തിയാൽ നമുക്കുവേണ്ടി ആരാണ് പ്രതികരിക്കുക? പുരോഗമന ചിന്തകർ എന്ന ഭാവത്തിൽ സഭാവിരോധികളുടെ ചട്ടുകങ്ങളായി നമ്മുടെ ഇളം തലമുറ ചിതറിക്കപ്പെടാതിരിക്കാൻ, സഭാസ്നേഹത്തിലും സമുദായ ഐക്യത്തിലും അവരെ പരിശീലിപ്പിക്കാനും, പ്രബുദ്ധരാക്കാനും തീക്ഷ്ണമതികളായ അത്മായർ മുന്നിട്ടിറങ്ങണം. കത്തോലിക്കാ കോൺഗ്രസിന് അപ്രകാരമൊരു മുന്നേറ്റത്തിൽ ധാരാളം പ്രവർത്തിക്കാനുമുണ്ട്. പൂർവ്വികർ പൈതൃകമായി നൽകിയ ഈ സമുദായ സംഘടനയെക്കുറിച്ച് ആഴത്തിൽ പഠിക്കാനും, ധീര നേതാക്കളുടെ ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങളിൽ അഭിമാനം പൂണ്ട്, സമുദായത്തിന്റെ മുഖ്യധാരയിലേയ്ക്ക് കത്തോലിക്കാ കോൺഗ്രസിനെ നയിക്കുന്നതിനും, തീക്ഷ്ണമതികളും, സമുദായ സ്നേഹികളുമായ അത്മായ വിശ്വാസികൾ ആത്മാർത്ഥതയോടെ മുന്നണിപ്പോരാളികളാകണം. ഇക്കാലങ്ങളിൽ തളിർത്തു കിട്ടുന്ന നമ്മുടെ സമുദായ സംഘടന ശക്തമാക്കണം. 2012 മെയ് അംഗത്വ സ്വീകരണ മാസമായി ആചരിക്കുന്നു. ഈ കാലയളവിൽ സമുദായത്തോട് പ്രതിബദ്ധതയും, കൂറുമുള്ള എല്ലാ വിശ്വാസികളും ഈ സംഘടനയിൽ ചേർന്ന് പ്രവർത്തിക്കാൻ ഞാൻ ആഹ്വാനം ചെയ്യുന്നു.

നമ്മുടെ സമുദായത്തിലെ വനിതാവിഭാഗത്തെയും, സമുദായത്തിന്റെ മുൻനിരയിലേയ്ക്ക് വളർത്തുവാനും, അവർ അനുഭവിക്കുന്ന അടിമത്തങ്ങളിൽ നിന്നും മോചനം നേടാനും സ്ത്രീകളെ സജീവമാക്കണം. വിവിധ പേരുകളിൽ ഓരോ രൂപതയിലും പ്രവർത്തിക്കുന്ന വനിതാ സംഘടനകളെ സമുദായത്തിന്റെ പൊതു നേതൃത്വത്തിലും, നിയന്ത്രണത്തിലുമാക്കാൻ സീറോ മലബാർ സഭാസിനഡിന്റെ ശുപാർശയോടെ വനിതാഫോറം രൂപീകരിച്ച് പ്രവർത്തിക്കുന്നു. 2012 മാർച്ച് 14 ന് കലൂർ റിന്യൂവൽ സെന്ററിൽ നടന്ന സംസ്ഥാന കമ്മറ്റിയിലെടുത്ത തീരുമാനപ്രകാരം, റീജണൽ സമ്മേളനങ്ങൾ നടത്തിയശേഷം, സംസ്ഥാനതല സമ്മേളനം നടത്തി നേതൃത്വത്തെ തിരഞ്ഞെടുക്കാനുമുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നുവരുന്നു. എല്ലാവരുടെയും സഹകരണവും അനുവാദവും ഇതിനുണ്ടാകണം. വനിതകളെ പാരീഷ് കൗൺസിൽ, പാസ്റ്ററൽ കൗൺസിൽ, ഇടവകയിലെ മറ്റു ഭരണ സമിതികൾ, ഇവയിലൊക്കെ പങ്കാളികളാക്കി സഭ അവരുടേതുമാണ് എന്ന് അനുഭവപ്പെടാൻ ഇടയാകണം. വിശ്വാസികളെ നയിക്കുന്ന പരിശുദ്ധാത്മാവ് നമ്മുടെ അത്മായ പ്രസ്ഥാനത്തേയും ശക്തമായി നയിക്കട്ടെയെന്ന് ആശംസിക്കുന്നു.

ഈശോയിൽ സ്നേഹപുരസരം,

ഇടുക്കി **മാർ മാത്യു ആനിക്കുഴിക്കാട്ടിൽ**

15-5-2012 സീറോ മലബാർ അത്മായ കമ്മീഷൻ അംഗം

# പച്ചയായ പുൽത്തകിടിയിലേക്ക്

**(ഏപ്രിൽമാസം ബുള്ളറ്റിനിൽ പ്രസിദ്ധീകരിച്ചതിന്റെ തുടർച്ച)**

**5. പ്രകൃതിയിലെ ദൈവസാന്നിദ്ധ്യം**

പ്രകൃതിക്ക് പ്രകൃത്യതീതമായ കാരണങ്ങളാൽ സവിശേഷമായ മൂല്യമുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് സൃഷ്ടപ്രപഞ്ചത്തിലെ ദൈവസാന്നിദ്ധ്യം. പ്രകൃതിയിൽ ദൈവം വസിക്കുന്നുവെന്നത് ദൈവ ശാസ്ത്രപാരമ്പര്യത്തിന് അന്യമോ വിരുദ്ധമോ ആയ നിലപാടല്ല.[1] വിശുദ്ധ പൗലോസിന്റെ വാക്കുകളിൽ: "സകലതിലുമുപരിയും സകലതിലൂടെയും സകലതിലും വർത്തിക്കുന്നവനും നമ്മുടെയെല്ലാം പിതാവുമായ ദൈവം ഒരുവൻ മാത്രം" (എഫേ. 4, 6). 553-ലെ രണ്ടാം കോൺസ്റ്റാന്റിനോപ്പിൾ കൗൺസിൽ പരിശുദ്ധ ത്രിത്വത്തെക്കുറിച്ചു പഠിപ്പിച്ചതിൽ സകലതും ദൈവത്തിൽ എന്നത് വ്യക്തമാക്കുന്നുണ്ട്. പ്രകൃതിയിലുള്ള ദൈവസാന്നിദ്ധ്യത്തെക്കുറിച്ച് വിശുദ്ധ തോമസ് അക്വീനാസ് ശക്തമായ ആവിഷ്കാരം നടത്തുന്നുണ്ട്. ശരീരത്തിൽ ആത്മാവ് എങ്ങനെ വസിക്കുന്നുവോ അതേ രീതിയിൽ ഭൂമിയിൽ ദൈവം വസിക്കുന്നുവെന്ന് എഴുതാൻ അക്വീനാസ് മടിച്ചില്ല.[2] പ്രകൃതി ദൈവത്തിന്റെ ദർപ്പണമാണെന്ന് വിശുദ്ധ ബൊനവെഞ്ചർ എഴുതി[3]. ഒരുപടി കൂടിക്കടന്ന്, പ്രകൃതി ദൈവത്തിന്റെ ദർപ്പണം മാത്രമല്ല പദാർത്ഥത്തിന്റെ ഓരോ കണികയിലും ദൈവത്തിന്റെ സാന്നിദ്ധ്യം ഉൾക്കൊള്ളുന്നുവെന്ന് ഡൺസ്കോട്ടസ് പഠിപ്പിച്ചു. ഇതേ ആശയം മറ്റു വാക്കുകളിൽ ബെനഡിക്ട് പതിനാറാമൻ മാർപാപ്പാ അവതരിപ്പിക്കുന്നു. ദൈവവചനപ്രേരിതരായി നാം ലോകത്തിൽ ഇടപെട്ടാൽ സർവതും ആരിലൂടെ സൃഷ്ടിക്കപ്പെട്ടോ ആ വചനത്തിന്റെ അംശങ്ങൾ പ്രപഞ്ചത്തിൽ കണ്ടെത്താൻ നമുക്കു കഴിയും.[4] യുവജനങ്ങൾക്കായി തയ്യാറാക്കിയ മതബോധനഗ്രന്ഥത്തിൽ അദ്ദേഹമെഴുതി: "ദൈവത്തിന്റെ കൈപ്പട അവിടുത്തെ സൃഷ്ടിയിൽ വായിക്കാം".[5] പ്രകൃതിയിൽ ദൈവത്തെ കാണാനായാൽ അത് പ്രകൃതിയോടുള്ള നമ്മുടെ ആഭിമുഖ്യങ്ങൾ മാറ്റിമറിക്കും. അങ്ങനെ വന്നാൽ പ്രകൃതിയോടുള്ള നമ്മുടെ മനോഭാവം ആദരപൂർവകമായിരിക്കും, അതൊരിക്കലും ചൂഷണപര മായിരിക്കുകയില്ല.

**6. പ്രകൃതിവസ്തുക്കളുടെ ഉപയോഗം**

പ്രകൃതിവിഭവങ്ങൾ ഉപയോഗിക്കാതെ മനുഷ്യവർഗത്തിന് അതിജീവനമില്ല. ഉത്പത്തിപുസ്തകത്തിലെ സൃഷ്ടിവിവരണമനുസരിച്ച് ദൈവനിയോഗത്തിന്റെ ഭാഗമാണത്. സസ്യങ്ങളെയും മൃഗങ്ങളെയും ഭക്ഷിക്കാൻ മനുഷ്യന് അനുവാദമുണ്ട്. എന്നാലും മൃഗങ്ങളെ പീഡിപ്പിക്കാനോ മനുഷ്യർക്കുചേരാത്തവിധം അവയെ സൂക്ഷിക്കാനോ അനുവാദമില്ല. അത് സൃഷ്ടിയുടെ മഹത്ത്വത്തിനു വിരുദ്ധമാണ്. അത്യാഗ്രഹം മൂലം അവിവേകത്തോടെ ഭൂമിയെ ചൂഷണം ചെയ്യുന്നതുപോലെ തന്നെ.[6]

ജീവജാലങ്ങളുടെ ഭാവിയെ മാനിച്ചുകൊണ്ട് വിഭവവിനിയോഗം നടത്തണമെന്നു സൂചിപ്പിക്കുന്ന ഭാഗങ്ങൾ പഴയനിയമത്തിലുണ്ട്: കുഞ്ഞുങ്ങളുടെയോ മുട്ടകളുടെയോമേൽ തള്ളപ്പക്ഷി അടയിരിക്കുന്ന ഒരു പക്ഷിക്കൂട് വഴിയരികിലുള്ള ഏതെങ്കിലും വൃക്ഷത്തിലോ നിലത്തോ കാണാനിടയായാൽ, കുഞ്ഞുങ്ങളോടുകൂടെ തള്ളയെ എടുക്കരുത്. തള്ളപ്പക്ഷിയെ പറന്നുപോകാൻ അനുവദിച്ചശേഷം കുഞ്ഞുങ്ങളെ നിനക്കെടുക്കാം (നിയ. 22, 6.7). യുദ്ധകാലങ്ങളിൽ നഗരങ്ങൾ ഉപരോധിക്കേണ്ടിവരുമ്പോൾ അതിലെ വൃക്ഷങ്ങളിലൊന്നും കോടാലി കൊണ്ട് വെട്ടിനശിപ്പിക്കരുതെന്ന് യഹോവ അനുശാസിക്കുന്നു (നിയ. 20,19).

വികസനപ്രവർത്തനങ്ങൾക്കും വിഭവങ്ങൾ അനിവാര്യമാണ്. അതേ സമയം ഏറ്റവുമധികം പ്രകൃതിചൂഷണം നടക്കുന്നതും വികസനത്തിന്റെ പേരിലാണ്. പരിസ്ഥിതിയെ മാനിക്കുന്ന വികസന നയമാണ് നമുക്കാവശ്യം. സുസ്ഥിരവികസനമെന്ന പ്രയോഗത്തിൽ ഇതും സാധാരണഗതിയിൽ ഉൾപ്പെടുന്നതാണ്. വിഭവ വിനിയോഗത്തിനും ബാധകമായ ഒരു പൊതുനിയമം രണ്ടാം വത്തിക്കാൻ കൗൺസിൽ സൂചിപ്പിക്കുന്നുണ്ട്: ഓരോ മാനുഷിക പ്രവൃത്തിയും ദൈവത്തിന്റെ പദ്ധതിയോടും ഹിതത്തോടും മനുഷ്യവംശത്തിന്റെ യഥാർത്ഥ നന്മയോടും ചേർന്നതാകണം.[7] വികസനശ്രമങ്ങളുടെ പ്രായോഗിക വശം മാനിച്ചുകൊണ്ട് ജോൺപോൾ രണ്ടാമൻ പാപ്പാ പറഞ്ഞു: "പ്രകൃതി വിഭവങ്ങൾ ഉപയോഗിക്കുന്ന ഓരോ സാമ്പത്തിക പ്രവർത്തനവും പരിസ്ഥിതി സംരക്ഷണത്തോടു താത്പര്യം കാണിക്കണം. അതിനു വരുന്ന ചെലവുകൾ യഥാർത്ഥ ചെലവിന്റെ ഭാഗമായി കണക്കാക്കണം".[8]

**7. പ്രപഞ്ചവീക്ഷണം സഭാപിതാക്കന്മാരിൽ**

**7.1. വിശുദ്ധ അപ്രേം**

നാലാം നൂററാണ്ടിൽ ജീവിച്ചിരുന്ന വിശുദ്ധ അപ്രേമിന് വേദപുസ്തകത്തിലും പ്രകൃതിയിലുമുള്ള പ്രതീകങ്ങൾ ദൈവത്തിലേക്കുള്ള ഒരുവന്റെ യാത്രയിലെ ഉപകരണങ്ങളായി കാണാൻ സാധിച്ചതിനാൽ, അദ്ദേഹം എക്കോ-ദൈവശാസ്ത്രജ്ഞനായി അറിയപ്പെടുന്നു. നിങ്ങൾ എവിടെ നോക്കിയാലും അവിടെയെല്ലാം ദൈവത്തിന്റെ പ്രതീകങ്ങൾ കാണാം. നിങ്ങൾ എന്തുവായിച്ചാലും അവിടെയെല്ലാം ദൈവത്തിന്റെ പ്രതിരൂപങ്ങൾ കാണാം.[9] പരിശുദ്ധ മറിയം മിശിഹായെ ശരീരത്തിൽ നല്കിയപ്പോൾ സൃഷ്ടലോകം മിശിഹായെ പ്രതീകങ്ങളിലൂടെ നല്കി.[10] മാർ അപ്രേമാണ് പരിസ്ഥിതി വീക്ഷണങ്ങൾ ഉൾക്കൊള്ളുന്ന ദൈവശാസ്ത്ര ചിന്തകളും ലോകം, പ്രപഞ്ചം എന്നിവയെക്കുറിച്ച് ഏറ്റവും ആഴമുള്ളതും ആകർഷകവുമായ വീക്ഷണവും മറ്റാരെയുംകാൾ കൂടുതലായി അവതരിപ്പിച്ചിട്ടുള്ളത്.

പ്രപഞ്ചം മുഴുവൻ ദൈവത്തിന്റെ കൃപയാൽ നിറഞ്ഞിരിക്കുന്നു. ദൈവത്തിന്റെ പ്രതീകങ്ങളാണവയെല്ലാം. എല്ലാ പ്രതീകങ്ങളും അടയാളങ്ങളും ആത്യന്തികമായിവന്നുചേരുന്നത് മിശിഹായിലാണ്. പ്രതീ

കങ്ങളിൽ നിന്ന് യാഥാർത്ഥ്യത്തിലേക്കു യാത്ര ചെയ്യുക എന്നതാണ് നമ്മുടെ ദൗത്യം. പ്രപഞ്ചം മുഴുവൻ രക്ഷ പ്രതീക്ഷിച്ചു കഴിയുകയാണ്. ഓരോ സൃഷ്ടജാലവും അതിന്റെ പ്രകൃതിക്കു ചേർന്നവിധമാണ് രക്ഷ പ്രാപിക്കേണ്ടത്. മനുഷ്യൻ രക്ഷപ്രാപിക്കേണ്ടത് മിശിഹായോടു ചേർന്നാണ്. മറ്റു ജീവജാലങ്ങൾ അന്ത്യദിനത്തിലെ നവീകരണത്തിലൂടെയാണെന്നും മാർ അപ്രേം നമ്മെ ഓർമ്മപ്പെടുത്തുന്നു.

**7.2. നിനുവേയിലെ ഐസക്ക്**

എളിയ മനുഷ്യർ വന്യമൃഗങ്ങളെ സമീപിക്കുന്നു. അവ അവനെ കാണുമ്പോൾത്തന്നെ അവയുടെ വന്യതയും മൃഗീയതയും ശാന്തമാക്കുന്നു. അവ അവരുടെ യജമാനന്റെ പക്കലേക്കെന്നപോലെ വരുന്നു, വാലാട്ടിക്കൊണ്ട്, കൈ നക്കിക്കൊണ്ട്, കാലുമുത്തിക്കൊണ്ട്. പാപം ചെയ്യുന്നതിനു മുമ്പ് അവനിൽ നിന്നു പരന്ന നറുമണം അവൻ ഇപ്പോൾ അനുഭവിക്കുന്നു. ആദം മൃഗങ്ങളെ പേരു ചൊല്ലിവിളിച്ചപ്പോൾ ഈ അടുപ്പം ഉണ്ടായിരുന്നു. ഈ നറുമണം നമ്മിൽ നിന്ന് എടുത്തുമാറ്റിയിരുന്നു. എന്നാൽ ഈശോ അതിനെ പരിഹരിച്ച് നമുക്കു തിരിച്ചു തന്നു. ഇതാണ് മനുഷ്യവർഗത്തെ മധുരതരമാക്കുന്നത്.[11]

**7.3. ജോൺ ഡമഷീൻ**

എല്ലാ പദാർത്ഥത്തെയും ഞാൻ ബഹുമാനിക്കുന്നു. എന്റെ രക്ഷ അതിലൂടെയാണ്. അതിൽ ദൈവത്തിന്റെ കൃപയുണ്ട്. ഏറ്റവും അനുഗൃഹീതമായ കുരിശിന്റെ തടി പദാർത്ഥമല്ലേ? പരിശുദ്ധവും പരിപാവനവുമായ കാൽവരിമല പദാർത്ഥമല്ലേ? ജീവദായകമായ പാറ, പരിശുദ്ധ കുഴിമാടം പദാർത്ഥമല്ലേ? സുവിശേഷപുസ്തകം പദാർത്ഥമല്ലേ? ജീവന്റെ കൂദാശ പരികർമ്മം ചെയ്യുന്ന മേശ പദാർത്ഥമല്ലേ? കാസായും പീലാസായും നിർമ്മിക്കുന്ന സ്വർണം പദാർത്ഥമല്ലേ? അവസാനമായി, മിശിഹായുടെ ശരീരവും രക്തവും പദാർത്ഥമല്ലേ? പദാർത്ഥത്തെ പുച്ഛിക്കരുത്. അത് പുച്ഛിക്കപ്പെടേണ്ടതല്ല.[12]

**7.4. മഹാനായ അമ്പ്രോസ്**

പ്രകൃതി എല്ലാ കാര്യങ്ങളും മനുഷ്യന് പൊതുവിൽ നല്കിയിരിക്കുന്നു. എല്ലാവർക്കും ഭക്ഷണം ആവശ്യമാണെന്നു കണ്ടാണ് ദൈവം എല്ലാ വിഭവങ്ങളും ഒരുക്കിയത്. ഭൂമി മനുഷ്യന്റെ പൊതുസ്വത്താണ്. പ്രകൃതി ഒരു പൊതുനിയമമാണ് കൊണ്ടുവന്നിരിക്കുന്നത്. പക്ഷേ അത്യാർത്തി അതിനെ സ്വകാര്യ അവകാശമാക്കി.[13]

**7.5. മററു സഭാപിതാക്കന്മാർ**

വിശുദ്ധ ബസേലിയോസ്, വിശുദ്ധ അന്തോനിയോസ്, വിശുദ്ധ ജറോം, വിശുദ്ധ ആഗസ്തീനോസ് മുതലായ താപസന്മാരും മിസ്റ്റിക്കുകളും വിശുദ്ധ ഫ്രാൻസീസ് അസ്സീസിയെപ്പോലുള്ള വിശുദ്ധരും പ്രപഞ്ചവസ്തുക്കൾ തങ്ങളുടെ ആത്മീയ അന്വേഷണങ്ങളിൽ സമർത്ഥമായി ഉൾച്ചേർത്തവരാണ്. നമ്മൾ ദൈവമക്കളും പരസ്പരം സഹോദരരും ആയിരിക്കുന്നതുപോലെ മററു പ്രപഞ്ചവസ്തുക്കളെയും സഹോദരങ്ങളായി കാണാൻ അസ്സീസിയിലെ പുണ്യവാനു കഴിഞ്ഞു. ജർമ്മൻമിസ്റ്റിക്കുകളായ മൈസ്റ്റർ എക്കാർട്ട്

(1260-1327), ഹിൽഡെഗാർഡ് ഓഫ് ബിങ്ങൻ (1098-1179) തുടങ്ങിയവരും ദൈവ ശാസ്ത്രജ്ഞനായ തോമസ് അക്വീനാസും (1225-1274) പ്രകൃതിയോട് തുറവുള്ളവരായിരുന്നു. ചെറിയ പുല്ക്കൊടി പോലും ദൈവത്തെക്കുറിച്ച് നമ്മെ ഓർമ്മപ്പെടുത്തുന്നുവെന്ന് വിശുദ്ധ ബേസിൽ (330-379) എഴുതി.

**8. പരിസ്ഥിതിസംരക്ഷണവും ധാർമ്മികതയും**

ദൈവവുമായുള്ള മനുഷ്യരുടെ ബന്ധത്തകർച്ചയാണ് പാപത്തിന്റെ ആത്യന്തികമാനം. മനുഷ്യരുമായുള്ള നമ്മുടെ ബന്ധം ഉലയുന്നത് ദൈവവുമായുള്ള ബന്ധത്തെ ബാധിക്കുമെന്നത് വ്യക്തമാണ്. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യർ ദൈവത്തിന്റെ പ്രതിനിധികളായി പ്രവർത്തിക്കേണ്ടവരാണ്. ദൈവഹിതം ലംഘിച്ചുകൊണ്ടുള്ള പ്രകൃതിയുടെ ഉപഭോഗമാണ് പ്രഥമ പാപം. എന്നാൽ പ്രകൃതിയുമായുള്ള ബന്ധം താറുമാറാക്കുന്നത് പാപകരമാണെന്ന് ഇന്നും നമുക്ക് വലിയ ബോധ്യമില്ല. ദൈവവുമായുള്ള മനുഷ്യരുടെ ബന്ധത്തിൽ സാധാരണഗതിയിൽ മണ്ണും മരങ്ങളും കയറിവരുന്നില്ല; കാരണം മനുഷ്യന്റെ ജീവൽപങ്കാളിയായി പ്രകൃതിയെ നാം കാണുന്നില്ല എന്നതുതന്നെ. പ്രകൃതിയെ അശ്രദ്ധമായി നശിപ്പിക്കുന്നത് പാപകരമാണെന്നു നാം കരുതുന്നില്ല. മാരകമായ വിഷംതളിച്ച് പച്ചക്കറിയുണ്ടാക്കി വില്ക്കുന്നത് ഏറ്റുപറയേണ്ട പാപങ്ങളുടെ പട്ടികയിൽ വരുന്നില്ല. ഏഴ് സാമൂഹിക മൂലപാപങ്ങളുടെ പട്ടിക വത്തിക്കാൻ 2008-ൽ പുറത്തിറക്കിയിരുന്നു. അതിലൊന്ന് പ്രകൃതിയെ മലിനമാക്കുന്നതാണ്. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥത്തിൽ മോഷ്ടിക്കരുത് എന്ന 7-ാം കല്പനയെപ്പറ്റി പ്രതിപാദിക്കുന്നിടത്ത് പരിസ്ഥിതിയെയും മൃഗങ്ങളെയും നാം എങ്ങനെ ഉപയോഗിക്കുന്നുവെന്നത് പരിചിന്തനത്തിന് വിഷയമാക്കിയിരിക്കുന്നു. ഭൂമിയുടെമേൽ ആധിപത്യമുണ്ടായിരിക്കട്ടെ (ഉൽപ. 1,28) എന്നതിന് പ്രകൃതിയെ തന്നിഷ്ടം പോലെ കൈകാര്യം ചെയ്യാൻ വ്യവസ്ഥാതീതമായ അവകാശമുണ്ടെന്ന് അർത്ഥമില്ല. മനുഷ്യൻ ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ടവനാകയാൽ അജപാലകനെപ്പോലെയും കാര്യസ്ഥനെപ്പോലെയും ദൈവത്തിന്റെ സൃഷ്ടപ്രപഞ്ചം പരിപാലിക്കണം[14] മൃഗങ്ങളും ദൈവത്തിന്റെ സചേതനസൃഷ്ടികളാണ്. അവയെ പീഡിപ്പിക്കുന്നതും സഹിക്കാൻ അവയെ അനുവദിക്കുന്നതും ഉപകാരമില്ലാതെ അവയെ കൊല്ലുന്നതും പാപമാണ്.[15] എന്നു ബെനഡിക്ട് 16-ാമൻ മാർപാപ്പാ പഠിപ്പിക്കുന്നു. ചുരുക്കത്തിൽ, ദൈവവുമായുള്ള നമ്മുടെ ബന്ധത്തെ നിഷേധാത്മകമായി ബാധിക്കാൻ പോരുന്നതാണ് പ്രകൃതിക്കെതിരേയുള്ള നമ്മുടെ നിലപാടുകൾ.

**(ബാക്കിഭാഗം അടുത്തമാസത്തെ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുന്നതാണ്.)**

# രൂപതാകച്ചേരി വാർത്തകൾ

**വൈദികരുടെ സ്ഥലംമാറ്റം**

നമ്മുടെ രൂപതയിൽ വൈദികരുടെ സ്ഥലംമാറ്റം ഈ വർഷം മേയ് 19-ാം തീയതിയാണല്ലോ. 20-ാം തീയതി പുതിയ സ്ഥലങ്ങളിൽ ചാർജ്ജെടുക്കുന്നു. സ്ഥലം മാറിപോകുന്ന ഓരോരുത്തർക്കും പുതിയ സ്ഥലത്ത് എല്ലാ ദൈവാനുഗ്രഹങ്ങളും വിജയങ്ങളും ആശംസിക്കുന്നു. ഇപ്പോൾ ആയിരിക്കുന്നിടത്ത് ചെയ്ത സേവനങ്ങൾക്ക് നല്ല ദൈവം നൂറിരട്ടിയായി പ്രതിഫലം നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. സ്ഥലം മാറ്റത്തിനു മുൻപ് ചെയ്യേണ്ട ഏതാനും കാര്യങ്ങൾ ഓർമ്മിപ്പിക്കട്ടെ.

പുതുതായി വരുന്ന അച്ചന് പുതിയ സ്ഥലത്തെ സേവനം എളുപ്പമാക്കുവാൻ സഹായിക്കുമാറ് ഇടവകയെക്കുറിച്ച് വിശദമായ ഒരു റിപ്പോർട്ട് എഴുതി സമർപ്പിക്കുന്നത് നന്നായിരിക്കും. വിശദമായ റിപ്പോർട്ടിന്റെ ചുരുക്കം, രൂപതയിൽ നിന്നും അയച്ചുതന്ന സ്ഥലമാറ്റം റിപ്പോർട്ട് ഫോമിൽ രേഖപ്പെടുത്തി വികാരിയും നടത്തുകൈക്കാരനും ഒപ്പിട്ട്, അതിന്റെ 2 കോപ്പികൾ പുതിയ വികാരിയെ ഏൽപ്പിക്കുക. പുതിയ വികാരി കൂടി ഒപ്പിട്ട് അതിന്റെ ഒരു കോപ്പി ഇടവക ഫയലിൽ സൂക്ഷിക്കുകയും ഒരു കോപ്പി രൂപതാ കേന്ദ്രത്തിൽ എത്തിച്ചു തരികയും ചെയ്യണം. പള്ളിയുടെ / സ്ഥാപനത്തിന്റെ പ്രധാന രേഖകൾ, ബാങ്കിടപാടുകൾ എന്നിവ കാലോചിതമായി പുതുക്കി സ്ഥലംമാറി വരുന്ന വൈദികനെ ഏൽപ്പിക്കേണ്ടതാണ്.

**സ്നേഹസ്മരണ**

ബഹു. കൊല്ലിത്താനത്തച്ചന്റെ ചരമവാർഷികം ജൂൺ 3-ാം തീയതിയും ബഹു. കാട്ടൂരച്ചന്റേത് 8-ാം തീയതിയുമാണ്. ഈ രണ്ടു വൈദികരെയും നമ്മുടെ പ്രാർത്ഥനകളിലും വി. ബലികളിലും പ്രത്യേകം അനുസ്മരിക്കാം. ജൂൺ 3-ാം തീയതി ഞായറാഴ്ച ആയതിനാൽ ജൂൺ 2-ാം തീയതി ശനിയാഴ്ച രാവിലെ 7 മണിക്ക് സീയോൻ ചാപ്പലിൽ ബഹു. കൊല്ലിത്താനത്തച്ചനുവേണ്ടിയുള്ള വി. കുർബാനയുണ്ടായിരിക്കും.

## വൈദികർ, പള്ളിജീവനക്കാർ എന്നിവരുടെ അലവൻസിൽ വർദ്ധനവ്

വർദ്ധിച്ചുവരുന്ന ജീവിതസാഹചര്യങ്ങൾ മനസ്സിലാക്കി തലശ്ശേരി അതിരൂപതയിലെയും സമാന്തരരൂപതകളായ മാനന്തവാടി, താമരശ്ശേരി, ബൽത്തങ്ങാടി, ***ഭദ്രാവതി, മണ്ട്യ** രൂപതകളിലെ വൈദികരുടെയും പാർട്ട് ടൈമായി സേവനം ചെയ്യുന്ന പള്ളിജീവനക്കാരുടെ ശമ്പളത്തിൽ ഗണ്യമായ വർദ്ധനവ് വരുത്തുകയാണ്. മേൽപ്പറഞ്ഞ രൂപതകളിലെ വികാരി ജനറാളച്ചന്മാരും ചാൻസലറച്ചന്മാരും 2012 മാർച്ച് 26-ാം തീയതി തലശ്ശേരി ആർച്ച് ബിഷപ്സ്ഹൗസിൽ ചേർന്ന മീറ്റിംഗിൽ എടുത്ത തീരുമാനമനുസരിച്ചാണ് പള്ളിജീവനക്കാരുടെ ശമ്പളം വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഇതിൻപ്രകാരം 2012 ഏപ്രിൽ മാസം മുതൽ പള്ളിജീവനക്കാർക്ക് കൊടുക്കേണ്ട ശമ്പളസ്കെയിൽ താഴെ കൊടുക്കുന്നു.

## വൈദികരുടെ അലവൻസ്

2012 ഏപ്രിൽമാസം മുതൽ വൈദികരുടെ അലവൻസ് 6500 രൂപയായി വർദ്ധിപ്പിച്ചിരിക്കുന്നു.

### അൾത്താര ശുശ്രൂഷി

| ഗ്രേഡ് | അടിസ്ഥാന ശമ്പളം | കൊടുക്കേണ്ട ശമ്പളം | ഇൻക്രിമെന്റ് |
|---|---|---|---|
| A | 4500 | 4500 + (സേവനം ചെയ്ത വർഷങ്ങളുടെ എണ്ണം X 50) | വാർഷിക ഇൻക്രിമെന്റ് 50 രൂപ |
| B | 3750 | 3750 + (സേവനം ചെയ്ത വർഷങ്ങളുടെ എണ്ണം X 50) | വാർഷിക ഇൻക്രിമെന്റ് 50 രൂപ |
| C | 3000 | 3000 + (സേവനം ചെയ്ത വർഷങ്ങളുടെ എണ്ണം X 50) | വാർഷിക ഇൻക്രിമെന്റ് 50 രൂപ |
| D | 2250 | 2250 + (സേവനം ചെയ്ത വർഷങ്ങളുടെ എണ്ണം X 50) | വാർഷിക ഇൻക്രിമെന്റ് 50 രൂപ |
| E | 1000 | 1000 + (സേവനം ചെയ്ത വർഷങ്ങളുടെ എണ്ണം X 50) | വാർഷിക ഇൻക്രിമെന്റ് 50 രൂപ |

ഉദാ:- 15 വർഷം സേവനപാരമ്പര്യമുള്ള A ഗ്രേഡ് പള്ളിയിലെ അൾത്താര ശുശ്രൂഷിയ്ക്ക് കൊടുക്കേണ്ടത് 4500 + 15 X 50 = 5250 രൂപ. കൂടാതെ ഇനിമുതൽ എല്ലാ വർഷവും ഏപ്രിൽ മാസം കണക്കാക്കി ശമ്പളത്തോടൊപ്പം 50 രൂപ വീതം ഇൻഗ്രിമെന്റും കൊടുക്കേണ്ടതാണ്.

എല്ലാ ഗ്രേഡിലെയും അൾത്താര ശുശ്രൂഷിക്ക് ഇനിമുതൽ ഇൻഗ്രിമെൻറ് 50 രൂപയായിരിക്കും.

## സെക്രട്ടറി

| ഗ്രേഡ് | അടിസ്ഥാന ശമ്പളം | കൊടുക്കേണ്ട ശമ്പളം | ഇൻക്രിമെന്റ് |
|---|---|---|---|
| A | 2250 | 2250 + (സേവനം ചെയ്ത വർഷങ്ങളുടെ എണ്ണം X 40) | വാർഷിക ഇൻക്രിമെന്റ് 40 രൂപ |
| B | 1750 | 1750 + (സേവനം ചെയ്ത വർഷങ്ങളുടെ എണ്ണം X 40) | വാർഷിക ഇൻക്രിമെന്റ് 40 രൂപ |
| C | 1250 | 1250 + (സേവനം ചെയ്ത വർഷങ്ങളുടെ എണ്ണം X 40) | വാർഷിക ഇൻക്രിമെന്റ് 40 രൂപ |
| D | 1000 | 1000 + (സേവനം ചെയ്ത വർഷങ്ങളുടെ എണ്ണം X 40) | വാർഷിക ഇൻക്രിമെന്റ് 40 രൂപ |
| E | 750 | 750 + (സേവനം ചെയ്ത വർഷങ്ങളുടെ എണ്ണം X 40) | വാർഷിക ഇൻക്രിമെന്റ് 40 രൂപ |

ഉദാ:– 15 വർഷം സേവനപാരമ്പര്യമുള്ള A ഗ്രേഡ് പള്ളിയിലെ സെക്രട്ടറിയ്ക്ക് കൊടുക്കേണ്ടത് 2250 + 15 X 40 = 2850 രൂപ. കൂടാതെ ഇനിമുതൽ എല്ലാ വർഷവും ഏപ്രിൽ മാസം കണക്കാക്കി ശമ്പളത്തോടൊപ്പം 40 രൂപ വീതം വർദ്ധനവ് കൊടുക്കേണ്ടതാണ്.

എല്ലാ ഗ്രേഡിലെയും സെക്രട്ടറിയ്ക്ക് ഇനിമുതൽ ഇൻക്രിമെന്റ് 40 രൂപയായിരിക്കും.

ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന തുകയിൽ കൂടുതൽ തുക ഇടവകകളിൽനിന്നും പള്ളിജീവനക്കാർക്ക് കൊടുക്കുന്നുണ്ടെങ്കിൽ അതു പൊതുയോഗത്തിൽ തീരുമാനിച്ച് രൂപതാകച്ചേരിയിൽനിന്നും അനുവാദം വാങ്ങേണ്ടതാണ്.

KCBC യുടെ നിർദ്ദേശപ്രകാരം എല്ലാ പള്ളിജീവനക്കാരെയും KLM ന്റെ സുരക്ഷാപദ്ധതിയിൽ ചേർക്കേണ്ടതാണ്.

***മണ്ട്യ, ഭദ്രാവതി** രൂപതകളിലെ പ്രത്യേക സാഹചര്യങ്ങൾ പരിഗണിച്ച് പള്ളിജീവനക്കാരുടെയും വൈദികരുടെയും അലവൻസ് മേൽപറഞ്ഞ രൂപതകളിൽ സ്വയം തീരുമാനിക്കുന്നതായിരിക്കും.

## തിരുക്കർമ്മങ്ങളുടെ പുതുക്കിയ നിരക്കുകൾ (പടിസാധനം)

| ഇനങ്ങൾ | നിരക്ക് | കാർമ്മികന് | ശുശ്രൂഷിക്ക് | ഗായക സംഘം | പള്ളി |
|---|---|---|---|---|---|
| റാസാ കുർബാന | 1000/- | 225/- (സഹകാർമ്മികർക്ക് 125) | 75/- | 200/- | 125/- |
| ഗ്രിഗോറിയൻ കുർബാന | 5000/- | 5000/- | Nil | Nil | Nil |
| നിത്യ കുർബാന 25 വർഷത്തേക്ക് | 10000/- | ചൊല്ലുന്ന കുർബാനയുടെ നിലവിലുള്ള കുർബാന ധർമ്മത്തിന്റെ ഇരട്ടി | Nil | Nil | 10000/- |
| തിരുനാൾ കൊടിയേറ്റ് | 100/- | 40/- | 20/- | 20/- | 20/- |
| ലദീഞ്ഞ് | 100/- | 40/- | 15/- | 25/- | 20/- |
| തിരുനാൾ പ്രദക്ഷിണം (ആഘോഷമായത്) | 400/- | 175/- | 50/- | 100/- | 75/- |
| തിരുനാൾ പ്രദക്ഷിണം (സാധാരണമായത്) | 200/- | 80/- | 40/- | 40/- | 40/- |
| കഴുന്ന്, അടിമ, മുടി | 20/- | Nil | Nil | Nil | 20/- |
| കഴുന്ന്, അടിമ, മുടി (വീടുകളിൽ നിന്ന് എടുക്കുമ്പോൾ) | 200/- | 200/- | Nil | Nil | Nil |
| ചെറിയ ഒപ്പീസ് (പള്ളിയിൽ) | 20/- | 15/- | 5/- | Nil | Nil |
| ചെറിയ ഒപ്പീസ് (സെമിത്തേരിയിൽ) | 35/- | 25/- | 10/- | Nil | Nil |
| ശ്രാദ്ധം, മരണവാർഷികം | 150/- | 100/- | 50/- | Nil | Nil |
| വീട് വെഞ്ചരിപ്പ് (അപേക്ഷപ്രകാരം) | 150/- | 100/- | 50/- | Nil | Nil |
| *നൊവേന | 100/- | Nil | Nil | Nil | 100/- |

ഇടവകകളിൽ പ്രസംഗത്തിനായി വൈദികരെ ക്ഷണിക്കുമ്പോൾ 250/- രൂപ കൊടുക്കേണ്ടതാണ്. കൂടാതെ വരുന്ന വൈദികന് യാത്രാച്ചെലവുകളും കൊടുക്കേണ്ടതാണ്.

* നൊവേനയ്ക്ക് തുക ഏൽപിക്കുന്നവർ ഇടവകയിൽ നൊവേന ചൊല്ലുമ്പോൾ വന്നു പങ്കെടുക്കേണ്ടതാണ്. തുക ഏൽപ്പിക്കുന്നവർക്കുവേണ്ടി പ്രത്യേക നൊവേന ഉണ്ടായിരിക്കുന്നതല്ല.

പുതിയ ഒരു തീരുമാനം ഉണ്ടാകുന്നതുവരെ ഒറ്റകുർബാനയ്ക്കും (50 രൂപ) പാട്ടുകുർബാനയ്ക്കും (100 രൂപ) കെ.സി.ബി.സി. നിലവിൽ നിശ്ചയിച്ചിട്ടുള്ള നിരക്ക് തുടരുന്നതാണ്.

**പുതിയ ഫോൺനമ്പർ**

കുറുമ്പാലക്കോട്ട പള്ളി - 04936 - 284800

**വെരി. റവ. ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# പ്രേഷിതവർഷം

## 2011 ആഗസ്റ്റ് – 2012 ആഗസ്റ്റ്

പ്രേഷിതവർഷാചരണത്തിന്റെ ഭാഗമായി പ്രസിദ്ധീകരിക്കുന്ന ഡയറക്ടറിയിലേക്കുള്ള മിഷനറിമാരെക്കുറിച്ചുള്ള വിവരശേഖരണം ഇനിയും പൂർത്തിയാക്കി തരാത്ത ഇടവകകൾ എത്രയും വേഗം അത് രൂപതാ ഓഫീസിൽ എത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. വിവരങ്ങൾ ശേഖരിച്ച് ഇവിടെ എത്തിച്ചുതന്ന ജോയിന്റ് ഡയറക്ടേഴ്സിന് പ്രത്യേകം നന്ദി പറയുന്നു.

**തന്ന ഇടവകകൾ**

പോരൂർ, പ്രശാന്തഗിരി, ഏലപ്പീടിക, പാൽച്ചുരം, വാളാട്, പുതിയിടംകുന്ന്, വഞ്ഞോട്, മംഗലശ്ശേരി, കല്ലോടി, ദ്വാരക, കൊമ്മയാട്, അരിഞ്ചേർമല, ചെറുകാട്ടൂർ, ചൂരൽമല, ബത്തേരി, അമ്പലവയൽ, ചിത്രഗിരി, കേളകം, കുറുമ്പാല, പുതുശ്ശേരിക്കടവ്, കാട്ടിക്കുളം, തെനേരി, ചാരിറ്റി, പാലേമാട്, മുണ്ടേരി, തേൾപ്പാറ, ധർമ്മഗിരി, നിലമ്പൂർ.

**ഫാ. ടോമി പുത്തൻപുരയ്ക്കൽ**
പ്രേഷിതവർഷ കോ-ഓർഡിനേറ്റർ

### സെന്റ് ജോർജ്ജ് ചർച്ച്, ചാരിറ്റി

**മിഷൻ യാത്ര**

പ്രേഷിതവർഷാചരണത്തിന്റെ ഭാഗമായി ചാരിറ്റി ഇടവകയിൽ നിന്നും എട്ടു പേരടങ്ങിയ ഒരു സംഘം ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ 2012 മാർച്ച് 4 മുതൽ 11 വരെ തീയതികളിൽ ആന്ധ്രയിലെ അദിലബാദ് രൂപതയിൽ ക്ലരേഷൻ മിഷനറി വൈദികർ സേവനമനുഷ്ഠിക്കുന്ന മിഷൻ ഗ്രാമങ്ങൾ സന്ദർശിച്ചു. കാഗസ്നഗർ, മർത്തിടി,

പെഞ്ചികൽപെട്ട് എന്നീ ക്ലരേഷൻ മിഷൻ കേന്ദ്രങ്ങളിലാണ് സംഘം താമസിച്ചത്. അതോടൊപ്പം രൂപതാ വൈദികർ സേവനം ചെയ്യുന്ന മറ്റു ചില മിഷൻകേന്ദ്രങ്ങളും സന്ദർശിച്ചു. ഒരാഴ്ച മുഴുവനും ഗ്രാമവാസികളോടൊത്ത് പ്രാർത്ഥിക്കുവാനും, ദിവ്യബലിയിൽ പങ്കുകൊള്ളുവാനും, അവരുടെ വീടുകൾ സന്ദർശിക്കുവാനും, ഒപ്പമിരുന്നു ഭക്ഷിക്കുവാനും സംഘാംഗങ്ങൾക്ക് സാധിച്ചു. മിഷൻ പ്രവർത്തനങ്ങളെക്കുറിച്ചും, മിഷനറിമാർ നേരിടുന്ന പ്രതിസന്ധികളെക്കുറിച്ചും തങ്ങൾ കേട്ടറിഞ്ഞ കാര്യങ്ങൾ നേരിൽ കണ്ടുമനസ്സിലാക്കുവാൻ കഴിഞ്ഞത് വലിയൊരു ഭാഗ്യമായി സംഘാംഗങ്ങൾ കരുതുന്നു. പ്രേഷിതരോടും, പ്രേഷിതപ്രവർത്തനങ്ങളോടുമുള്ള സ്നേഹവും, കരുതലും വർദ്ധിപ്പിക്കുവാനും, തങ്ങളുടെ തന്നെ വിശ്വാസത്തെ ഊട്ടിയുറപ്പിക്കുവാനും പ്രസ്തുത യാത്ര സംഘാംഗങ്ങളെ ഒരു വലിയ പരിധിവരെ പ്രാപ്തരാക്കി. മഹാരാഷ്ട്രയിലെ വാർദ്ധയിലുള്ള ചരിത്ര പ്രസിദ്ധമായ ഗാന്ധിജിയുടെയും, വിനോബ ബാവയുടെയും ആശ്രമങ്ങളും മറ്റു ചില പ്രധാന സ്ഥലങ്ങളും സംഘം സന്ദർശിക്കുകയുണ്ടായി.

**ഫാ. തോമസ് പാട്ടത്തിൽചിറ**
വികാരി

## മേജർ സെമിനാരിക്കാരുടെ വർക്ക് ക്യാമ്പ്

മാനന്തവാടി രൂപതയ്ക്കുവേണ്ടി വിവിധ മേജർ സെമിനാരികളിൽ പരിശീലനം നടത്തുന്ന മേജർ സെമിനാരിക്കാരുടെ ഈ വർഷത്തെ സഹവാസം വർക്ക് ക്യാമ്പായി തവിഞ്ഞാൽ ഇടവകയിൽ വച്ച് ഏപ്രിൽ 16 മുതൽ 19 വരെ മനോഹരമായി നടന്നു. 16-ാം തീയതി വൈകുന്നേരം ദിവ്യകാരുണ്യ ആരാധനയോടെയാണ് ക്യാമ്പ് ആരംഭിച്ചത്. ഇടവക വികാരി ബഹു. മനോജ് അമ്പലത്തിങ്കലച്ചന്റെ നേതൃത്വത്തിലും സംരക്ഷണയിലും നടന്ന ക്യാമ്പിൽ, മാനന്തവാടി രൂപതാ വികാരി ജനറാൾ റവ.ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ, ചാൻസലർ റവ. ഫാ. ജോസഫ് പരുവുമ്മേൽ, മൈനർ സെമിനാരി റെക്ടർ റവ. ഫാ. തോമസ് കച്ചിറയിൽ എന്നിവരുടെ സാന്നിധ്യം തുടർച്ചയായി ഉണ്ടായിരുന്നു.

17-ാം തീയതി പ്രഭാതത്തിൽ ബഹുമാനപ്പെട്ട വികാരി ജനറാളച്ചന്റെ മുഖ്യകാർമ്മികത്വത്തിലും 18-ാം തീയതി നവവൈദികൻ ജെയ്നേഷ് പുതുക്കാടിന്റെ കാർമ്മികത്വത്തിലും 18-ാം തീയതി അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെ കാർമ്മികത്വത്തിലും സെമിനാരിക്കാരോടും ഇടവകക്കാരോടും ചേർന്നുള്ള വി. കുർബാന അർപ്പണങ്ങൾ ഏറെ ഹൃദ്യമായിരുന്നു.

17, 18 എന്നീ തീയതികളിൽ രാവിലെ 9 മുതൽ ഉച്ചയ്ക്ക് 1 മണി വരെ ആയിരുന്നു ജോലി ചെയ്തത്. തവിഞ്ഞാൽ ഇടവകയിൽ വർക്ക് ക്യാമ്പിനായി കരുതി വച്ചിരുന്ന ജോലിയെല്ലാം വളരെ ഭംഗിയായി സെമിനാരിക്കാർ ചെയ്തു തീർത്തു. ജോലി സമയത്ത് വേണ്ട സഹായങ്ങളും നിർദ്ദേശങ്ങളുമായി ബഹു. വികാരിയച്ചനും കൈക്കാരന്മാരും കൂടെയുണ്ടായിരുന്നു. 17-ാം തീയതി വൈകുന്നേരം മാനന്തവാടി രൂപതയിലെ കൊച്ചച്ചന്മാരും, മേജർ സെമിനാരിക്കാരും തമ്മിൽ നടന്ന ആവേശോജ്ജ്വലമായ വോളിബോൾ മത്സരം തവിഞ്ഞാൽ നിവാസികളുടെ ശ്രദ്ധ പിടിച്ചുപറ്റി. 5 സെറ്റ് കളിച്ച മത്സരത്തിൽ സെമിനാരിക്കാർ വിജയം നേടി. ഈ കളിയുടെ ആവേശത്തിൽ 18-ാം തീയതി മേജർ സെമിനാരിക്കാരും തവിഞ്ഞാൽ ഇടവക ടീമും തമ്മിൽ നടന്ന മത്സരത്തിലും മേജർ സെമിനാരിക്കാർ വിജയിച്ചു.

18-ാം തീയതി വൈകുന്നേരം തവിഞ്ഞാൽ ഇടവകയിലെ 20 വാർഡുകളിലും, മേജർ സെമിനാരിക്കാരുടെ നേതൃത്വത്തിൽ നടന്ന പ്രാർത്ഥനാ സമ്മേളനങ്ങൾ ഏറെ നല്ല അനുഭവമാണ് സെമിനാരിക്കർക്ക് പ്രദാനം ചെയ്തത്. ബഹുമാനപ്പെട്ട മനോജ് അമ്പലത്തിങ്കലച്ചന്റെ വളരെ പ്രത്യേകമായ നിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ട് രണ്ടും മൂന്നും പേരടങ്ങുന്ന സംഘങ്ങളായി തിരിഞ്ഞ് ബ്രദേഴ്സ് വീടുകളിൽ

സന്ദർശനം നടത്തുകയും പ്രാർത്ഥനയ്ക്ക് നേതൃത്വം കൊടുക്കുകയും ചെയ്തു. വാർഡ് പ്രതിനിധികളുടെ സജീവമായ സഹായം ഉണ്ടായത് നന്ദിയോടുകൂടി അനുസ്മരിക്കുന്നു.

ക്യാമ്പിന്റെ അവസാന ദിവസം രാവിലെ മുതൽ ഉച്ചഭക്ഷണം കഴിഞ്ഞ് യാത്രയാവുന്നതുവരെ ഉണ്ടായിരുന്ന അഭിവന്ദ്യ പിതാവിന്റെ സാന്നിധ്യം ക്യാമ്പ് അനുഭവത്തിന്റെ മകുടമായി. ഒന്നിച്ചുള്ള തിരുബലിയ്ക്കും ഭക്ഷണത്തിനും ശേഷം ദീർഘസമയം പിതാവ് ബ്രദേഴ്സിനോട് എല്ലാവരോടുമായി സംവദിക്കുകയും തുടർന്ന് ബാച്ച് അടിസ്ഥാനത്തിൽ കാണുകയും ചെയ്തു. അതിനുശേഷം പിതാവിന്റെ സാന്നിധ്യത്തിൽ തന്നെ നടന്ന ക്യാമ്പ് വിലയിരുത്തലിൽ ജനറാളച്ചനും, റെക്ടറച്ചനും, മനോജച്ചനും സന്നിഹിതരായിരുന്നു. തവിഞ്ഞാൽ ഇടവകയിൽ നടന്ന വർക്ക് ക്യാമ്പ് വളരെ നല്ല അനുഭവമായിരുന്നു എന്ന് വിലയിരുത്തുകയും അതിന് അവസരമൊരുക്കിയ തവിഞ്ഞാൽ പള്ളി വികാരി ബഹു. മനോജ് അമ്പലത്തിങ്കൽ അച്ചനും, കൈക്കാരന്മാർക്കും, സിസ്റ്റേഴ്സിനും, ഇടവകജനം മുഴുവനും നന്ദി അറിയിക്കുകയും ചെയ്യുന്നു. മേജർ സെമിനാരിക്കാരുടെ അടുത്ത വർഷത്തേക്കുള്ള ലീഡർ ആയി ബ്രദർ സാന്റോ അമ്പലത്തറയെ തിരഞ്ഞെടുത്തു. മേജർ സെമിനാരി അടിസ്ഥാനത്തിലും ബാച്ച് അടിസ്ഥാനത്തിലുമുള്ള ലീഡർമാരെ തിരഞ്ഞെടുത്തശേഷം ഈ ക്യാമ്പിന് എല്ലാ നേതൃത്വവും എടുത്ത ഡീക്കൻ, ജെയിസൺ കള്ളിയാട്ട് എല്ലാവർക്കും നന്ദി പറഞ്ഞു. ബ്രദർ സാന്റോ എല്ലാവർക്കുംവേണ്ടി ഡീക്കൺ ജെയിസന് നന്ദി പറഞ്ഞു. ഉച്ചഭക്ഷണത്തോടെ ക്യാമ്പ് അവസാനിച്ചു. ഈ നല്ല അനുഭവത്തിന് രൂപതയിലെ മേജർ സെമിനാരിക്കാർക്ക്  അവസരമൊരുക്കിയ തവിഞ്ഞാൽ ഇടവകയ്ക്കും ബഹു. വികാരിയച്ചനും, 22-ാം തീയതി ഞായറാഴ്ച ഡീക്കൺ ജെയിസൺ നന്ദി അറിയിക്കുകയും ചെയ്തു.

കത്തീഡ്രൽ വികാരി ബഹു. മൈലാടൂർ അച്ചൻ ഉൾപ്പെടെ വളരെ അധികം വൈദികരുടെ സാന്നിധ്യം ക്യാമ്പിലുണ്ടായതും പോസ്റ്റ് ഗ്രാജ്വേറ്റ് പഠനം കഴിഞ്ഞ് എത്തിയ ബ്രദേഴ്സിന്റെയും നവ വൈദികരുടെയും അനുഭവം പങ്കുവെക്കലുകളും തവിഞ്ഞാൽ ഇടവകജനത്തിന്റെ സജീവസഹകരണവും, എടുത്തു പറയേണ്ട ക്യാമ്പ് ക്രമീകരണവും, ഭക്ഷണക്രമവും എല്ലാറ്റിലുമുപരി മനോജ് അമ്പലത്തിങ്കലച്ചന്റെ നല്ല മനസ്സും നേതൃത്വവും എല്ലാം ക്യാമ്പ് ഒരു വിജയമാക്കിത്തീർത്തു. എല്ലാവരേയും നന്ദിയോടെ ഓർക്കുന്നു.

തയ്യാറാക്കിയത്: **ബ്രദർ റ്റിബിൻ ചക്കുളത്തിൽ**
**ബ്രദർ അജോ മോളത്ത്**

# മതബോധനരംഗം

അധ്യയനവർഷത്തിന്റെ അവസാനത്തിൽ പരീക്ഷകളും, അവയുടെ മൂല്യനിർണ്ണയവും നടത്തിയതിന്റെ പശ്ചാത്തലത്തിൽ കഴിഞ്ഞ ഒരു വർഷത്തെ വിശ്വാസപരിശീലനത്തെ വിലയിരുത്തേണ്ടത് അത്യാവശ്യമാണ്. എഴുത്തുപരീക്ഷ, വിശ്വാസപരിശീലനത്തിലൂടെ നേടിയെടുത്ത അറിവിന്റെ വെളിച്ചത്തിൽ കുട്ടികളുടെ വിശ്വാസജീവിതത്തിൽ ഉണ്ടായ വളർച്ച.... ഇവയെല്ലാം വിലയിരുത്തണം. മുതിർന്ന ക്ലാസ്സുകളിലെ പരീക്ഷകളുടെ മൂല്യനിർണ്ണയം നടത്തിയപ്പോൾ, കുറേയധികം ഇടവകകളിലേയും വിശ്വാസപരിശീലകർ പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു. ഭൂരിഭാഗം കുട്ടികളും പാഠബന്ധിയായി അറിവും, വിശ്വാസാധിഷ്ഠിതമായ ജീവിതവും പരിശീലിക്കുമ്പോൾ ഒരു വിഭാഗം പാഠപുസ്തകത്തെ മാറ്റി വച്ചതായി മനസ്സിലാകുന്നു. ആശാസ്യമായ ഒരു കാര്യമല്ലിത് എന്ന് നമുക്കറിയാം. വളരെ ചുരുക്കം ഇടവകകളിലെ കുട്ടികളുടെ പരീക്ഷാഫലം ഉത്തരവാദിത്വപ്പെട്ടവർ ഗൗരവമായി പരിഗണിക്കണം. ഡിപ്ലോമ പരീക്ഷയിൽ ആരും പാസാകാത്ത ഇടവകയും ഉണ്ട് എന്നത് നിസ്സാരമായി കരുതാനാവില്ല.

മികച്ച വിജയം നേടിയ കുട്ടികളെയും അവരെ പരിശീലിപ്പിച്ച അധ്യാപകരെയും, നേതൃത്വം നൽകിയ ബഹു. വികാരിയച്ചന്മാരെയും കുട്ടികളുടെ മാതാപിതാക്കളെയും പ്രത്യേകം അഭിനന്ദിക്കുന്നു.

**അധ്യയനവർഷാരംഭം മെയ് 27**

2012 – 13 അധ്യയനവർഷം മെയ് 27–ന് ആരംഭിക്കുന്നു. അതിന് മുമ്പായി പാഠപുസ്തകങ്ങൾ, വചനഡയറി.... എന്നിവ വാങ്ങുവാൻ ശ്രദ്ധിക്കുമല്ലോ.

**പാഠപുസ്തകങ്ങളുടെ വില**

I - IV - Rs. 25; V - XII - Rs.30

**അധ്യാപകപരിശീലനം**

അടുത്ത അധ്യയനവർഷത്തെ അധ്യാപക പരിശീലനം താഴെ ചേർത്തിരിക്കുന്ന തീയതികളിലാണ് നടത്തുന്നത്. അധ്യാപകർ പ്രത്യേകം അത് ശ്രദ്ധിച്ച് പങ്കെടുക്കണം.

| ക്ലാസ് | തീയതി | സ്ഥലം |
|---|---|---|
| VIII, IX, X, XI, XII | ജൂൺ 9 | ദ്വാരക |
| IV, V, VI, VII | ജൂൺ 16 | ദ്വാരക |
| I, II, III (ആമുഖ സെമിനാർ) | ജൂൺ 22, 23, 24 | ദ്വാരക |
| I, II, III (ആമുഖ സെമിനാർ) | ജൂലൈ 13, 14, 15 | ദ്വാരക |

വിശദവിവരങ്ങൾ പ്രധാനാധ്യാപകരുടെ സമ്മേളനത്തിൽ അറിയിക്കുന്നതാണ്.

**ബഹു. വികാരിയച്ചന്മാരുടെയും പ്രധാനാധ്യാപകരുടെയും സമ്മേളനം**

2012 – 13 അധ്യയനവർഷത്തെ ആദ്യസമ്മേളനം മെയ് 26–ന് ശനിയാഴ്ച രാവിലെ 10 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ ആരംഭിക്കും. പ്രധാനാധ്യാപകർ കൃത്യസമയത്ത് എത്തുവാൻ ശ്രദ്ധിക്കുമല്ലോ.

അന്നേ ദിവസം XII, X, VII, IV ക്ലാസ്സുകളിൽ രൂപതാതലത്തിൽ നടത്തിയ പരീക്ഷകളിൽ ഉന്നതവിജയം നേടിയവർക്ക് (ഓരോ ക്ലാസിലെയും കുട്ടികളുടെ പേര് താഴെ ചേർത്തിരിക്കുന്നത് ശ്രദ്ധിക്കുമല്ലോ) ക്യാഷ് അവാർഡും, സർട്ടിഫിക്കറ്റും നൽകുന്നതാണ്. പ്രധാനാധ്യാപകർ തങ്ങളുടെ ഇടവകയിൽപ്പെട്ടവർ ഉണ്ടെങ്കിൽ അവരെ കൊണ്ടുവരുമല്ലോ.

ഈ വർഷം വിശ്വാസ പരിശീലനരംഗത്ത് 25 വർഷം പൂർത്തിയായവരെ അന്നേ ദിവസം നമുക്ക് ആദരിക്കാം.

പ്രധാനാധ്യാപകർ അന്ന് HCC, Diploma എന്നീ കോഴ്സുകൾ പൂർത്തിയായവരുടെ Certificate അടുത്ത വർഷത്തേക്കുള്ള Survey Form, Teaching Note, HDC, DCC, HCC, Diploma, Scholarship എന്നീ കോഴ്സുകളുടെയും പരീക്ഷകളുടെയും അപേക്ഷാഫോറം ..... തുടങ്ങിയവ കൈപ്പറ്റണം.

### ഡിപ്ലോമ മൂല്യനിർണ്ണയ ക്യാമ്പ്

ഡിപ്ലോമ പരീക്ഷയുടെ മൂല്യനിർണ്ണയത്തിന് സഹായിച്ച എല്ലാ അധ്യാപകരെയും പ്രത്യേകം നന്ദിയോടെ അനുസ്മരിക്കുന്നു.

### SMCC - Scholarships Exam

SMCC - Scholarships Exam (X, VII) എഴുതിയ കുട്ടികൾക്കും അവരെ പരിശീലിപ്പിച്ചവർക്കും, പരീക്ഷ നടത്തുവാൻ സഹായിച്ച വർക്കും പ്രത്യേകം അനുമോദനങ്ങളും നന്ദിയും അറിയിക്കുന്നു.

### Plus Two Rank List

Plus Two പരീക്ഷയിൽ ഉന്നതവിജയം നേടിയവരുടെ പേര് താഴെ ചേർക്കുന്നു. എല്ലാവരെയും പ്രത്യേകം അനുമോദിക്കുന്നു. എഴുത്തുപ രീക്ഷ, ഇന്റേണൽ മാർക്ക്, വചനഡയറി, വിശ്വാസോത്സവം ഇവയെല്ലാം റാങ്കിന് മാനദണ്ഡമാണ്.

**Rank holders of Plus Two Course (HCC) 2012**

| Sl. No | Reg.No | Name | Parish | Forane | Marks | Rank |
|---|---|---|---|---|---|---|
| 1 | 3893 | Saramma (Princymol) Adappoor | Palemad | Manimooly | 86 | I |
| 2 | 3746 | Anju Vattamkandathil | Poroor | Mananthavady | 83 | II |
| 3 | 4359 | Scaria James (Jerin) Njallampuzha | Edivanna | Nilambur | 82 | III |
| 4 | 3749 | Ashna Kadavnnur | Poroor | Mananthavady | 81 | IV |
| 5 | 3274 | Mariam (Blessy) Cheriyatharappel | Kayyunni | Nilgiri | 80 | V |
| 6 | 4412 | Jojo Tomy Arangathu | Pookootum padam | Nilambur | 79 | VI |
| 7 | 3583 | Mary Mutholickal | Rippon | Kalpetta | 78 | VII |
| 8 | 4106 | Rosa Muthuplackal | Pulpally | Mullankolly | 77 | VIII |
| 9 | 3225 | Alphonsa Peethuruthel | Dharmagiri | Nilgiri | 76 | IX |
| 10 | 3985 | Shalu T.S. (Eliyamma) Thyparampil | Kabanigiri | Mullankolly | 76 | IX |

## ഡിപ്ലോമ പരീക്ഷാഫലം

ഡിപ്ലോമ പരീക്ഷയുടെ ഫലം ഇടവകാടിസ്ഥാനത്തിലും, ഫൊറോനാടിസ്ഥാനത്തിലും വിശദമായി താഴെ ചേർത്തിരിക്കുന്നത് ശ്രദ്ധിക്കുമല്ലോ.

## Rank list of Diploma Eaxamination (X) - 2012

| Sl. No. | Name | Parish | Forane | Marks | Grade |
|---|---|---|---|---|---|
| 1 | MARTIN (Melwin) Vadakekudiyil | Vilambukandam | Nadavayal | 93 | I Rank |
| 2 | JOHN (Jomin James) Cherumalayil | Thariode | Thariode | 92 | II Rank |
| 3 | MARIA (Harsha) Arakkaparambil | Kottathara | Thariode | 90 | III Rank |
| 4 | KOCHUTHRESYA (Ambily) Mulakodiyankal | Chennalode | Thariode | 89 | IV Rank |
| 5 | MARIYA (Emy) Eniyakkattu | Chungakunnu | Chungakkunnu | 88 | V Rank |
| 6 | ANNMARY (Ann Mary) Villamthanam | Ambalavayal | Bathery | 87 | VI Rank |
| 7 | THRESSIA (Anusha) Thevarmadam | Jude's Mount | Kallody | 87 | VI Rank |
| 8 | EMMANUEL (Deneesh ) Kunnappally | Bhoodanam | Manimooly | 87 | VI Rank |
| 9 | MAREENA (Nancy Francis) Thachedath | Palemad | Manimooly | 87 | VI Rank |
| 10 | ANNAMMA (Clarisa) Cheriyil | Marakavu | Mullankolly | 87 | VI Rank |

## Rank list of Scholorship Eaxamination (IV) - 2012

| Sl. No. | Name | Parish | Forane | Marks | Grade |
|---|---|---|---|---|---|
| 1 | Athulya Chemmathara | Arinchermala | Nadavayal | 88 | I |
| 2 | Cicily Manoj Njallampuzha | Edivanna | Nilambur | 86 | II |
| 3 | Maria Pattathil | Pathiripadam | Manimooly | 85 | III |
| 4 | Melna Kallungatharayil | Irulam | Mullankolly | 84 | IV |
| 5 | Mary Vadakoottu | Nilambur | Nilambur | 83 | V |
| 6 | Mariyam Valladiyil | Kaniyaram | Mananthavady | 82 | VI |
| 7 | Maria Kunnath | Chulliyode | Bathery | 81 | VII |
| 8 | Ann Maria Perumbil | Pulpally | Mullenkolly | 80 | VIII |
| 9 | Anagha Valayampally | Moolankave | Bathery | 79 | IX |
| 10 | Chacko Parickal | Bathery | Bathery | 78 | X |

## Rank list of Scholorship Eaxamination (IV) - 2012

| Sl. No. | Name | Parish | Forane | Marks | Grade |
|---|---|---|---|---|---|
| 1 | Elizabath Patteril | Kaniyaram | Mananthavady | 85 | I |
| 2 | Aleena Narikuzha | Yavanarkulam | Mananthavady | 83 | II |
| 3 | Sandra Kalapurackal | Poroor | Mananthavady | 82 | III |
| 4 | Alphonsa | | | | |
| | Kurianparambil | Pathiripadam | Manimooly | 81 | IV |
| 5 | Joseph Kallukaran | Kaniyaram | Mananthavady | 80 | V |
| 6 | Varun Thekkekaithackal | Poroor | Mananthavady | 79 | VI |
| 7 | Amala Korandiyarkunnel | Meenangadi | Bathery | 78 | VII |
| 8 | Ashli Edattukunnel | Yavanarkulam | Mananthavady | 78 | VII |
| 9 | Thresia Chittilappalli | Kallody | Kallody | 77 | VIII |
| 10 | Ajuel Punchayil | Moolankave | Bathery | 77 | VIII |

## Result of Diploma Examination : 2012, an Analysis

| Sl. No | Parish | Total Reg. | Pass-ed | Ist Class | Distin ction | Abse-nt | Fail-ed | % of result |
|---|---|---|---|---|---|---|---|---|
| 1 | AMBALAVAYAL | 29 | 29 | 19 | 1 | | | 100 |
| 2 | BATHERY | 44 | 38 | 26 | | 1 | 5 | 86 |
| 3 | CHITHRAGIRI | 10 | 8 | 7 | | 2 | | 80 |
| 4 | CHULLIOD | 6 | 6 | 6 | | | | 100 |
| 5 | KADALMAD | 9 | 8 | 4 | | | 1 | 89 |
| 6 | KALLUMUKKU | 9 | 9 | 6 | 1 | | | 100 |
| 7 | KARANI | 2 | 2 | | | | | 100 |
| 8 | MEENANGADI | 21 | 18 | 9 | | | 3 | 86 |
| 9 | MOOLANKAVU | 9 | 6 | 3 | | | 3 | 67 |
| 10 | PAZHOOR | 10 | 9 | 5 | | | 1 | 90 |
| 11 | THOMATTUCHAL | 15 | 14 | 10 | | | 1 | 93 |
| 12 | VADAKKANAD | 4 | 4 | 4 | | | | 100 |
| 13 | VAKERY | 8 | 8 | 6 | | | | 100 |
| 14 | ADACKATHODE | 35 | 28 | 15 | | | 7 | 80 |
| 15 | AMBAYATHODE | 13 | 11 | 6 | | | 2 | 92 |
| 16 | CHUNGAKKUNNU | 64 | 50 | 3 | 2 | | 14 | 78 |
| 17 | KELAKAM | 13 | 12 | 7 | | | 1 | 92 |
| 18 | KOTTIYOOR | 67 | 59 | 22 | | 1 | 7 | 88 |
| 19 | NELLIODY | 12 | 11 | 6 | | | 1 | 92 |
| 20 | OTTAPLAVE | 19 | 19 | 10 | | | | 100 |
| 21 | PALCHURAM | 13 | 12 | 4 | | | 1 | 92 |
| 22 | SANTHIGIRI | 10 | 8 | 3 | | | 2 | 80 |
| 23 | VELLOONNI | 20 | 18 | 8 | | 1 | 2 | 90 |
| 24 | ARULNILAYAM | 16 | 9 | 1 | | | 7 | 56 |
| 25 | BEKI | 6 | 6 | 5 | | | | 100 |
| 26 | COONOOR | 13 | 13 | 5 | | | | 100 |
| 27 | DARMAGIRI | 13 | 12 | 7 | | | 1 | 92 |
| 28 | KALPRA | 12 | 11 | 3 | | | 1 | 92 |
| 29 | KAYYUNNI | 37 | 34 | 15 | | | 3 | 92 |
| 30 | KUNNALADI | 14 | 13 | 3 | | | 1 | 93 |
| 31 | MACHIKKOLLY | 23 | 16 | 5 | | | 7 | 69.5 |
| 32 | MANVAYAL | 19 | 16 | 4 | | 1 | 2 | 84 |
| 33 | PANAMCHIRA | 10 | 7 | | | | 3 | 70 |
| 34 | VIMALAGIRI | 17 | 13 | 3 | | | 4 | 76 |
| 35 | CHULLIYANA | 5 | 5 | 5 | | | | 100 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 36 | DEEPTHIGIRI | 20 | 17 | 9 | | | 3 | 85 |
| 37 | DWARAKA | 28 | 21 | 2 | | | 7 | 75 |
| 38 | JUDE'S MOUNT | 8 | 6 | 3 | 1 | | 2 | 75 |
| 39 | KALLODY | 56 | 50 | 33 | | | 6 | 89 |
| 40 | KARACKAMALA | 25 | 23 | 11 | | | 2 | 92 |
| 41 | KARIMBIL | 4 | 4 | 3 | | | | 100 |
| 42 | KOMMAYAD | 12 | 11 | 6 | | | 1 | 92 |
| 43 | KUNJHOM | 9 | 9 | 3 | | | | 100 |
| 44 | MAKKIYAD | 20 | 20 | 17 | | | | 100 |
| 45 | MANGALASSERY | 2 | 1 | | | | 1 | 50 |
| 46 | MOTHAKARA | 7 | 6 | 3 | | | 1 | 86 |
| 47 | NIRAVILPUZHA | 8 | 8 | | | | | 100 |
| 48 | PUTHIYIDAMKUNNU | 11 | 10 | 4 | | | 1 | 91 |
| 49 | PUTHUSSERY | 6 | 5 | 2 | | 1 | | 83 |
| 50 | THONICHAL | 10 | 9 | 5 | | | 1 | 90 |
| 51 | VANJOD | 17 | 7 | 3 | | | 10 | 41 |
| 52 | VELLAMUNDA | 9 | 8 | 3 | | | 1 | 89 |
| 53 | CHARITTY | 4 | 4 | 2 | | | | 100 |
| 54 | CHOORALMALA | 6 | 3 | 2 | | | 3 | 50 |
| 55 | EDAPPETTY | 14 | 14 | 7 | | | | 100 |
| 56 | KALPETTA | 36 | 34 | 22 | | | 2 | 94 |
| 57 | KOLAVAYAL | 12 | 8 | 4 | | | 4 | 67 |
| 58 | KUNNAMPETTA | 1 | | | | 1 | | 0 |
| 59 | LAKKIDI | 1 | 1 | | | | | 100 |
| 60 | NEDUMBALA | 11 | 9 | 3 | | | 2 | 82 |
| 61 | OLIVUMALA | 7 | 5 | 3 | | | 2 | 71 |
| 62 | PUZHAMUDI | 5 | 5 | 3 | | | | 100 |
| 63 | RIPPON | 14 | 9 | 3 | | | 5 | 64 |
| 64 | THENERY | 18 | 14 | 3 | | | 4 | 78 |
| 65 | VAZHAVATTA | 33 | 33 | 21 | 2 | | | 100 |
| 66 | VYTHIRY | 1 | 1 | | | | | 100 |
| 67 | ALATTIL | 20 | 13 | 5 | | | 7 | 65 |
| 68 | BOY'S TOWN | 5 | 4 | 3 | | | 1 | 80 |
| 69 | ELAPPEEDIKA | 14 | 11 | 10 | | | 3 | 78 |
| 70 | KARIMANI | 7 | 7 | 4 | | | | 100 |
| 71 | KUTTIMOOLA | 9 | 7 | 7 | | | 2 | 78 |
| 72 | MANANTHAVADY © | 42 | 39 | 18 | | | 3 | 93 |
| 73 | MANANTHAVADY(T) | 19 | 19 | 8 | | | | 100 |
| 74 | MUTHIRERI | 13 | 11 | 6 | | | 2 | 92 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 75 | PARATHOTTAM | 8 | 6 | 2 | | | 2 | 75 |
| 76 | PERIA | 13 | 12 | 1 | | | 1 | 92 |
| 77 | POROOR | 25 | 25 | 21 | | | | 100 |
| 78 | PRASANTHAGIRI | 6 | 6 | 4 | | | | 100 |
| 79 | PUTHIYIDOM | 5 | 4 | 2 | | | 1 | 80 |
| 80 | THALAPUZHA | 6 | 6 | 3 | | | | 100 |
| 81 | THAVINJAL | 41 | 35 | 12 | | | 6 | 85 |
| 82 | VALAD | 7 | 2 | | | | 5 | 28.5 |
| 83 | VALIYAKOLLY | 5 | 0 | | | | 5 | 0 |
| 84 | YAVANARKULAM | 16 | 16 | 5 | 2 | | | 100 |
| 85 | BHOODANAM | 5 | 5 | 4 | 1 | | | 100 |
| 86 | MANIMOOLY | 44 | 37 | 16 | | | 7 | 84 |
| 87 | MUNDERY | 12 | 10 | 7 | | 2 | | 83 |
| 88 | NARIVALAMUNDA | 26 | 22 | 13 | | | 4 | 85 |
| 89 | NJARAPPADAM | 3 | 3 | 3 | | | | 100 |
| 90 | PALANKARA | 22 | 20 | 8 | 1 | | 2 | 91 |
| 91 | PALEMAD | 19 | 17 | 11 | 3 | | 2 | 89 |
| 92 | PATHIRIPPADAM | 19 | 13 | 6 | | | 6 | 68 |
| 93 | THALANJI | 16 | 15 | 11 | 1 | | 1 | 94 |
| 94 | ADIKKOLLY | 28 | 22 | 13 | | | 6 | 78.5 |
| 95 | AMARAKKUNY | 13 | 13 | 8 | | | | 100 |
| 96 | IRULAM | 15 | 12 | 5 | | 1 | 2 | 80 |
| 97 | KABANIGIRI | 13 | 12 | 6 | | | 1 | 92 |
| 98 | MARAKAVU | 48 | 43 | 22 | 2 | 1 | 4 | 89.5 |
| 99 | MARAKKADAV | 14 | 14 | 5 | 1 | | | 100 |
| 100 | MULLANKOLLY | 57 | 45 | 25 | 2 | | 12 | 79 |
| 101 | PADICHIRA | 38 | 34 | 10 | | | 4 | 89 |
| 102 | PATTANIKOOP | 13 | 10 | 6 | | | 3 | 77 |
| 103 | PULPALLY | 24 | 23 | 14 | | | 1 | 96 |
| 104 | SEETHAMOUNT | 14 | 14 | 11 | | | | 100 |
| 105 | SISUMALA | 34 | 28 | 19 | | 1 | 5 | 82 |
| 106 | ARINCHERMALA | 25 | 24 | 8 | | | 1 | 96 |
| 107 | CHERUKATTOOR | 36 | 29 | 14 | | | 7 | 80.5 |
| 108 | CHUNDAKKARA | 43 | 32 | 17 | | | 11 | 74 |
| 109 | KALLUVAYAL | 11 | 9 | 5 | | | 2 | 82 |
| 110 | KANIYAMBATTA | 6 | 5 | 1 | | | 1 | 83 |
| 111 | KENICHIRA | 44 | 41 | 27 | 1 | | 3 | 93 |
| 112 | NADAVAYAL | 86 | 72 | 31 | | | 14 | 84 |
| 113 | NEIKKUPPA | 11 | 10 | 1 | 2 | | 1 | 91 |

| | | | | | | | | |
| മെയ് | 06-09 | - | ബോയ്സ് ടൗൺ മാനന്തവാടി |
| മെയ് | 14-17 | - | പാസ്റ്ററൽ സെന്റർ ദ്വാരക |
| മെയ് | 27-30 | - | പാസ്റ്ററൽ സെന്റർ ദ്വാരക |

## കത്തോലിക്കാ മാതൃസംഘടന

രൂപതാ അസി. ഡയറക്ടർ വിനു വടക്കേലച്ചന്റെ നേതൃത്വത്തിൽ 12-ന് രൂപതാ എക്സിക്യൂട്ടീവ് ചേർന്നു. അടുത്ത വനിതാ സംഗമം തരിയോട് മേഖലയിൽ ചെന്നലോട് ഇടവകയിൽവെച്ച് ഏപ്രിൽ 17 ന് നടത്തുവാനും അന്ന് ക്ലാസെടുക്കേണ്ടവരെയും തീരുമാനിച്ചു. എറണാകുളത്ത് വെച്ച് നടന്ന വനിതാസമ്മേളനത്തിന്റെ റിപ്പോർട്ട് ശ്രീമതി മോളി അവതരിപ്പിച്ചു. മെയ് 11 ന് ജനുവരി മുതലുള്ള മേഖലാപ്രവർത്തനങ്ങൾ വിലയിരുത്തുവാനും തീരുമാനിച്ചു. ചെയിൻ റോസറി കൊട്ടിയൂർ മേഖലയും, വനിതാസംഗമം നടവയൽ മേഖലയും, ജീവകാരുണ്യ പ്രവർത്തനങ്ങൾ മണിമൂളി, നടവയൽ മേഖലകളും നടത്തുവാനും ശ്രദ്ധിക്കുമല്ലോ. അടുത്ത മാതൃസംഘടന രൂപതാ എക്സിക്യൂട്ടീവും, വനിതാ സംഗമവും മെയ് 11 ന് 10 മണിക്ക്.

**ചെന്നലോട് യൂണിറ്റ്**

ചെന്നലോട് ഇടവക മാതൃസംഘത്തിന്റെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി വലിയ നോമ്പിനോടനുബന്ധിച്ച് ഇടവകയിലെ എല്ലാഭവനങ്ങളും മാതൃസംഘാംഗങ്ങൾ സന്ദർശിച്ച് സംഭാവനകൾ സ്വീകരിച്ചു. ഇങ്ങനെ സമാഹരിച്ച 15000/ രൂപ. വാഴവറ്റയിലെ മാനസികരോഗികളെ ശുശ്രൂഷിക്കുന്ന സ്ഥാപനമായ ജ്യോതി നിവാസിലെ അന്തേവാസികൾക്കായി നൽകി. മാതൃസംഘത്തിന്റെ ഫൊറോന ഡയറക്ടർ ബഹു. പാലക്കിയച്ചന്റെയും, ആനിമേറ്റർ സി.ആൻസിലയുടെയും നേതൃത്വത്തിൽ 35 അമ്മമാർ ജ്യോതി നിവാസ് സന്ദർശിക്കുകയും അവർക്കുവേണ്ടി പ്രർത്ഥിക്കുകയും ചെയ്തു.

**പോരൂർ യൂണിറ്റ്**

മാർച്ച് 17 ന് ബഹു. തോമസച്ചന്റെ അദ്ധ്യക്ഷതയിൽ എക്സിക്യൂട്ടീവും മാർച്ച് 23 ന് വാർഡ് പ്രതിനിധികളുടെ യോഗവും ചേരുകയുണ്ടായി. ഇടവകയിലെ ധ്യാനവിജയത്തിനായി മാർച്ച് 23 ന് ദിവ്യകാരുണ്യസന്നിധിയിൽ ആരാധന നടത്തി. ക്രിസ്റ്റീൻ ധ്യാനത്തിന് ഭക്ഷണം പാകം ചെയ്തു കൊടുക്കുവാനുള്ള ഉത്തരവാദിത്വം അമ്മമാർ ഏറ്റെടുത്തു. പള്ളിയും, പരിസരവും സിമിത്തേരിയും വൃത്തിയാക്കി. ജീവകാരുണ്യപ്രവർത്തനത്തിന്റെ ഭാഗമായി ഇടവകയിൽ നിന്ന് 45 ബഡ്ഷീറ്റ് മേഖലയെ ഏല്പിച്ചു. മേഖല ടീം അംഗങ്ങളോടു ചേർന്ന് നമ്മുടെ ഇടവകയിൽ നിന്ന് രണ്ടു പ്രതിനിധികൾ കൊളക്കാട് മരിയഭവൻ, കണിച്ചാർ ബാലഭവൻ, ബോയ്സ് ടൗൺ എന്നി സ്ഥാപനങ്ങളിലെ അംഗങ്ങളെ സന്ദർശിച്ചു പ്രാർത്ഥിച്ചു.

**ഏലപ്പീടിക യൂണിറ്റ്**

ബഹു. സജിയച്ചന്റെ നേതൃത്വത്തിൽ മീറ്റിംഗ് നടത്തി. റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു പാസാക്കി. കഴിഞ്ഞ മാസത്തെ പ്രവർത്തനങ്ങളെ വിലയിരുത്തി. പ്രേഷിത വർഷാചരണത്തിന്റെയും, വലിയ നോമ്പിന്റെയും ഭാഗമായി അമ്മമാർ ആനിമേറ്ററിനോടൊപ്പം ഇടവകയിലെ എല്ലാം ഭവനങ്ങളും കയറിയിറങ്ങി വൃദ്ധമാതാപിതാക്കളെ മാർച്ച് 21 ന് പള്ളിയിൽ കൊണ്ടുവരുകയും വി. കുമ്പസാരത്തിനും, കുർബ്ബാനയ്ക്കുമായി അവസരമൊരുക്കി കൊടുക്കുകയും ചെയ്തു. എല്ലാവരും ഒരുമിച്ചുകുടി ഫോട്ടോ എടുത്തു. അച്ചന്റെ നേതൃത്വത്തിൽ സമ്മാനങ്ങൾ നൽകി. തുടർന്ന് സ്നേഹവിരുന്നിന് ശേഷം എല്ലാവരെയും തിരികെ വീട്ടിൽ എത്തിച്ചു.

**നെടുമ്പാല യൂണിറ്റ്**

മാർച്ച് 03 ന് സംഘടനയുടെ മീറ്റിംഗ് നടന്നു. 22 അമ്മമാർ

പങ്കെടുത്തു. ബഹു. ജേക്കബ് അച്ചൻ കുടുംബത്തിലും, സമൂഹത്തിലും പെരുമാറേണ്ടതെങ്ങനെയാണ് എന്ന വിഷയത്തെക്കുറിച്ച് ക്ലാസ് നയിച്ചു. മാർച്ച് 16 ന് ലക്കിടിയിലേക്ക് നടത്തിയ കുരിശിന്റെ വഴിയിൽ ആനിമേറ്ററും, ഏതാനും അമ്മമാരും പങ്കെടുത്തു. മാർച്ച് 18 ന് ചൂരൽമല ഭാഗത്തുള്ള തൊള്ളായിരത്തിലേക്ക് കുരിശിന്റെ വഴിയിൽ സംബന്ധിക്കുവാനും ഏതാനും അമ്മമാർ പോവുകയുണ്ടായി.

**ചൂരൽമല യൂണിറ്റ്**

മാതൃസംഘടനയുടെ മീറ്റിംഗ് മാർച്ച് 11 ന് നടന്നു. 21 അമ്മമാർ പങ്കെടുത്തു. മാർച്ച് 16 ന് ലക്കിടിയിലേക്ക് നടത്തിയ കുരിശിന്റെവഴിയിൽ ആനിമേറ്ററും, ഏതാനും സംഘടനാംഗങ്ങളും പങ്കെടുത്തു. മാർച്ച് 17 ന് അമ്മമാർ ഒരുമിച്ചു കൂടി ജപമാല ചൊല്ലി പ്രാർത്ഥിച്ചു. മാർച്ച് 18 ന് ചൂരൽമല ഭാഗത്തുള്ള തൊള്ളായിരത്തിലേക്ക് കുരിശിന്റെവഴിയിൽസംബന്ധിക്കുവാനും ഏതാനും അമ്മമാർ പോവുകയുണ്ടായി.

**മാനന്തവാടി ഫൊറോന**

മേഖലയിലെ 18 ഇടവകകളുടെ സജീവ പങ്കാളിത്തത്തോടെ മാർച്ച് 30 ന് ഫൊറോന ഡയറക്ടർ ബഹു.അലക്സ് കളപ്പുരയച്ചന്റെ നേതൃത്വത്തിൽ വിവിധ സ്ഥലങ്ങളിൽ ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുവാൻ സാധിച്ചു.(കൊളക്കാട് മരിയഭവൻ, കണിച്ചാറിലുള്ള യേശുശിശുഭവൻ, ബോയ്സ് ടൗൺ, സമരിറ്റൻഭവൻ) എന്നി സ്ഥാപനങ്ങളിലെ അംഗങ്ങളെ സന്ദർശിച്ചു പ്രാർത്ഥിച്ചു. 36 പേർ ഈ പരിപാടിയിൽ പങ്കെടുത്തു. ഈ പരിപാടിയെ വിജയിപ്പിക്കാൻ വളരെയധികം സഹായിച്ച എല്ലാവികാരിയച്ചൻമാരെയും നന്ദിയോടെ ഓർക്കുന്നു.

**കൽപ്പറ്റ ഫൊറോന**

മേഖലാ ഡയറക്ടർ ബഹു.ജോസഫ് വയലിലച്ചനും ആനിമേറ്റർ സി.കുസുമോസും മറ്റു ഭാരവാഹികളുംകൂടി മേഖലയിലെ എല്ലാ ശാഖകളും സന്ദർശിച്ചു. ബഹു.അച്ചൻ ക്ലാസ്സെടുക്കുകയും റെക്കോഡുകൾ പരിശോധിക്കുകയും വേണ്ട പ്രോത്സാഹനങ്ങളും നിർദ്ദേശങ്ങളും കൊടുക്കുകയും ചെയ്തു. മാർച്ച് 20 ന് കൽപ്പറ്റയിൽ വെച്ച് മേഖല എക്സിക്യൂട്ടീവ് നടന്നു. ഏപ്രിൽ മാസത്തിലെ ചെയിൻ റോസറി ഓരോ ശാഖകൾക്കുമായി വീതിച്ചു കൊടുത്തു. മെയ് മാസത്തിലെ ജനറൽ ബോഡി ചാരിറ്റിയിൽ വെച്ച് കുടുവാൻ തീരുമാനിച്ചു.മേഖലാതലത്തിൽ അർഹിക്കുന്ന ഒരു രോഗിക്ക് സാമ്പത്തീക സഹായം നൽകുവാനും തീരുമാനിച്ചു.

**ചാരിറ്റി യൂണിറ്റ്**

മാർച്ച് 18 ന് സംഘടനയുടെ യൂണിറ്റ് മീറ്റിംഗ് നടന്നു. ശാഖാ

ആനിമേറ്റർ സി. കുസുമോസ് ക്ലാസ്സെടുത്തു. വാഴവറ്റയിലെ മാനസിക രോഗികളെ ശുശ്രൂഷിക്കുന്ന സ്ഥാപനമായ ജ്യോതി നിവാസിലെ അന്തേ വാസികളെ സന്ദർശിച്ച് സൗഹൃദം പങ്കിടുകയും സാമ്പത്തിക സഹായം നൽകുകയും ചെയ്തു. ആശുപത്രിയിൽ രോഗികൾക്ക് കഞ്ഞിവച്ചു കൊടുക്കുകയും വൈത്തിരി സബ് ജയിൽ സന്ദർശിച്ച് അവർക്കുവേണ്ടി കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. തിരുന്നാളിനോട് അനുബന്ധിച്ച് പള്ളിയും പരിസരവും വൃത്തിയാക്കുകയും തിരുനാൾ നവദിനങ്ങളിൽ ഒരു ദിവസത്തെ വി.കുർബ്ബാനയുടെ കാഴ്ചസമർപ്പണം മാതൃസംഘടനയുടെ നേതൃത്വത്തിൽ നടത്തുകയും ചെയ്തു.

**പയ്യംമ്പള്ളി ഫെറോന**

മാർച്ച് 24 ന് കമ്മന ഇടവകയിൽ വെച്ച് ഫെറോന ഡയറക്ടർ ബഹു. ചാക്കോച്ചനച്ചന്റെ നേതൃത്വത്തിൽ ഫെറോന വനിതാ സംഗമം നടത്തി. 11 ശാഖകളിൽ നിന്നുമായി 165 അംഗങ്ങൾ പങ്കെടുത്തു. ബഹു. ചാക്കോച്ചനച്ചൻ വി. ബലിയർപ്പിച്ച് വചനസന്ദേശം നൽകി. രൂപതാ അസി. ഡയറക്ടർ വിനു വടക്കേലച്ചൻ വ്യക്തിത്വവികസനത്തിൽ കുട്ടി കളെ സ്വാധിനിക്കുന്ന ഘടകങ്ങളെക്കുറിച്ചും, ശ്രീമതി ചിന്നമ്മടീച്ചർ മക്കൾ അനുഗ്രഹമാകുവാൻ എന്ന വിഷയത്തെക്കുറിച്ചും ക്ലാസ്സുകൾ എടുത്തു. രൂപതാ ഡയറക്ടർ ബഹു. ഡെന്നീസച്ചൻ ആനുകാലിക സംഭവങ്ങളുടെ അടിസ്ഥാനത്തിൽ ഉപഭോഗവസ്തുകളിലെ വിഷാംശം നാമറിയാതെ അപകടകരമായ വഴികളിലേക്ക് കുട്ടികളെ നയിക്കുന്ന സാഹചര്യങ്ങളിൽ അമ്മമാർ ശ്രദ്ധാലുക്കളാകണമെന്ന് ഓർമ്മിപ്പിച്ചു. അടുത്ത സെമിനാർ ജൂൺ 23 ന് ഒണ്ടയങ്ങാടി ശാഖയിൽ വെച്ച് നട ത്തുവാനും അന്നേ ദിവസം മേഖലാതല ലോഗോസ്ക്വിസും, കൂപ്പൺ നറുക്കെടുപ്പും നടത്തുവാനും പ്രേഷിതനിധി ശേഖരണം ആരംഭിക്കു വാനും തീരുമാനിച്ചു. ക്ലാസെടുത്തവർക്ക് ശ്രീമതി മാർഗരറ്റ് ആര്യപ്പള്ളിയും, സംഗമം വിജയിപ്പിച്ച എല്ലാവർക്കും ശ്രീമതി ഫിലോ ചേലക്കലും നന്ദിയർപ്പിച്ചു.

**മരിയൻ സിംഗിൾസ്**

ഏപ്രിൽ 11-ന് സി. മരീനയുടെ നേതൃത്വത്തിൽ ഏകസ്ഥ കൂട്ടായ്മ നടന്നു. 12 പേർ പങ്കെടുത്തു. അടുത്ത മീറ്റിംഗ് മെയ് 11 ന് 10 മണിക്ക്.

**ഫാ. ഡെന്നീസ് കഴുതാടിയിൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സിയോൻ വാർത്തകൾ

**രണ്ടാംശനി 14-4-2012**

**ദമ്പതീകൂട്ടായ്മ**

രാവിലെ 10 ന് കൂട്ടായ്മ ജപമാലയോടു കൂടെ ആരംഭിച്ചു. ശ്രീ. ബെന്നി അറയ്ക്കക്കുന്നേൽ നേതൃത്വം നൽകി. 11 മണിക്ക് തലശ്ശേരി സോണൽ കോ-ഓർഡിനേറ്ററും കെ.എസ്.റ്റി. അംഗവുമായ ശ്രീ. സന്തോഷ് തലച്ചിറ കുടുംബ ജീവിതത്തിൽ ക്ഷമയും കൂട്ടായ്മയും എങ്ങനെ പരിപോഷിപ്പിക്കാം എന്ന വിഷയത്തെപ്പറ്റി ക്ലാസ്സെടുത്തു. 12.15 ന് ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചൻ വിശുദ്ധ ബലി അർപ്പിച്ചു. വിവാഹത്തിന്റെ രജത ജൂബിലി ആഘോഷിക്കുന്ന ശ്രീ. കുട്ടിയച്ചൻ - ജെസ്സി ദമ്പതികളെയും 15-ാം വാർഷികം ആഘോഷിക്കുന്ന ശ്രീ. ഷാജൻ - ബിന്ദു ദമ്പതികളെയും പൂക്കൾ നൽകി ആദരിച്ചു. ഉച്ചഭക്ഷണത്തിനുശേഷം സർവ്വീസ് ടീം അംഗങ്ങളെ തെരഞ്ഞെടുത്തു. 25-5-12 ന് എമ്മാവൂസിൽ വച്ചു നടക്കുന്ന ദമ്പതീ വളർച്ചാ ധ്യാനത്തിൽ നാല് ദമ്പതികളെ അയയ്ക്കാൻ തീരുമാനിച്ചു. 18-3-12 ന് ചുങ്കക്കുന്ന് ഇടവകയിലെ ദമ്പതീ കൂട്ടായ്മയുടെ 4-ാം വാർഷികം ആഘോഷിച്ചു. ദിവ്യകാരുണ്യ ആരാധന നടത്തി. ഗാനശുശ്രൂഷയ്ക്ക് സി. ലിന്റ എഫ്.സി.സി. നേതൃത്വം നൽകി. ശ്രീ. ജോസഫ് തോട്ടുപുറം സ്വാഗതവും ശ്രീ. പോൾ വലിയമറ്റം നന്ദിയും പറഞ്ഞു.

**കൗൺസിലിംഗ്**

52 പേർക്ക് കൗൺസിലിംഗ് കൊടുത്തു. കൂടാതെ ക്രിസ്റ്റീൻ ധ്യാനത്തിൽ പങ്കെടുത്ത കുട്ടികൾക്ക് 17, 18 തീയതികളിൽ കൗൺസിലിംഗ് നടത്തികൊടുത്തു.

**മൂന്നാംവെള്ളി - സൗഖ്യദിനം**

10 മണിക്ക് കുരിശിന്റെ വഴി നടത്തി. തുടർന്ന് ദിവ്യകാരുണ്യ ആരാധന, ജപമാല, സൗഖ്യപ്രാർത്ഥന എന്നിവ നടത്തി. ബഹു.

താന്നിയിൽ അച്ചൻ വി. ബലി അർപ്പിച്ചു അഭിഷേക പ്രാർത്ഥന നടത്തി. 1.30 ന് ശുശ്രൂഷകൾ അവസാനിച്ചു.

**സിയോൻ മേയ് മാസത്തിൽ**

| | | | | |
|---|---|---|---|---|
| മേയ് | 4 | ആദ്യവെള്ളി | – | സോണൽ മീറ്റിംഗ്, ജാഗരണ പ്രാർത്ഥന |
| | 5 | ആദ്യശനി | – | ഏകദിന കൺവെൻഷൻ കർദ്ദിനാൾ ആലഞ്ചേരി പിതാവിന്റെ പ്രഭാഷണം, കൗൺസിലിംഗ് |
| | 12 | രണ്ടാംശനി | – | ദമ്പതീകൂട്ടായ്മ |
| | | | – | യുവജന കൂട്ടായ്മ, കൗൺസിലിംഗ് |
| | 18 | മൂന്നാംവെള്ളി | – | സൗഖ്യദിനം, ജാഗരണ പ്രാർത്ഥന |
| | 25 | നാലാം വെള്ളി | – | ജാഗരണ പ്രാർത്ഥന |

**ഫാ. അഗസ്റ്റിൻ താന്നിയിൽ**
സിയോൻ ഡയറക്ടർ

---

## &

**<u>Tidings of April, 2012:</u>**

- ☯ The Annual Day of the College was inaugurated by celebrated Play-back Singer, Sri Nizar Wayand. Revd. Fr Manager presided over the Function.
- ☯ The Common Farewell in honour of the Outgoing Students, the Release of the College Magazine 2010-'11, the Release of the Video CD of the Communicative English Language Program, and the Award Ceremony of the Short Film Contest were held during a colourful function in the presence of the Manager, Rev.Msgr Dr Mathew Madappallikkunnel on 29 March.
- ☯ The University Examinations of the Final Semester UGs & Pgs begin on 18 and 20 April.
- ☯ The Principal attended the interface between the Higher Education Council and the Council of Principals of Colleges in Kerala at Thiruvananthapuram on 18 April.
- ☯ The last of the UGC-aid during the XI Plan is now being released, which is likely to give a new look to the New Block with the construction of the Indoor Sports Facilities in between the two Blocks.
- ☯ The College Buildings look fresh with the paintings going on.

**Dr. Raju George, Principal**



# ജയിൽ മിനിസ്ട്രി

**2012 മാർച്ച്**

2012 മാർച്ച് 18 ന് വൈത്തിരി സബ്ജയിൽ സന്ദർശിച്ചത് വൈത്തിരി സെന്റ് മേരീസ് ഇടവകയിലെ മിഷൻലീഗ്, കെ.സി.വൈ.എം. അംഗങ്ങളായിരുന്നു. ഈസ്റ്റർ ആശംസകൾ നേർന്നും മധുരം പങ്കുവെച്ചും വിവിധ കലാപരിപാടികൾ അവതരിപ്പിച്ചും സന്ദർശനം ഗംഭീരമാക്കി. അല്പനേരത്തേക്കാണെങ്കിലും തടവറയിലുള്ളവർക്ക് സാന്ത്വനം പകർന്ന് ആശ്വാസത്തിന്റെ നിമിഷങ്ങൾ സമ്മാനിച്ചതിന് വൈത്തിരിയിലെ കുഞ്ഞുമിഷനറിമാർക്കും യുവജനങ്ങൾക്കും പ്രോത്സാഹിപ്പിച്ച SH സിസ്റ്റേഴ്സിനും രൂപതാ ജീസസ് ഫ്രട്ടേണിറ്റിയുടെ നന്ദി.

**2012 ഏപ്രിൽ**

ഏപ്രിൽ മാസത്തെ ജയിൽ സന്ദർശനത്തിന് ഏപ്രിൽ 15 ന് വൈത്തിരി സബ്ജയിലിൽ വന്നത് മീനങ്ങാടി സെന്റ് ഫ്രാൻസീസ് അസ്സീസി പള്ളിയിൽ നിന്നും മിഷൻലീഗ് അംഗങ്ങളാണ്. നാവിനേക്കാളുപരി മനസ്സ് മനസ്സിനോടും ഹൃദയം ഹൃദയത്തോടും സംസാരിക്കുന്ന അനുഭവമായിരുന്നു ഈ സന്ദർശനം. കുഞ്ഞുമിഷനറിമാരുടെ കലാവൈഭവം ശ്രദ്ധേയമാവുകയും ചെയ്തു. ഇവരെ പ്രോത്സാഹിപ്പിച്ച് കൊണ്ടുവന്ന ഷാജി ചന്ദനപ്പറമ്പിൽ സാറിനും ബഹു. ജോജോ അച്ചനും, SABS സിസ്റ്റേഴ്സിനും രൂപതാ ജീസസ് ഫ്രട്ടേണിറ്റിയുടെ ഹൃദയം നിറഞ്ഞ നന്ദി.

**റവ. ഫാ. ബിനു പൈനുങ്കൽ**
ഡയറക്ടർ

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

കർത്താവിൽ സ്നേഹമുള്ള വിൻസെൻഷ്യൻ സഹോദരരേ,

പരിശുദ്ധ അമ്മയുടെ വണക്കത്തിനായി തിരുസഭ പ്രത്യേകം നീക്കി വെച്ച മേയ് മാസത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. മേയ്മാസ റാണിയുടെ അനുഗ്രഹത്തിനായി നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം. അതുപോലെ മേയ് 1 അഖിലലോക തൊഴിലാളിദിനവും, തൊഴിലാളികളുടെ മദ്ധ്യസ്ഥനായ വി. യൗസേപ്പിന്റെ തിരുനാളും നാം ആഘോഷിക്കുകയാണല്ലോ. വി. യൗസേപ്പിന്റെ മദ്ധ്യസ്ഥത്തിനായി നമുക്ക് പ്രാർത്ഥിക്കാം. ദരിദ്രരെയും രോഗികളെയും ഈ മാസത്തിൽ നമുക്ക് പ്രത്യേകം ഓർമ്മിക്കുകയും അവരെ പരിശുദ്ധ അമ്മയുടെ ഭക്തിയിലേക്ക് ആനയിക്കുകയും സഹായിക്കുകയും ചെയ്യാം.

**സി.സി. വാർഷികം**

വിൻസെന്റ് ഡി പോൾ മാനന്തവാടി രൂപത കൗൺസിലിന്റെ 34-ാമത് വാർഷികം ഈ മാസം 12, 13 തീയതികളിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് ആഘോഷിക്കുകയാണ്. 12 ന് എല്ലാ കോൺഫ്രൻസ് പ്രസിഡന്റുമാരും എ.സി. പ്രസിഡന്റുമാരും, 13 ന് എല്ലാ കോൺഫ്രൻസ് അംഗങ്ങളും കൂടിയുള്ള സംയുക്ത സമ്മേളനവുമാണ് നടക്കുക. വാർഷികാഘോഷം വമ്പിച്ച വിജയമാക്കി തീർക്കുവാൻ മുഴുവൻ അംഗങ്ങളുടെയും സാന്നിദ്ധ്യ സഹകരണങ്ങൾ ആവശ്യമാണ്. ചടങ്ങുകളുടെ സംക്ഷിപ്തരൂപം താഴെ കൊടുക്കുന്നു.

**12-5-12 ശനിയാഴ്ച**

| | |
|---|---|
| 4.30 p.m. | : രജിസ്ട്രേഷൻ, |
| 5 p.m. to 6 p.m. | : ഉദ്ഘാടന സമ്മേളനം |
| 6 p.m. to 8 p.m. | : ക്ലാസ്-പ്രശസ്ത സുവിശേഷകൻ ഇടുക്കി തങ്കച്ചൻ |
| 8 p.m. | : അത്താഴം |
| 8.30 p.m. to 10 p.m. | : ശില്പശാല-നയിക്കുന്നത് ബ്ര. കെ.ടി. തോമസ് (താമരശ്ശേരി സി.സി. പ്രസിഡന്റ്) |

**13-5- 2012 ഞായറാഴ്ച**

| | |
|---|---|
| രാവിലെ 6 | : ജപമാല പ്രാർത്ഥന |
| 7 a.m. to 8.30 a.m. | : ക്ലാസ്സ് - ഇടുക്കി തങ്കച്ചൻ |
| 8.30 a.m. | : പ്രഭാതഭക്ഷണം |

9.30 a.m : അംഗങ്ങളുടെ രജിസ്ട്രേഷൻ
10 a.m. to 12 a.m. : പൊതുസമ്മേളനം
12 to 1.30 p.m. : വി. കുർബാന - ഫാ. തോമസ് കച്ചിറയിൽ
(റെക്ടർ മൈനർ സെമിനാരി, മാനന്തവാടി)
1.30 p.m. : ഉച്ചഭക്ഷണം

കോൺഫ്രൻസിൽ നിന്നും 12 നും 13 നും വരുന്നവരുടെ ലിസ്റ്റ് 8-5-2012 ന് മുമ്പ് സി.സി. ഓഫീസിലോ പ്രസിഡന്റിനേയോ അറിയിക്കണം. വിശദമായ നോട്ടീസ് എ.സി. പ്രസിഡന്റുമാർ വശം കൊടുത്തയച്ചിട്ടുണ്ട്.

**വാർത്തകൾ:**

ഗൂഡല്ലൂർ എ.സി.യിലെ ധർമ്മഗിരി ഇടവകയിലെ സെന്റ് സെബാസ്റ്റ്യൻസ് കോൺഫ്രൻസ് അവരുടെ വകയായി സ്ഥാപിച്ച ഡി പോൾ കമ്പ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനം 15-4-12 ന് ഞായറാഴ്ച സി.സി. പ്രസിഡന്റ് ബ്ര. തോമസ് മാങ്ങൻ ഉദ്ഘാടനം ചെയ്തു. തദവസരത്തിൽ സി.സി. സീനിയർ വൈസ് പ്രസിഡന്റ് ജോണി പാറ്റാനി, സി.സി. വൈസ് പ്രസിഡന്റ് ജോസ് വട്ടുകുളത്തിൽ, ജനറൽ സെക്രട്ടറി അഗസ്റ്റിൻ കൊടിയൻകുന്നേൽ, ട്രഷറർ ഫിലിപ്പ് വട്ടക്കാമുകളേൽ, എ.സി. പ്രസിഡന്റ് റോയി ലൂയീസ് തുരുത്തിൽ എന്നിവർ സന്നിഹിതരായിരുന്നു. കമ്പ്യൂട്ടർ സെന്ററിന്റെ വെഞ്ചരിപ്പുകർമ്മം ഇടവക വികാരി ബഹു. പോൾ കൊരണ്ട്യാർകുന്നേലച്ചൻ നിർവ്വഹിച്ചു. അഭിനന്ദനങ്ങളും നന്ദിയും അർപ്പിക്കുന്നു.

ഗൂഡല്ലൂർ എ.സി.യിൽപെട്ട സേക്രട്ട് ഹാർട്ട് കോൺഫ്രൻസ് അംഗങ്ങൾ 1.50 ലക്ഷം രൂപ മുടക്കി ഒരു കുടുംബത്തിന് വീട് വെച്ച് കൊടുത്ത പ്രവർത്തി മാതൃകാപരം തന്നെ.

**കോൺഫ്രൻസ് വിസിറ്റ് :** നിലമ്പൂർ, മണിമൂളി എ.സി. കളിലെ കോൺഫ്രൻസുകൾ സി.സി. പ്രസിഡന്റും ടീമും മാർച്ച് 23, 24 തീയതികളിലും ഗൂഡല്ലൂർ എ.സി.യിലെ കോൺഫ്രൻസുകൾ 15-4-12 നും ബത്തേരി എ.സി.യിലെ കോൺഫ്രൻസുകൾ 17-4-12, 18-4-12 തീയതികളിലും നടത്തുകയുണ്ടായി.

**ഓസ്സാനാംഭവൻ സന്ദർശനം**

ലിറ്റിൽഫ്ളവർ ചെറുകാട്ടൂർ 18-5-12, സെന്റ് ജൂഡ് കോൺഫ്രൻസ് തോണിച്ചാൽ - 20-5-12, സെന്റ് മേരീസ് തോണിച്ചാൽ - 20-5-12, സെന്റ് അൽഫോൻസ് ദ്വാരക - 22-5-12, സെന്റ് തെരേസ കൊമ്മയാട് - 24-5-12, സെന്റ് ജോസഫ് ബാലേശുഗിരി - 26-5-12, സെന്റ് ജോർജ് കൊളവയൽ - 28-5-12, സെന്റ് ഫ്രാൻസീസ് അസ്സീസി മീനങ്ങാടി - 29-5-12, സെന്റ് ജോസഫ് തെനേരി - 1-6-12, സെന്റ് മേരി തെനേരി - 3-6-12, അമലോത്ഭവ മാതാ വാഴവറ്റ - 5-6-12, ഡൊമിനിക് സാവിയോ വാഴവറ്റ - 9-6-12, സെന്റ് സെബാസ്റ്റ്യൻ വാഴവറ്റ - 11-6-12, ക്രിസ്തുരാജ കോൺഫ്രൻസ് കരണി - 13-6-12

**ബ്രദർ എം.സി. തോമസ് മാങ്ങൻ**
(സി.സി. പ്രസിഡന്റ്)

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

**കൗൺസിലിംഗ്**

2012 ജൂൺ മാസം മുതൽ ആഴ്ചയിൽ 2 ദിവസം പാസ്റ്ററൽ സെന്ററിലുള്ള മദ്യവിരുദ്ധസമിതി ഓഫീസിൽ വെച്ച് മദ്യപന്മാരുടെ കുടുംബാംഗങ്ങൾക്കും മദ്യാസക്തർക്കുമായി കൗൺസിലിംഗ് സൗകര്യം ഏർപ്പെടുത്തുന്നു. ബുധൻ - വ്യാഴം ദിവസങ്ങളിലാണ് കൗൺസിലിംഗ്. മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യുന്നവർക്ക് അവസരം നൽകുന്നതാണ്.

**സേവ് ക്യാമ്പസ്**

കൗമാരക്കാരായ വിദ്യാർത്ഥികളെ ബോധവത്ക്കരണത്തിലൂടെ ലഹരി വിമുക്തരാക്കുക എന്ന ലക്ഷ്യത്തോടെ 2012-13 അധ്യയന വർഷം ക്യാമ്പസുകൾ കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ പരിപാടികൾക്ക് പ്രാധാന്യം നൽകുന്നതിനുള്ള കർമ്മപരിപാടികൾക്ക് രൂപം നൽകി.

**സിസ്റ്റേഴ്സ് കൺവെൻഷൻ ജൂലൈ 14**

എല്ലാ ഇടവകകളിലും മദ്യവിരുദ്ധ പ്രവർത്തനങ്ങൾ ശക്തമാക്കുക എന്ന ലക്ഷ്യത്തോടെ എല്ലാ ഇടവക മഠങ്ങളിൽ നിന്നും ഒരു സന്യാസിനിയെ പങ്കെടുപ്പിച്ച് 2012 ജൂലൈ 14-ന് ഏകദിന പഠനശിബിരം സംഘടിപ്പിക്കുന്നു.

**ചേരിയംകൊല്ലി ഇടവക**

ചേരിയംകൊല്ലി ഇടവകയിലെ എല്ലാ വാർഡുകളിലും മദ്യവിരുദ്ധ- ലഹരിവിരുദ്ധ സെമിനാർ മോചന സംഘടിപ്പിച്ചു. പ്രാർത്ഥനാകൂട്ടായ്മയോടുകൂടിയാണ് മോചന സംഘടിപ്പിച്ചത്. കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി യൂണിറ്റിന്റെയും കെ.സി.വൈ.എന്റെ യും നേതൃത്വത്തിൽ ആറ് വാർഡുകളിലും മോചന സംഘടിപ്പിച്ചു. രൂപതാ ഡയറക്ടർ ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ പരിപാടികൾക്ക് നേതൃത്വം നൽകി.

**നടവയൽ**

നടവയൽ ഇടവകയിൽ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ പ്രവർത്തനം ശക്തമാക്കുന്നതിന്റെ ഭാഗമായി പ്രത്യേക യോഗം ചേർന്നു. രൂപതാ സെക്രട്ടറി ടോമി നെടുംകൊമ്പിൽ മുഖ്യപ്രഭാഷണം നടത്തി.

**അരിഞ്ചേർമല**

അരിഞ്ചേർമല ഇടവകയിൽ കൗമാരക്കാരായ വിദ്യാർത്ഥികൾക്കായി നടത്തിയ ക്യാമ്പിൽ മോചന സംഘടിപ്പിച്ചു. രൂപതാ സെക്രട്ടറി ടോമി നെടുംകൊമ്പിൽ ക്ലാസുകൾ നയിച്ചു. ഇടവക ക്യാമ്പിനോടനുബന്ധിച്ച് മോചന ബോധവത്ക്കരണ ക്യാമ്പ് നടത്തുവാൻ സഹായിച്ച വികാരിയച്ചന്മാർക്കും സംഘാടകർക്കും പ്രത്യേകം നന്ദി.

**ഡോൺ ബോസ്കോ ബത്തേരി**

ബത്തേരി ഡോൺ ബോസ്ക്കോ കോളേജിൽ വെച്ച് സി.എം.എൽ. ബത്തേരി മേഖലയുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധ ബോധവത്ക്കരണ പരിപാടി സംഘടിപ്പിച്ചു. സെമിനാർ നടത്തുവാൻ അനുവാദനം നൽകിയ ബഹു. വൈദികർക്കും സി.എം.എൽ. ബത്തേരി മേഖലാ ഭാരവാഹികൾക്കും പ്രത്യേകം അഭിനന്ദനങ്ങൾ. രൂപതാ പ്രസിഡന്റ് ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ ക്ലാസുകൾ നയിച്ചു.

**രൂപതാ എക്സിക്യൂട്ടീവ് യോഗം**

ഏപ്രിൽ 17 ന് ചൊവ്വാഴ്ച രൂപതാ എക്സിക്യൂട്ടീവ് യോഗം ചേർന്നു. അടുത്ത മൂന്ന് മാസത്തേക്കുള്ള കർമ്മപരിപാടികൾ ആസൂത്രണം ചെയ്തു.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ പ്രസിഡന്റ്

# സാമൂഹ്യ സേവനരംഗം (WSSS)

## പരിശീലന പരിപാടി നടത്തി

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ നടന്നുവരുന്ന നീർത്തട വികസന പദ്ധതിയുടെ ഭാഗമായി മട്ടിലയം നീർത്തടത്തിൽ 'ഉപജീവനം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ' എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു. പരിശീലനം തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ഗീത ബാബു ഉദ്ഘാടനം ചെയ്തു. മട്ടിലയം നീർത്തട വികസന സമിതി ചെയർമാൻ പി. വെള്ളൻ അദ്ധ്യക്ഷത വഹിച്ചു. WSSS ജനറൽ കോ-ഓർഡിനേറ്റർ ജോസ് പി. എ. ക്ലാസുകൾക്ക് നേതൃത്വം നൽകി.

## പഠനയാത്ര സംഘടിപ്പിച്ചു

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന നീർത്തട വികസന പദ്ധതിയുടെ ഭാഗമായി മട്ടിലയം, അയനിവയൽ, പൊർളോം, നെല്ലേരി നീർത്തട പദ്ധതികളുടെ കമ്മറ്റി അംഗങ്ങൾക്കുവേണ്ടി പൂക്കോട് വെറ്റിനറി സർവ്വകലാശാലയിലേക്ക് 3 ബാച്ചുകളിലായി പഠന യാത്ര സംഘടിപ്പിച്ചു.

## ARTISAN ഐഡന്റിറ്റി കാർഡ് വിതരണം

മുളയുൽപന്ന നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന 46 പേർക്ക്, കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രാലയത്തിന്റെ ഭാഗമായ ഹാൻഡിക്രാഫ്റ്റ് ഡിപാർട്ടുമെന്റുമായി സഹകരിച്ച്, ആർട്ടിസാൻ ഐഡന്റിറ്റി കാർഡും രാജീവ് ഗാന്ധി ശില്പി സ്വാസ്ഥ്യഭീമയോജന ഇൻഷുറൻസ് കാർഡും മാർച്ച് 12-ാം തീയതി WSSS ഓഡിറ്റോറിയത്തിൽ വച്ച് വിതരണം ചെയ്തു. WSSS ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴയിലിന്റെ അദ്ധ്യക്ഷതയിൽ ശ്രീ. ധനശേഖരൻ (Asst. Director, Office of the Handicrafts)

ആർട്ടിസാൻ ഐഡന്റിറ്റി കാർഡിന്റെ വിതരണോദ്ഘാടനവും, ശ്രീ. രാമമൂർത്തി (Asst. Director, Office of the Handicrafts) ഇൻഷുറൻസ് കാർഡിന്റെ വിതരണോദ്ഘാടനവും നിർവ്വഹിച്ചു. ശ്രീ. അനൂപ് നാമല സ്വാഗതമാശംസിച്ചു. ശ്രീ. കെ.ഒ. ജോയി ആശംസയർപ്പിച്ചു.

**കാരിത്താസ് FARM പ്രൊജക്ട്**

കാരിത്താസ് മിഡ് ടേം അസസ്മെന്റിന്റെ ഭാഗമായി കാരിത്താസ് ടീം അംഗങ്ങൾ സന്ദർശനം നടത്തി പ്രവർത്തനങ്ങൾ വിലയിരുത്തി. തൃശ്ശിലേരിയിലെ മോഡൽ ഫാം സന്ദർശിച്ച് പ്രവർത്തനങ്ങൾ മികവുറ്റതാണെന്ന് അഭിപ്രായപ്പെട്ടു.

**മുയൽ വളർത്തൽ പരിശീലനം**

കാരിത്താസ് Livelihood Security of Single Women എന്ന പ്രൊജക്ടിന്റെ ഭാഗമായി 30 വിധവകളെ തിരഞ്ഞെടുത്ത് മുയൽ വളർത്തലിൽ വിദഗ്ധ പരിശീലനം നൽകി. പ്രസ്തുത പരിപാടിയുടെ ഉദ്ഘാടനം ശ്രീ. എൻ. ജെ. ചാക്കോ നിർവ്വഹിച്ചു. ശ്രീമതി ബിന്ദു സെബാസ്റ്റ്യൻ അദ്ധ്യക്ഷയായിരുന്നു. ശ്രീ. അനൂപ് നാമല സ്വാഗതമാശംസിച്ചു. പൂക്കോട് വെറ്റിനറി യൂണിവേഴ്സിറ്റിയിലെ അസോസിയേറ്റ് പ്രൊഫസർ ശ്രീമതി കെ.എ. ബിന്ദു പരിശീലനത്തിന് നേതൃത്വം നൽകി.

**SAVE A FAMILY PLAN**

Save A Family Plan പ്രോഗ്രാമിന്റെ ഭാഗമായി മാർച്ച് മാസം നടത്തിയ പ്രധാന പ്രവർത്തനങ്ങൾ 2012-13 വർഷത്തെ വാർഷിക പദ്ധതി കുടുംബങ്ങളിൽ നടപ്പാക്കി. 2012-13 വർഷത്തേക്കുള്ള പുതിയ കുടുംബങ്ങളുടെ തെരഞ്ഞെടുപ്പിന്റെ പ്രാഥമിക ഘട്ടമായി ഇടവകകളിലേക്ക് കത്തുകളയച്ചു. 219 കുടുംബങ്ങളെ SWAVALAMBAN National Pension Scheme - ൽ അംഗങ്ങളാക്കി.

**WSSS വനിതാ ദിനമാഘോഷിച്ചു**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ WSSS ഓഡിറ്റോറിയത്തിൽ വച്ച് നടന്ന വനിതാദിനമാഘോഷം ജില്ലാപഞ്ചായത്ത് മെമ്പർ ശ്രീമതി ഉഷാകുമാരി ഉദ്ഘാടനം ചെയ്തു. WSSS ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ അദ്ധ്യക്ഷത വഹിച്ചു. 'പെൺകുട്ടികളുടെ കൂട്ടായ്മ ശ്രേഷ്ഠഭാവിയ്ക്ക്' എന്ന വിഷയത്തെ ആസ്പദമാക്കി ശ്രീമതി മേഴ്സി ആര്യപ്പള്ളി, ശ്രീമതി ഷൈമാ ബെന്നി

എന്നിവർ വിഷയാവതരണം നടത്തി. മൂല്യാധിഷ്ഠിത ജീവിതം നയിക്കാൻ സ്വയം പ്രാപ്തരാകുക, പ്രാപ്തരാകാൻ സഹായിക്കുക, സ്ത്രീ സമൂഹത്തിനെതിരെയുള്ള വെല്ലുവിളികളെ സമചിത്തതയോടെ നേരിയുക എന്നീ ലക്ഷ്യങ്ങളോടെ സോഷ്യൽ വെൽഫയർ സൊസൈറ്റികളിൽ പെൺകുട്ടികളുടെ കൂട്ടായ്മകൾ രൂപീകരിക്കുന്നതിന് തീരുമാനിച്ചു. എടവക ഗ്രാമപഞ്ചായത്ത് മെമ്പർ അഡ്വ. എൽബി മാത്യു പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീമതി ഷൈനി ജോർജ്ജ്, WSSS പ്രൊജക്ട് ഓഫീസർ ശ്രീ. ഒ. പി. അബ്രാഹം എന്നിവർ ആശംസകളർപ്പിച്ചു. WSSS ജോയിന്റ് ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ സ്വാഗതവും ശ്രീ. കെ.ഒ. ജോയി നന്ദിയും രേഖപ്പെടുത്തി.

**കുടുംബ സംഗമവും ജനപ്രതിനിധികളെ ആദരിക്കലും**

വാകേരി സോഷ്യൽ വെൽഫയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ കുടുംബ സംഗമവും ജനപ്രതിനിധികളെ ആദരിക്കലും മാർച്ച് 31-ാം തീയതി വാകേരി സെന്റ് ആന്റണീസ് പാരീഷ് ഹാളിൽ വെച്ച് നടത്തി. സമ്മേളനത്തിൽ റവ. ഫാ. ജോർജ്ജ് തേരകം അദ്ധ്യക്ഷത വഹിച്ചു. പനമരം ബ്ലോക്ക് ക്ഷേമകാര്യ സ്റ്റാന്റിംഗ് ചെയർ പേഴ്സൻ ശ്രീ. പി. എം. സുധാകരൻ ഉദ്ഘാടനം നിർവ്വഹിച്ചു. WSSS ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ മുഖ്യ പ്രഭാഷണം നടത്തി. പൂതാടി ഗ്രാമപഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മറ്റി ചെയർ പേഴ്സൻ ശ്രീമതി സിന്ധു രവീന്ദ്രൻ, ഗാന്ധിനഗർ വാർഡ് മെമ്പർ ശ്രീ. സിബി.കെ.എം, മൂടക്കൊല്ലി വാർഡ് മെമ്പർ ശ്രീമതി വത്സാ വിജയൻ, വാകേരി വാർഡ് മെമ്പർ ശ്രീമതി തങ്കമ്മ ഷാജി, ADS പ്രസിഡന്റ് ശ്രീമതി ശാന്തമ്മ ശിവൻ, WSSS പ്രോഗ്രാം ഓഫീസർ ഒ. പി. അബ്രാഹം, കെ.ഒ. ജോയി, ശ്രീമതി സുജാ മാത്യു എന്നിവർ ആശംസകളർപ്പിച്ചു. SWS സെക്രട്ടറി ജോസ്. കെ.എം. റിപ്പോർട്ട് അവതരിപ്പിച്ചു.

SWS ന്റെ നേതൃത്വത്തിൽ തൊറ്റാടി പാലത്തിന് അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനു MLA ഫണ്ടിൽ നിന്നും 45 ലക്ഷം രൂപ അനുവദിക്കുവാൻ ജനപ്രതിനിധികളുടെ നിസ്വാർത്ഥ സഹകരണം ലഭ്യമാവുകയും അവരുടെ കൂട്ടായ ശ്രമം വഴി പ്രദേശത്തിന്റെ വികസനം സാധ്യമാവുകയും ചെയ്ത സന്ദർഭത്തിൽ SWS ഡയറക്ടർ റവ. ഫാ. ജോർജ്ജ് തേരകം, WSSS ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ

എന്നിവർ ജനപ്രതിനിധികളെ പ്രസ്തുത സമ്മേളനത്തിൽ വച്ച് ആദരിക്കുകയും ചെയ്തു.

അപ്രോച്ച് റോഡ് വരുന്നതുവഴി നഷ്ടം സംഭവിച്ച കർഷകന് വാകേരി SWS നഷ്ട പരിഹാരമായി 30,000/– രൂപ നൽകുവാനും തീരുമാനിച്ചു.

SWS പ്രസിഡന്റ് ED തോമസ് സ്വാഗതവും വൈസ്പ്രസിഡന്റ് ഡെയ്സി തങ്കച്ചൻ നന്ദിയും രേഖപ്പെടുത്തി. കുട്ടികളുടെ കലാപരിപാടി സംഗമത്തിന് മികവേകി. സ്നേഹവിരുന്നോടുകൂടി സംഗമം അവസാനിച്ചു.

# കേരള ലേബർ മൂവ്മെന്റ്

അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി പ്രവർത്തിക്കുന്ന കേരള ലേബർ മൂവ്മെന്റിന്റെ മാനന്തവാടി രൂപതയിലെ പ്രവർത്തനങ്ങൾ ഊർജ്ജസ്വലമായി മുമ്പോട്ട് പോകുന്നു.

**സുരക്ഷ രജിസ്ട്രേഷൻ**

അസംഘടിത തൊഴിലാളികളുടെ സാമ്പത്തിക സുസ്ഥിതിയും, സുരക്ഷയും ഉറപ്പാക്കികൊണ്ട് വിജയകരമായി മുന്നോട്ട് പോകുന്ന സുരക്ഷ (സ്വാവലംബൻ) പെൻഷൻ ക്ലിനിക്കിൽ, ഒന്നയാർ, കാരയ്ക്കാമല, കണിയാരം, കാട്ടിക്കുളം, വഞ്ഞോട്, നടവയൽ, അമ്പായത്തോട്, ആലാറ്റിൽ, പുതിയിടംകുന്ന് ഇടവകകളിൽ നിന്നും ആളുകൾ പങ്കുചേരുകയും, അംഗങ്ങളാവുകയും ചെയ്തു.

**അറിയിപ്പ്**

സഭാസ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികളെ സുരക്ഷാ പെൻഷൻ സ്കീമിൽ പങ്കാളികളാക്കുവാൻ മേലധികാരികൾ ശ്രദ്ധിക്കുമല്ലോ.

**ഫാ. ജോൺ ചൂരപ്പുഴയിൽ**
KLM ഡയറക്ടർ



# അറിയിപ്പുകൾ

## 1) ബിഷപ്പ് ഫ്രാൻസിസ് വാഴപ്പിള്ളി സ്മാരക പുരസ്കാരം

തൃശൂർ അതിരൂപതയുടെ പ്രഥമ മെത്രാനും വ്യാകുലമാതാവിൻ ബസിലിക്കയുടെ സ്ഥാപകനുമായ ബിഷപ്പ് മാർ ഫ്രാൻസിസ് വാഴപ്പിള്ളിയുടെ 70-ാം ചരമവാർഷികത്തോടനുബന്ധിച്ച് ഭാരതസഭാചരിത്രത്തിൽ മികച്ച സംഭാവന നൽകിയ പ്രതിഭയ്ക്ക് പുരസ്കാരം നൽകുന്നു. 25,000 രൂപയും പ്രശസ്തിപത്രവും അടങ്ങുന്നതാണ് പുരസ്കാരം. തൃശൂർ വ്യാകുലമാതാവിൻ ബസിലിക്ക തീർത്ഥകേന്ദ്രമാണ് അവാർഡ് ഏർപ്പെടുത്തിയിരിക്കുന്നത്. 2012 മെയ് 12 ശനിയാഴ്ച വൈകിട്ട് 3.30 ന് നടക്കുന്ന അനുസ്മരണയോഗത്തിലാണ് പുരസ്കാര സമർപ്പണം.

ചരിത്രപഠനത്തിലുള്ള അവഗാഹം തെളിയിക്കുന്ന രചനകളുടെയും യോഗ്യത സർട്ടിഫിറ്റുകളുടെയും ഓരോ കോപ്പി, ബയോഡാറ്റ, ഇടവക വികാരി/ സ്ഥാപനാധികാരിയുടെ സാക്ഷ്യപത്രം എന്നിവയോടൊപ്പം അപേക്ഷകൾ റെക്ടർ, ഡോളേഴ്സ് ബസിലിക്ക, തൃശൂർ 680 001 എന്ന വിലാസത്തിൽ 2012 മെയ് 7 നു മുമ്പ് സമർപ്പിക്കേണ്ടതാണ്. ഫോൺ: 0487 - 2420906, 2445325, Mob: 9946248404. E-mail: doloursbasilica@gmail.com

• • • • •

## 2) BIBLE COMMISSION

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ജൂബിലിയോടനുബന്ധിച്ച് വിശ്വാസവർഷം ആചരിക്കാനുള്ള തയ്യാറെടുപ്പുകൾ നടത്തിക്കൊണ്ടിരിക്കുന്ന ഈ വേളയിൽ കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ താഴെ പറയുന്ന പരിപാടികൾ നടത്തുവാൻ ആഗ്രഹിക്കുന്നു.

1. ദ്വിദിന ബൈബിൾ ക്യാമ്പ്: ഏപ്രിൽ 27, 28 തീയതികളിൽ രൂപതാ ബൈബിൾ ഡയറക്ടർമാർ, രൂപതാ ബൈബിൾ ആനിമേറ്റർമാർ, ബൈബിൾ സൊസൈറ്റി ഭരണസമിതിയംഗങ്ങൾ എന്നിവർക്കായി 'ദേയി ബെർബും മുതൽ വെർബും ദോമിനി വരെ' എന്ന വിഷയത്തെ അധിക

രിച്ച് പി.ഒ.സി. യിൽ വച്ച് ഒരു ദ്വിദിന ക്യാമ്പ് സംഘടിപ്പിക്കുന്നു. ക്ലാസ്സു കളെടുക്കുന്നവർ : റവ. ഡോ. മൈക്കിൾ കാരിമറ്റം, റവ. ഡോ. ജോസഫ് തൊണ്ടിപറമ്പിൽ, റവ. ഡോ. ജേക്കബ് പ്രസാദ്, റവ. ഡോ. ജോമോൻ നാല്പതിൽച്ചിറ, റവ. ഡോ. ജോഷി മയ്യാറ്റിൽ. ഡയറക്ടറെ കൂടാതെ 4 ആനിമേറ്റർമാർക്കൂടി സംബന്ധിക്കാവുന്നതാണ്. രജിസ്ട്രേഷന്റെ അവ സാന തീയതി : ഏപ്രിൽ 15.

2. അഭിവന്ദ്യപിതാക്കന്മാരുടെ താല്പര്യപ്രകാരം ജൂൺ 1 മുതൽ ജൂൺ 30 വരെ ബൈബിൾ പാരായണമാസമായി നാം പ്രഖ്യാപിക്കുകയാണ്. അതിനു സഹായകമായ വായനചാർട്ട് ഡയറക്ടർമാർക്ക് എത്തിച്ചുകൊ ടുക്കുന്നുണ്ട്. ബൈബിൾ വാരവും ബൈബിൾ ഞായറും കേരള സഭ ആചരിക്കുന്ന മെയ് 27 മുതൽ ജൂൺ 3 വരെ തീയതികളിൽ പി.ഒ.സി. യിൽ വച്ച് ഒരു ക്രിസ്ത്യൻ ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിക്കുന്ന കാര്യവും ആലോചനയിലുണ്ട്.
3. വിശ്വാസവർഷ ബൈബിൾ കലോത്സവം-2012 : ഡിസംബർ 29, 30 തീയതികളിൽ തൃശൂർ കേന്ദ്രമാക്കി അഖില കേരള ബൈബിൾ കലേ ത്സവം സംഘടിപ്പിക്കുന്നു.
4. ലോഗോസ് ക്വിസ്-2012 : ലോഗോസ് ക്വിസ് - 2011 ന്റെ ടെലിസംപ്രേ ഷണം ഗുഡ്നസ്സ് T.V. യിൽ എല്ലാ ശനിയാഴ്ചകളിലും രാത്രി 9 മണിക്ക്. ലോഗോസ് - 2012 ലെ പുതുമകൾ: 100% online registration, സെക്കു ലർ ചാനലിൽ സംപ്രേഷണം, സീനിയർ സിറ്റിസൺസിനു മാത്രമായി ഒരു ഗ്രൂപ്പ്, ലോഗോസ് പ്രതിഭയ്ക്ക് സൗജന്യ വിശുദ്ധനാടു തീർത്ഥാ ടനം.

• • • • •

## 3) De Sales Bhavan, ITSSCAT - India

H.No.E 49, Shasthri Nagar East, Kunchalummoodu, Karamana P.O, Thiruvananthapuram - 2, Tel. 0471 2341498, Mob: 09447576811

This is to bring to your notice the new ministry of education that we have taken up towards the benefit of the intelligent children from the marginalized, broken and economically very backward families; for the benefit of their families and the entire society and nation.

We, a group of priests and laity under my leadership and initiative, have started a unique institute of education (ITSSCAT - India: institute of Talent Search for Social Change and Transformation of India), With coaching and training for Indian civil services, for the high school students from the 8th class to Plus II. This is a residential program; the children stay in the centre and frequent a regular English medium school of state syllabus. We have already six boys and they are the toppers in the class. One has already secured the state level second rank for the DCL IQ examination 2011-12. We admit only 10 students a year. The goal is to produce and contribute to the nation

a few qualitative, values based and service oriented civil service men for the nation who will make right policies and govern the nation towards the welfare, growth and development of every one in our society. I would earnestly request you to encourage and support us by sending at least one such student from the diocese.

The eligibility:

- They should be from really poor families and as mentioned above.
- They should have at least an aggregate of 80% of marks in the previous class i.e class 7.
- There will be an entrance test and interview prior to admission. The test will be based on the preceding class texts.
- Admission will be only to class 8.

**Fr. Jose Karekatt MSFS**

• • • • •

## 4) കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ വിശ്വാസവർഷ ബൈബിൾ കലോത്സവം 2012

**2012 ഡിസംബർ 29, 30 തീയതികളിൽ**

**സ്ഥലം: തൃശൂർ സെന്റ് തോമസ് കോളേജ്, സെന്റ് തോമസ് ഹയർ സെക്കണ്ടറി, സേക്രട്ട് ഹാർട്ട് ഹയർ സെക്കണ്ടറി സ്കൂൾ**

**ആത്മീയ- സാംസ്കാരിക മേള**

വചനം കല ധരിച്ച് ആടുന്ന സുന്ദരദിനങ്ങൾ സമാഗതമാകുന്നു. ബൈബിൾ സന്ദേശങ്ങളും മൂല്യങ്ങളും കലാരൂപങ്ങളിലൂടെ പ്രകാശിപ്പിക്കുന്നതിനും യുവപ്രതിഭകൾക്കു കൈയൊപ്പു നൽകുന്നതിനുമായി കെ.സി.ബി.സി ബൈബിൾ കമ്മീഷൻ ഒരുക്കുന്ന ഈ കലാകൂടാരത്തിന് കീഴിൽ വിശ്വാസം പങ്കുവെച്ചും പ്രാർത്ഥനയിൽ ഐക്യപ്പെട്ടും ആത്മപ്രകാശനസായൂജ്യമടയുവാൻ കേരളത്തിലെ എല്ലാ രൂപതകളിൽ നിന്നുമുള്ള കലാപ്രതിഭകൾക്കും സ്വാഗതം!

**I) പൊതുനിബന്ധനകൾ**

**1. നാടകം, തെരുവുനാടകം, കഥാപ്രസംഗം എന്നീ മത്സരങ്ങൾക്കുള്ള രചനകൾ അംഗീകാരത്തിനായി 2012 നവംബർ 15-നു മുമ്പ് പി.ഒ.സി. യിലെ ബൈബിൾ കമ്മീഷൻ ഓഫീസിൽ ഏൽപ്പിച്ചിരിക്കണം.** ഏതെങ്കിലും രചന അവതരണ യോഗ്യമല്ലെന്നു ജൂറി തീരുമാനിക്കുന്ന പക്ഷം ആ വിവരം 2012 ഡിസംബർ 4 നു മുമ്പ് ബന്ധപ്പെട്ടവരെ അറിയിക്കുന്നതാണ്. പകരം പുതിയ രചനകൾക്ക് ഡിസംബർ 15-നു മുമ്പ് അംഗീകാരം നേടാവുന്നതാണ്. ഒരിക്കൽ ഒരു രചന അംഗീകരിച്ചു കഴിഞ്ഞാൽ അതിനുപകരമായി മറ്റൊന്നു സ്വീകരിക്കുന്നതല്ല. അംഗീകാരം ലഭിച്ചിട്ടില്ലാത്ത രചനകൾ അവതരിപ്പിക്കാൻ അനുവദിക്കുന്നതല്ല.

**2.** ചിത്രരചന ഒഴികെയുള്ള രചനാ മത്സരങ്ങളിൽ ഒരു രൂപതയിൽ നിന്ന് എത്രപേർക്കു വേണമെങ്കിലും പങ്കെടുക്കാം. ചിത്രരചനയ്ക്ക് ജൂനിയറിലും സീനിയറിലുമായി 3 പേർ വീതം ആകെ 6 പേർക്ക് ഒരു രൂപത

യിൽ നിന്നും പങ്കെടുക്കാം. അവതരണ മത്സരങ്ങളിൽ സമൂഹ നൃത്തം, (ജൂനിയർ, സീനിയർ), കഥാപ്രസംഗം (ജൂനിയർ, സീനിയർ), മാർഗ്ഗംകളി, തെരുവുനാടകം എന്നിവയ്ക്ക് ഓരോ ടീം വീതം പങ്കെടുക്കാവുന്നതാണ്. സിംഗിൾ ഡാൻസ്, ബൈബിൾ ക്വിസ് എന്നിവയ്ക്ക് രണ്ടു ടീമുകൾ വീതം പങ്കെടുക്കാവുന്നതാണ്. ലളിതഗാനം (ജൂനിയർ, സീനിയർ), സങ്കീർത്തനാലാപനം (ജൂനിയർ, സീനിയർ), ശാസ്ത്രീയ സംഗീതം (ജൂനിയർ, സീനിയർ), പ്രസംഗം (ജൂനിയർ, സീനിയർ) എന്നിവയിൽ രണ്ടുപേർക്കു വീതം പങ്കെടുക്കാം. സമൂഹനൃത്തം, തെരുവുനാടകം, ഏകാങ്ക നാടകം എന്നിവയ്ക്ക് അഭിനേതാക്കളുടെ എണ്ണത്തിന് പരിധി വച്ചിട്ടില്ല. രംഗത്ത് വരുന്നവർ കത്തോലിക്കർ ആയിരിക്കണം. മത്സരത്തിൽ പങ്കെടുക്കുന്നവർ സംഘാടകസമിതി വിതരണം ചെയ്യുന്ന ബാഡ്ജ് കുത്തിയിരിക്കണം.

**3. ജൂനിയേഴ്സ്:**

**1997 ഡിസംബർ 28 നു ശേഷം ജനിച്ചവർ; സീനിയേഴ്സ്: 1987 ഡിസംബർ 28-നും 1997 ഡിസംബർ 29-നും ഇടയ്ക്ക് ജനിച്ചവർ.** ജൂനിയേഴ്സിന് സീനിയർ വിഭാഗത്തിലോ സീനിയേഴ്സിന് ജൂനിയർ വിഭാഗത്തിലോ മത്സരിക്കാൻ അനുവാദമില്ല. രചനാ മത്സരത്തിന് പ്രായപരിധി നിബന്ധനകളില്ല.

**4. രജിസ്ട്രേഷൻ**

രചനാ മത്സരവിഭാഗങ്ങളിലെ എല്ലാ ഇനങ്ങൾക്കും 50 രൂപ വീതമാണ് രജിസ്ട്രേഷൻ ഫീസ്. രചനകളോടൊപ്പം മണിയോർഡറായി രജിസ്ട്രേഷൻ ഫീസും അയയ്ക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് ലഭിക്കാതെ രചനകൾ സ്വീകരിക്കുന്നതല്ല. അവതരണ മത്സരങ്ങൾക്കുള്ള രജിസ്ട്രേഷൻ നവംബർ 20-ന് മുമ്പ് നടത്തിയിരിക്കണം. **അവതരണ മത്സരങ്ങളിൽ പങ്കെടുക്കുന്നവർ ഇടവക വികാരി ഒപ്പിട്ടതും ഇടവകയുടെ മുദ്രയോടുകൂടിയതുമായ ജനനസർട്ടിഫിക്കറ്റ് രജിസ്ട്രേഷൻ സമയത്ത് ഹാജരാക്കേണ്ടതും മത്സരസമയത്ത് കൈവശം കരുതേണ്ടതുമാണ്.** വിവിധ മത്സരങ്ങളിൽ പങ്കെടുക്കുന്ന കുട്ടികളുടെ പേരു വിവരം കേന്ദ്ര ഓഫീസിൽ നിന്നും വിതരണം ചെയ്യുന്ന ഫോറങ്ങളിലോ അതേ മാതൃകയിലും വലിപ്പത്തിലുമുള്ള ഫോറങ്ങളിലോ തയ്യാറാക്കണം. ലിസ്റ്റിൽ പേരില്ലാത്ത ആരെയും മത്സരത്തിൽ പങ്കെടുപ്പിക്കുന്നതല്ല.

**5. അവതരണ വിഷയം**

**എല്ലാ മത്സര ഇനങ്ങളും ബൈബിൾ പ്രമേയങ്ങളെ അടിസ്ഥാനമാക്കിയുള്ളവയായിരിക്കണം.** ബൈബിൾ ആഭിമുഖ്യമുള്ളതുകൊണ്ടോ ബൈബിൾ ഉദ്ധരണികൾ ചേർത്തതുകൊണ്ടോ മതിയാകുകയില്ല. വിശ്വാസവർഷ പരിഗണന അഭികാമ്യമായിരിക്കും. രചനയിലും അവതരണത്തിലും ആനുകാലിക ആവിഷ്കരണം അനുവദനീയമാണ്.

**6. ഗ്രേഡും മാർക്കുകളും**

മത്സരിക്കുന്നവർക്ക് ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ ഗ്രേഡ് നിശ്ചയിച്ച് പോയിന്റുകൾ കണക്കാക്കുന്നതാണ്. ഗ്രേഡിന്റെ അടിസ്ഥാനത്തിൽ പോയിന്റുകളും മാർക്കിന്റെ അടിസ്ഥാനത്തിൽ സമ്മാനവും നിശ്ചയിക്കും.

| Grade | Marks | Group | Single |
|---|---|---|---|
| A | 70-90 | 10 Points | 5 Points |
| B | 60-69 | 10 Points | 5 Points |
| C | 50-59 | 5 Points | 2 Points |
| D | 40-49 | 3 Points | 1 Point |
| E | Below 39 | 0 | 0 |

ഓരോ ഇനത്തിലും ഒന്നാം സ്ഥാനക്കാർക്ക് ട്രോഫിയും ക്യാഷ് അവാർഡും സർട്ടിഫിക്കറ്റുകളും രണ്ട്, മൂന്ന് സ്ഥാനക്കാർക്ക് ക്യാഷ് അവാർഡും സർട്ടിഫിക്കറ്റുകളും എ ഗ്രേഡ് ലഭിക്കുന്നവർക്ക് സർട്ടിഫിക്കറ്റുകൾ മാത്രവും നൽകുന്നതാണ്. പോയിന്റ് അടിസ്ഥാനത്തിലായിരിക്കും ഓവറോൾ ചാമ്പ്യൻഷിപ്പ് നിശ്ചയിക്കുക. ഏറ്റവും കൂടുതൽ പോയിന്റുകളോടെ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്ന രൂപതകൾക്ക് എവറോളിംഗ് ട്രോഫികൾ നൽകുന്നതാണ്. രചനാമത്സര ഇനങ്ങളിൽ പെയിന്റിംഗിന് മാത്രമേ പോയിന്റ് ലഭിക്കുകയുള്ളൂ.

**7. അവതരണങ്ങളുടെ ക്രമം**

2012 ഡിസംബർ 18 ന് 11 മണിക്ക് പി.ഒ.സി. യിൽ വച്ചു നറുക്കെടുപ്പു നടത്തി നിശ്ചയിക്കുന്നതും നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതുമാണ്. രൂപതാ ഡയറക്ടർക്കോ അദ്ദേഹത്തിന്റെ പ്രതിനിധിക്കോ നറുക്കെടുപ്പിൽ പങ്കെടുക്കാം. മത്സരവേളകളിൽ ആദ്യന്തം ഓരോ രൂപതയുടെയും ഡയറക്ടറോ അദ്ദേഹം നിശ്ചയിക്കുന്ന ടീം മാനേജരോ മത്സരസ്ഥലത്ത് ഉണ്ടായിരിക്കണം.

**8. മത്സരത്തെക്കുറിച്ചുള്ള പരാതികൾ**

പരാതികൾ മത്സരം അവസാനിച്ചു 15 മിനിറ്റിനുള്ളിൽ രേഖാമൂലം രൂപതാ ഡയറക്ടറോ അദ്ദേഹത്തിന്റെ പ്രതിനിധിയോ ജൂറി ഓഫ് അപ്പീലിന് 250 രൂപ ഫീസോടുകൂടി ഏല്പ്പിക്കേണ്ടതാണ്.

**9 യാത്രാബത്ത**

കലോത്സവത്തിൽ എല്ലാ രൂപതകളേയും പങ്കെടുപ്പിക്കുന്നതിനായി കലാമത്സരങ്ങളിൽ പങ്കെടുക്കുന്നവർക്ക് (രംഗത്തുവരുന്നവർക്കു മാത്രം) യാത്രാബത്ത നൽകുന്നതാണ്. കഥാപ്രസംഗത്തിന് കഥ പറയുന്നയാളിനും രണ്ടു പിന്നണിക്കാർക്കും മാത്രമേ യാത്രാബത്ത നൽകുകയുള്ളൂ. തെരുവുനാടകത്തിനും ഏകാങ്കനാടകത്തിനും രംഗത്തു വരുന്നവരിൽ പരമാവധി 10 പേർക്ക് മാത്രമേ യാത്രാബത്ത നൽകുകയുള്ളൂ.

**10. ഭക്ഷണം**

കലോത്സവത്തിൽ പങ്കെടുക്കുന്നവർക്കും സഹായികൾക്കും ഭക്ഷണം ലഭിക്കുന്നതാണ്. എത്ര പേർക്ക് ഭക്ഷണം വേണ്ടിവരുമെന്ന് രൂപതാ ബൈബിൾ ഡയറക്ടർമാർ 2012 ഡിസംബർ 18 നു മുമ്പ് പി.ഒ.സി. യിലെ ബൈബിൾ കമ്മീഷൻ സെക്രട്ടറിയെ അറിയിക്കേണ്ടതാണ്. ഈ തീയതിക്കകം അറിയിക്കാത്തവർക്ക് ഭക്ഷണം ലഭിക്കുന്നതല്ല. ഭക്ഷണത്തിനുള്ള ഫീസ് മത്സരദിനത്തിൽ കൂപ്പൺ നൽകുമ്പോൾ കൗണ്ടറിൽ ഏൽപ്പിച്ചാൽ മതിയാകും.

**11. താമസസൗകര്യം**

കലോത്സവ ദിനങ്ങളിൽ താമസസൗകര്യം ആവശ്യമുള്ളവർ രൂപതാ ഡയറക്ടർ വഴി ബൈബിൾ കമ്മീഷൻ സെക്രട്ടറിയുമായി ബന്ധപ്പെടേണ്ട താണ്.

## II) പ്രത്യേക നിബന്ധനകൾ

### a) രചനാ മത്സരങ്ങൾ

**1.** മത്സരത്തിന് അയയ്ക്കുന്ന കൃതികൾ സ്വന്തവും സ്വതന്ത്രവുമായി രിക്കണം. അനുകരണമോ വിവർത്തനമോ മുമ്പ് പ്രസിദ്ധീകരിച്ചിട്ടുള്ളതോ പ്രസിദ്ധീകരണത്തിന് എവിടെയെങ്കിലും ഏൽപ്പിച്ചിട്ടുള്ളതോ ആയിരിക്ക രുത്.

**2.** രചനകളിൽ പേരോ വിലാസമോ എഴുതരുത്. പേരും വിലാസവും രൂപതയുടെ പേരും മറ്റൊരു കടലാസിലെഴുതി പിൻ ചെയ്തിരിക്കണം.

**3.** കടലാസിന്റെ ഒരു വശത്ത് മാത്രമേ എഴുതാവൂ. ചെറുകഥ 6 പേജുകളിലും ലേഖനം 10 പേജുകളിലും കവിത 60 വരികളിലും കവിയരു ത്. ഏകാങ്കനാടകം 30 മിനിറ്റുകൊണ്ട് അവതരിപ്പിക്കാവുന്നതായിരിക്കണം.

**4.** രചനകൾ അയയ്ക്കുന്ന കവറിൽ 'ബൈബിൾ കലോത്സവം 2012' എന്ന് എഴുതിയിരിക്കണം.

**5.** മത്സരത്തിനയ്ക്കുന്ന കൃതികൾ തിരിച്ചുനൽകുന്നതല്ല. കോപ്പി കൾ ആവശ്യമുള്ളവർ മത്സരത്തിനയയ്ക്കുന്നതിനുമുമ്പ് വേറെ കോപ്പി കരു തേണ്ടതാണ്. രചനകൾ രജിസ്ട്രേഷൻ ഫീസോടൊപ്പം സെക്രട്ടറി, ബൈബിൾ കമ്മീഷൻ, പി.ഒ.സി., പി.ബി. നമ്പർ 2251, കൊച്ചി - 682 025 എന്ന വിലാസത്തിൽ 2012 നവംബർ 30 നു മുമ്പ് ലഭിക്കത്തക്കവിധത്തിൽ അയയ്ക്കേണ്ടതാണ്. **ഈ തീയതിക്കുശേഷം ലഭിക്കുന്ന കൃതികൾ സ്വീകരിക്കുന്നതല്ല.**

**6.** സമ്മാനാർഹമാകുന്ന കൃതികൾ ആദ്യം പ്രസിദ്ധീകരിക്കുവാനുള്ള അവകാശം കെ.സി.ബി.സി. ബൈബിൾ കമ്മീഷനായിരിക്കും.

**7.** വിദഗ്ധരുടെ ഒരു സമിതിയായിരിക്കും രചനകൾ പരിശോധിക്കു ന്നതും വിജയികളെ നിശ്ചയിക്കുന്നതും. സമിതിയുടെ തീരുമാനം അന്തിമ മായിരിക്കും.

**8.** ലേഖന മത്സരം മൂന്നു ഗ്രൂപ്പുകൾക്കായിട്ടാണ് നടത്തപ്പെടുക.
ഗ്രൂപ്പ് നമ്പർ 1: അല്മായർ
വിഷയം: **"രണ്ടാം വത്തിക്കാൻ കൗൺസിലും ബൈബിൾ പ്രതിപ ത്തിയും"**
ഗ്രൂപ്പു നമ്പർ 2: സെമിനാരി വിദ്യാർത്ഥികൾ
വിഷയം: **"ബൈബിളും വിശ്വാസവർഷവും"**
ഗ്രൂപ്പു നമ്പർ 3: സന്യാസിനികൾ
വിഷയം: **"ബൈബിൾ വിജ്ഞാനീയവും സന്യസ്തരും"**

**9.** അവതരണ മത്സരങ്ങളോടൊപ്പമായിരിക്കും പെയിന്റിംഗ് മത്സരവും നടത്തുന്നത്. മത്സര സമയത്ത് ബൈബിളിൽ നിന്നും നൽകുന്ന വിഷയ ത്തിനനുസരിച്ചായിരിക്കണം പെയിന്റിംഗ് നടത്തേണ്ടത്. അതിനാവശ്യമായ എല്ലാ ഉപകരണങ്ങളും പങ്കെടുക്കുന്നവർ കൊണ്ടുവരേണ്ടതാണ്. പേപ്പർ

സംഘാടകർ നൽകുന്നതാണ്. മത്സരത്തിനു വാട്ടർ കളറാണ് ഉപയോഗി ക്കേണ്ടത്. ജൂനിയർ-സീനിയർ തരം തിരിവുണ്ടായിരിക്കും. മത്സരത്തിന്റെ സമയം 2 മണിക്കൂർ ആയിരിക്കും.

**b) അവതരണ മത്സരങ്ങൾ**

**1. ലളിതഗാനം**

സമയം 5 മിനിറ്റ്. മത്സരം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെയായിരിക്കും.

**2. ശാസ്ത്രീയ സംഗീതം**

പാടുന്നതിന് ബൈബിൾ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന ആധികാരിക കൃതിയോ മൗലിക കൃതിയോ ഉപയോഗിക്കാം. കീർത്തനങ്ങളോ, വർണ്ണങ്ങളോ ആകാം. സമയം 7 മിനിറ്റ്.

**3. പ്രസംഗം**

പ്രസംഗത്തിന് 5 മിനിറ്റ് മുമ്പായിരിക്കും വിഷയം നൽകുന്നത്. സമയം 5 മിനിറ്റ്.

**4. കഥാപ്രസംഗം**

സമയം 15 മിനിറ്റ്. പിന്നണിയിൽ എത്ര പേർക്കു വേണമെങ്കിലും സഹായിക്കാം. പിന്നണിയിൽ ഉള്ളവർ ഏറ്റുപാടുന്നതും അനുവദനീയമാണ്. സംഗീതോപകരണങ്ങൾ ഉപയോഗിക്കുന്നതിൽ പ്രത്യേക നിയന്ത്രണമില്ല.

**5. ബൈബിൾ ക്വിസ്**

രണ്ടുപേർ വീതമുള്ള ടീമുകളാണ് മത്സരത്തിൽ പങ്കെടുക്കേണ്ടത്. എല്ലാവരോടും എല്ലാ ചോദ്യങ്ങളും ചോദിച്ച് എഴുതിക്കുന്ന മാർഗ്ഗം അവലംബിച്ച് ആകെയുള്ള ടീമിൽ നിന്ന് അഞ്ചു ടീമുകളെ തിരഞ്ഞെടുക്കും. അവരിൽ നിന്ന് ദൃശ്യശ്രാവ്യ മാധ്യമങ്ങൾ ഉൾപ്പെടെയുള്ള വിവിധ ചോദ്യോത്തര മാർഗ്ഗങ്ങളുപയോഗിച്ചായിരിക്കും വിജയികളെ കണ്ടെത്തുക.

ജൂനിയേഴ്സ് - സീനിയേഴ്സ് വിഷയം:

1. പുറപ്പാട് 2. മർക്കോസ് 3. കൊളോസോസ്

**6. ഡാൻസ്**

സിംഗിൾ ഡാൻസ് (ജൂനിയർ, സീനിയർ) 7 മിനിറ്റും, സമൂഹനൃത്തം (ജൂനിയർ, സീനിയർ) 10 മിനിറ്റുമാണ്. പിന്നണിയിൽ കാസറ്റു സംഗീതം മാത്രമേ അനുവദനീയമായിട്ടുള്ളൂ. ടേപ്പ് റെക്കോർഡർ ഓരോരുത്തരും കൊണ്ടുവരേണ്ടതാണ്.

**7. സങ്കീർത്തനാലാപനം**

സമയം 5 മിനിറ്റ്. പി.ഒ.സി. ബൈബിൾ ആണ് ആലാപനത്തിനുപയോഗിക്കേണ്ടത്. ടെക്സ്റ്റിൽ മാറ്റം വരുത്തരുത്. വരികൾ ആവർത്തിക്കുന്നതിൽ കുഴപ്പം ഇല്ല. ഉച്ചാരണം, ഭാവം, താളം, ലയം എന്നിവ വിലയിരുത്തപ്പെടും. ജൂനിയർ, സീനിയർ തരം തിരിവുണ്ടായിരിക്കും.

**8. തെരുവുനാടകം**

1. ബൈബിൾ പ്രമേയങ്ങളായിരിക്കണം അവതരിപ്പിക്കുന്നത്.
2. സമയം 20 മിനിറ്റായിരിക്കും.

3. വസ്ത്രചമയങ്ങളാകാം. എന്നാൽ കളർ ചായങ്ങളുപയോഗിച്ചുള്ള മേക്കപ്പ് പാടില്ല.

**9. മാർഗ്ഗംകളി**

അവതരണത്തിന് അനുവദിച്ചിട്ടുള്ള സമയം 10 മിനിറ്റാണ്. ഏഴുപേരെ പങ്കെടുക്കാവൂ. കുഴിത്താളം (ചെറിയ ഇലത്താളം) ഉപയോഗിക്കാവുന്നതാണ്.

**10. നാടകം**

1. അവതരണസമയം 20 മിനിറ്റിൽ കുറയാനും 30 മിനിറ്റിൽ കവിയാനും പാടില്ല. സ്റ്റേജു സജ്ജീകരണത്തിന് ഒരു നാടകം അവസാനിച്ച് 5 മിനിറ്റു കഴിഞ്ഞ് 10 മിനിറ്റ് സമയം ലഭിക്കുന്നതാണ്. നാടകം കഴിഞ്ഞ് 5 മിനിറ്റിനുള്ളിൽ സ്റ്റേജ് സ്വതന്ത്രമാക്കി കൊടുക്കേണ്ടതാണ്. സ്റ്റേജ് സജ്ജീകരണത്തിനുള്ള സമയത്തിനുശേഷമേ നാടകം ആരംഭിക്കാവൂ.

2. സ്റ്റേജിൽ ബാക്ക് കർട്ടൻ, ഫ്രണ്ട് കർട്ടൻ, രണ്ടു ഫുട്ട് ലൈറ്റ്, മൈക്ക് എന്നിവ ലഭിക്കുന്നതാണ്.

**സമ്മാനദാനം**

മത്സരഫലങ്ങൾ മത്സരദിവസങ്ങളിൽ തന്നെ പ്രഖ്യാപിക്കുന്നതും കലോത്സവസമ്മാനങ്ങൾ 2012 ഡിസംബർ 30 ന് 5 മണിക്കു നടക്കുന്ന സമ്മേളനത്തിൽ വച്ച് ബൈബിൾ കമ്മീഷൻ ചെയർമാൻ ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിൽ വിതരണം ചെയ്യുന്നതുമാണ്. എല്ലാ രൂപതകളിൽ നിന്നും സജീവമായ സഹകരണം പ്രതീക്ഷിക്കുന്നു.

**റവ. ഡോ. ജോഷി മയ്യാറ്റിൽ**
സെക്രട്ടറി, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ
പി.ഒ.സി., പി.ബി. നമ്പർ 2251,
പാലാരിവട്ടം, കൊച്ചി - 682 025,
ഫോൺ : 0484 2805897, 2805722



# Programme

## Pastoral Centre, Dwaraka

**May 2012**

| | |
|---|---|
| 02 W | Diocesan Day Preparations |
| 03 T | Diocesan Day |
| 04 F | Zion CRC: Night Vigil |
| 05 S | Zion CRC: Prayer Day, Christeen Prayer Day |
| 05 S-12 | CML |
| 11 F | Family Team Meeting; CWC; CMA; Marian Singles |
| 12 S | Jesus Youth Prayer Day; KCYM: Secretariat & Syndicate |
| 12S-13S | SSVP |
| 16 W- 19 S | Marriage Preparation Course |
| 20S | Catechism: Team Meeting |
| 26S | HM PP Conference |
| 27 S-30 W | Marriage Preparation Course |

**Rev. Fr. Mathew Kazhuthadiyil**
Director, Pastoral Centre



# Bishop's Programme

## May 2012

| | |
|---|---|
| 01 Tue ............. | Engaged |
| 02 Wed 08 Tue | Visit of the Major Archbishop |
| 10 Thu ............ | Minor Seminary : Interview |
| 11 Fri ............ | Out of Station |
| 12 Sat ............ | Yavanarkulam : First Communion & Confirmation |
| 13 Sun ............ | Palemad : First Communion & Confirmation |
| 14 Mon ........... | Out of Station |
| 16 Wed ........... | Visitors' Day |
| 18 Fri 21 Mon ... | Ernakulam : KLM Meeting |
| 22 Tue ............ | Engaged |
| 23 Wed ............ | Vincentgiri : Profession |
| 24 Thu 27 Sun .. | Delhi : Inauguration of the Diocese of Faridabad and the Episcopal Ordination of Mar Kuriakose Bharanikulangara |
| 28 Mon 29 Tue .. | Out of Station |
| 30 Wed ........... | Engaged |
| 31 Thu .......... | Camillus Seminary : Diaconate |

## June 2012

| | |
|---|---|
| 01 Fri ............. | Out of Station |
| 03 Sun ............. | Muthireri : First Communion & Confirmation |
| 04 Mon ............ | Kallody : School Blessing |
| 05 Tue - 08 Fri | Ernakulam : KCBC Meeting |
| 09 Sat 11 Mon .. | Delhi |
| 13 Wed ............. | Visitors' Day |
| 14 Thu .............. | Engaged |
| 29 Fri July 1 Sun | Mount St. Thomas |